2025 OCTOBER 5

emalayalee.com

# The Weekly

WEEKLY NEWSPAPER

Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## India Press Club of North America

# ഇൻഡ്യ പ്രസ് ക്ലബ് സമ്മേളനത്തിന് വ്യാഴാഴ്ച തിരി തെളിയുന്നു

At SHERATON
Edison, New Jersey




11th INTERNATIONAL MEDIA CONFERENCE & AWARD NIGHT






## വെരി റവ.പൗലോസ് ആദായി കോർ – എപ്പിസ്ക്കോപ്പാ പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ


MALABAR
GOLD & DIAMONDS
Malabar
with you in all your
Celebrations
FREE
CASH
VOUCHERS
On Every Purchase of Diamond
& Precious Gem Jewellery*
*Offer valid until 20th October 2025
*Terms & Conditions apply.

# മാധ്യമ ലോകത്തെ വേറിട്ട ശബ്ദമായി ഇൻഡ്യ പ്രസ് ക്ലബ്

ജോർജ് തുമ്പയിൽ

ജനാധിപത്യത്തിന് പ്രബുദ്ധത പകരുന്ന മൂർച്ചയേറിയ ആയുധം എന്നാണ് മാധ്യമങ്ങൾ പൊതുവെ വിശേഷിപ്പിക്കപ്പെടുന്നത്. എക്കാലത്തും മാധ്യമങ്ങൾ അങ്ങനെ തന്നെ ആയിരുന്നു. പ്രിന്റ് മീഡിയയുടെ കാലത്ത് നിന്ന് നവ മാധ്യമങ്ങളുടെ കാലത്ത് എത്തുമ്പോൾ വാർത്താ വിനിമയ സാധ്യതകൾക്ക് കൂടിയ വേഗവും സാധ്യതകളും കൈവന്നിരിക്കുന്നു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കൂടി വരവോടെ മാധ്യമരംഗത്ത് വിപ്ലവകരമായ മുന്നേറ്റമാണ് ദൃശ്യമാകുന്നത്. അമേരിക്കയിലെ മലയാള റ്റി.വി., മാധ്യമരംഗവും ഇന്ന് വൻ കുതിപ്പിന്റെ പാതയിലാണ്.

അമേരിക്കയിലെ മാധ്യമരംഗത്ത് വേറിട്ട ശബ്ദമായി ഉയർന്നു കേൾക്കുന്ന പേരാണ് ഇൻഡ്യ പ്രസ് ക്ലബിന്റേത്. അമേരിക്കയിലെ മാധ്യമങ്ങളെ ഒരു കുടക്കീഴിലാക്കി മുന്നേറ്റം തുടരുകയാണ്, ഇൻഡ്യ പ്രസ്സ് ക്ലബ്.




അമേരിക്കൻ മലയാളികൾക്കിടയിൽ മാത്രമല്ല ഇന്ന് നാട്ടിലെ പത്ര പ്രവർത്തന മേഖലകളിൽ പോലും മോഹിപ്പിക്കുന്ന പേരായി കടന്നുചെന്നിരിക്കുന്നു ഇൻഡ്യ പ്രസ്സ് ക്ലബ് എന്ന ഐ പി സി എൻ എ.

അമേരിക്കയുടെയും കാനഡയുടെയും വിവിധ നഗരങ്ങളിൽ ചാപ്റ്ററുകൾ സ്ഥാപിച്ച് മുന്നേറുകയാണ് ഐ പി സി എൻ എ. അമേരിക്കൻ ഭൂമികയിലും

**കടന്നുവന്ന വഴികളിൽ തുടക്കം മുതൽ ഇന്നു വരെയും ഐ പി സി എൻ എയെ നയിച്ച സാരഥികളും അതാതു കാലത്തെ ഭരണസമിതികളും തോളോട് തോൾ ചേർന്ന് മുന്നോട്ട് പോയതുകൊണ്ടാണ് ഇന്ന് നാട്ടിൽ പോലും പേരെടുക്കുന്ന വിധത്തിൽ ഐ പി സി എൻ എ വളർന്നു പടർന്നത്.**

മലയാള സംസ്കാരം ഉയർത്തിപ്പിടിക്കാനും നാടിൻറെ ഹൃദയ തുടിപ്പുകൾ പങ്കുവയ്ക്കാനും ഒപ്പം തന്നെ, ഇവിടെയുള്ള മലയാളി സമൂഹത്തിന്റെ അഭിമാനാർഹമായ മുന്നേറ്റങ്ങളെയും ഒരു പ്രവാസി സമൂഹമെന്ന നിലയിൽ അവർ നേരിടുന്ന വിഹ്വലതകളെയുമൊക്കെ മനസിലാക്കുന്നതിനും പരിഹാരം കാണുന്നതിനും ഐ പി സി എൻ എ ശ്രമിക്കുന്നു.

അമേരിക്കയിലെങ്ങുമായി ചിതറിക്കിടന്ന മാധ്യമ പ്രവർത്തകർ ഇന്ന് ഐ പി സി എൻ എ.യുടെ കുടക്കീഴിൽ തികഞ്ഞ ആത്മവിശ്വാസത്തിലുമാണ്.

ഐ പി സി എൻ എ നടത്തിയ ദേശീയ മാധ്യമ സമ്മേളനങ്ങൾ സംഘാടന മികവുകൊണ്ടും നാട്ടിൽ നിന്നുള്ള പ്രമുഖരുടെ പങ്കാളിത്തം കൊണ്ടും വേറിട്ട പരിപാടികൾ കൊണ്ടും മുൻപേ ശ്രദ്ധിക്കപ്പെട്ടതാണ്.

അച്ചടി മാധ്യമരംഗം പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുന്ന സ്ഥിതിയാണ് ലോകമെങ്ങുമുള്ളത്. വിവരസാങ്കേതിക മേഖലയിലെ വിപ്ലവകരമായ മാറ്റങ്ങൾ പരമ്പരാഗത പത്ര വ്യവസായ രംഗത്തിന്റെ നിലനിൽപിന് ഭീഷണിയാകുമ്പോൾ പല പത്രങ്ങളും ഡിജിറ്റൽ രൂപത്തിലേക്ക് പറിച്ചു നട്ട് പിടിച്ചു നില്ക്കാൻ പാടുപെടുകയാണ്. അമേരിക്കയിൽ തന്നെ എത്രയോ പത്രമാധ്യമങ്ങൾ അകാലത്തിൽ നിന്നു പോയി.

മാധ്യമപ്രവർത്തനത്തിന്റെ മൂല്യവും ധാർമികതയും ഉയർത്തിപ്പിടിക്കാൻ പലപ്പോഴും ഇന്നത്തെ പത്രപ്രവർത്തനത്തിനും മാധ്യമ പ്രവർത്തകർക്കും കഴിയുന്നുണ്ടോ എന്ന ചോദ്യവും നിലനിൽക്കുന്നു.

ഇന്നത്തെ കാലത്ത് എഴുതാനും പ്രതികരിക്കാനുമറിയുന്ന ഓരോ വ്യക്തിയ്ക്കും സ്വന്തം നിലയ്ക്ക് മാധ്യമപ്രവർത്തനം സാധ്യമാകുന്ന സാഹചര്യമാണുള്ളത്. രാഷ്ട്രീയത്തിലെ അഴിമതിയ്ക്കും സമൂഹത്തെ ഗ്രസിക്കുന്ന ജീർണതകൾക്കുമെതിരെ ജനം തന്നെ സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും പ്രതികരിക്കുന്നു. ജെൻ സീ വിപ്ലവങ്ങളിലൂടെ സർക്കാരുകൾ തന്നെ അട്ടിമറിക്കപ്പെടുന്ന കാലമാണിത്. അതുകൊണ്ടുതന്നെ ജനാധിപത്യ സംവിധാനത്തിൽ മാധ്യമങ്ങൾ സർക്കാരുകളുടെ വക്താക്കളല്ല എന്ന കാര്യം മാധ്യമപ്രവർത്തകരും മറക്കരുത്. മുഖ്യധാരാ മാധ്യമങ്ങൾ സർക്കാരുകളുടെ സ്തുതിപാഠകരായി മാറുന്ന സാഹചര്യം ജനാധിപത്യത്തിന്റെ അപചയത്തിലേക്കാണ് വിരൽ ചൂണ്ടുക എന്ന കാര്യവും പ്രസക്തമാണ്.


കടന്നുവന്ന വഴികളിൽ തുടക്കം മുതൽ ഇന്നു വരെയും ഐ പി സി എൻ എയെ നയിച്ച സാരഥികളും അതാതു കാലത്തെ ഭരണസമിതികളും തോളോട് തോൾ ചേർന്ന് മുന്നോട്ട് പോയതുകൊണ്ടാണ് ഇന്ന് നാട്ടിൽ പോലും പേരെടുക്കുന്ന വിധത്തിൽ ഐ പി സി എൻ എ വളർന്നു പടർന്നത്. നേതൃ മികവിന്റെ മികച്ച മാതൃകകളായിരുന്നു ഓരോ ഭരണസമിതിയും എന്ന് എടുത്തു പറയേണ്ടിയിരിക്കുന്നു.

മാധ്യമസംസ്കാരത്തിന്റെ മാറുന്ന വഴികളിൽ പ്രബുദ്ധതയുടെ ഉണർത്തുപാട്ടാവാൻ, കറ പുരളാത്ത മാധ്യമ സംസ്കാരത്തിന്റെ ജിഹ്വയായി എക്കാലവും നിലകൊള്ളുവാൻ ഐ പി സി എൻ എയ്ക്കും ന്യൂ ജേഴ്സി സമ്മേളനത്തിനും ഇവിടുത്തെ മാധ്യമ സമൂഹത്തിനും ആശംസകൾ.




India Press Club of North America
IPCNA
India Press Club of North America
SHERATON
11th
INTERNATIONAL
MEDIA
CONFERENCE
2025
'The largest bulb on the planet - located in Edison, NJ'
OCTOBER 09 10 11
At SHERATON, Edison, New Jersey
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Raju Pallath President Elect 2026-27
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
India Press Club of North America
www.indiapressclub.org | indiapressclubofna@gmail.com
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374

# വെരി റവ.പൗലോസ് ആദായി കോർ–എപ്പിസ്ക്കോപ്പാ പൗരോഹിത്യ സുവർണ്ണ ജൂബിലി നിറവിൽ



**രാജു മൈലപ്രാ**

ഒരു പുരോഹിതന്റെ ജീവിതത്തിലെ അനുഗ്രഹപ്രദമായ ഒരു മംഗള മുഹൂർത്തമാണ്, തന്റെ വൈദീക വൃത്തിയിൽ അരനൂറ്റാണ്ട് തികയുന്ന സന്ദർഭം.

ഓരോ വൈദീകന്റേയും ജീവിതം ഒരു ദൈവ നിയോഗമാണ്. ദൈവം തെളിയിച്ച പാതയിലൂടെ സഞ്ചരിച്ച്, സഭയേയും, സമൂഹത്തേയും, അർപ്പണബോധത്തോടു കൂടി ആത്മാർത്ഥമായി സേവിച്ചതിന്റെ സാക്ഷി പത്രമാണ് ഈ സുവർണ്ണ ജൂബിലി.

തന്റെ ആത്മീയ ജീവിതത്തിൽ അത്തരമൊരു നാഴികക്കല്ല് പിന്നിടുകയാണ് വെരി റവ.പൗലോസ് ആദായി കോർ-എപ്പിസ്ക്കോപ്പാ.

ദൈവീക പാരമ്പര്യം പേറുന്ന മഹത്തായ ഒരു പുരാതന കുടുംബത്തിലാണ് അച്ചന്റെ ജനനം.

മലങ്കര ഓർത്തഡോക്സ് അങ്കമാലി ഭദ്രാസനത്തിലുൾപ്പെട്ട, കടാതി സെന്റ് പീറ്റേഴ്സ് അങ്കമാലി ഭദ്രാസനത്തിലുൾപ്പെട്ട, കടാതി സെന്റ് പീറ്റേഴ്സ് ആൻഡ് സെന്റ്അ പോൾസ് ഇടവകാംഗമായ, ഊന്നുകൽ തോലാനികുന്നേൽ കുടുംബത്തിലെ ആദരണീയനായ റ്റി.ജെ. ആദായി അച്ചന്റേയും, ശ്രീമതി മറിയാമ്മ ആദായിയുടേയും മകനായി 1947 ഒക്ടോബർ മാസം ഒന്നാം തീയതിയായിരുന്നു ബഹുമാനപ്പെട്ട അച്ചന്റെ ജനനം.

മാതാപിതാക്കളുടേയും, ഗുരുജനങ്ങളുടേയും ശിക്ഷണത്തിൽ, അവരുടെ ഉപദേശങ്ങൾ സ്വീകരിച്ച്, എല്ലാവർക്കും പ്രിയങ്കരനായി വളർന്ന ബാലന്റെ പ്രാഥമിക വിദ്യാഭ്യാസം ലിറ്റിൽ ഫ്ളവർ എൽ.പി.സ്ക്കൂൾ ഊന്നുകല്ലിലും, തുടർന്ന് പത്തനാപുരം സെന്റ് സ്ററീഫൻസ് ഹൈസ്ക്കൂളിലുമായിരുന്നു.

കോതമംഗലം മാർ അത്താനേഷ്യസ് കോളേജിലെ പഠനം പൂർത്തിയാക്കിയ ശേഷം, കോട്ടയം ഓർത്തഡോക്സ് വൈദീക

സെമിനാരിയിൽ നിന്നും വൈദീക പരിശീലന വിദ്യാഭ്യാസം പൂർത്തിയാക്കി.

തുടർന്ന്, 1966 ജൂൺ 29–ാം തീയതി വലിയപറമ്പിൽ അഭിവന്ദ്യ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്നും ശെമ്മാശപട്ടം സ്വീകരിച്ചു.

അങ്ങിനെ തലമുറ തലമുറകളിലായി കൈമാറി വന്ന ആത്മീയ ദീപം, ബഹുമാനപ്പെട്ട ആദായി അച്ചന്റെ ഭദ്രമായ കൈകളിൽ എത്തിച്ചേർന്നു. പാവനമായ ആ പാരമ്പര്യം ഇന്നും കെടാവിളക്കായി അച്ചൻ തന്റെ ഹൃദയത്തോടു ചേർത്തു പിടിക്കുന്നു.

1975 സെപ്റ്റംബർ 29–ാം തീയതി മാർ തിയോഫിലീസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മീകത്വത്തിൽ വിവാഹിതനായ ആദായി അച്ചന്റെ സഹധർമ്മിണി, തിരുവല്ല മുത്തൂർ കണക്കാട്ട് കുടുംബത്തിൽ കെ.സി. ഫിലിപ്പിന്റേയും അന്നമ്മ ഫിലിപ്പിന്റേയും മകളായ മേരി ഫിലിപ്പാണ്. അച്ചന്റെ എല്ലാ പ്രവർത്തനങ്ങൾക്കും, അദ്ദേഹത്തിന്റെ സഹധർമ്മിണി താങ്ങും തണലുമായി ഒപ്പമുണ്ട്.

തന്റെ ആത്മീയ ജീവിതത്തിലെ ഏറ്റവും സുപ്രധാനമായ കശ്ശീശാ പട്ടം, 1975 ഒക്ടോബർ 9–ാം തീയതി 28–ാമത്തെ വയസ്സിൽ, അഭിവന്ദ്യ ഡോ.ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായിൽ നിന്നും സ്വീകരിച്ചു.

ഏറ്റെടുക്കുന്ന ഏതു ചുമതലയും ഉത്തരവാദിത്വത്തോടെ, സത്യസന്ധമായി, സമയബന്ധിതമായി, നിർവഹിക്കണമെന്ന് നിർബന്ധമുള്ള ബഹുമാനപ്പെട്ട ആദായി അച്ചൻ പൗരോഹിത്യ പദവി ലഭിച്ച ശേഷം ഓർത്തഡോക്സ് സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



1967 മുതൽ 1988 വരെ അഭിവന്ദ്യ മാർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ സെക്രട്ടറി, അങ്കമാലി ഭദ്രാസന മുഖപത്രമായ 'സഭാ ചന്ദ്രിക' ഓഫീസ് മാനേജർ, 1975–77 കാലഘട്ടത്തിൽ കുമളി ചക്കുപണം സെന്റ് തോമസ് ഇടവക വികാരി, തുടർന്ന് 1977–ൽ ബോംബെ ചെമ്പൂർ സെന്റ് ഗ്രിഗോറിയോസ് ഇടവക വികാരി, 1978–86 വരെ ദാദർ സെന്റ് മേരീസ് പള്ളി അസിസ്റ്റന്റ് വികാരി, തുടർന്ന് 1986–1988 വരെ അതേ പള്ളിയുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

1988–ലാണു ബഹുമാനപ്പെട്ട ആദായി അച്ചൻ കുടുംബസമേതം അമേരിക്കയിലെത്തുന്നത്.

അമേരിക്കൻ ഭദ്രാസനാധിപനായിരുന്ന ആദരണീയനും, ഗുരുശ്രേഷ്ഠനുമായ അഭിവന്ദ്യ മാത്യൂസ് മാർ ബർണബസ് തിരുമേനിയോടൊപ്പം, ഭദ്രാസന സെക്രട്ടറിയായി ഏഴു വർഷവും, വനിതാ സമാജം വൈസ് പ്രസിഡന്റായി ഒരു ദശാബ്ദക്കാലവും ബഹുമാനപ്പെട്ട ആദായി അച്ചൻ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു.

ഇടുക്കി, ബോംബെ, അമേരിക്ക എന്നീ സ്ഥലങ്ങളിൽ 25 വർഷവും, അമേരിക്കൻ ഭദ്രാസന സെക്രട്ടറിയായി ഏഴു വർഷവും നൽകിയ മാതൃകാപരമായ സേവനങ്ങൾക്കുള്ള അംഗീകാരമായി, 2000–ാം മാണ്ട് സെപ്റ്റംബർ 30നു ശനിയാഴ്ച, അമേരിക്കൻ ഭദ്രാസനത്തിൽപ്പെട്ട സ്റ്റാറ്റൻ ഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ദേവാലയത്തിൽ വെച്ച്, ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ ബർണാബസ് തിരുമേനി സഭയുടെ ഉന്നതവും, ശ്രേഷ്ഠവുമായ കോർ എപ്പിസ്ക്കോപ്പാ പദവി നൽകി ബഹുമാനപ്പെട്ട ആദായി അച്ചനെ ആദരിച്ചു.

ഇടവക ജനങ്ങളുടെ ക്രിയാത്മകമായ അഭിപ്രായങ്ങൾക്കും, നിർദ്ദേശങ്ങൾക്കും അച്ചൻ അർഹിക്കുന്ന പ്രാധാന്യം നൽകാറുണ്ട്. അവരുടെ ചെറുതും വലുതുമായ എല്ലാ ആത്മീയ കാര്യങ്ങളിലും അദ്ദേഹത്തിന്റെ സജീവ സാന്നിദ്ധ്യമുണ്ട്.

ഓർത്തഡോക്സ് സഭയോടും, ഭദ്രാസനത്തോടുമുള്ള കൂറും വിശ്വാസവും എക്കാലവും പുലർത്തുന്ന ബഹുമാനപ്പെട്ട ആദായി അച്ചൻ, മറ്റു സഹോദരീ സഭകളോടും, സാമുദായിക സംഘടന



റാണി-മക്കൾ: മിറിയം, മീഖായേൻ, മെറീസാ); മകൾ കെസി ആദായി (ഭർത്താവ്: റവ.ഫാ. ജോർജ് ചെറിയാൻ- മക്കൾ: എസ്തേർ, ഏലിശുബാ, എപ്രേം) എന്നിവരുടെ സാന്നിദ്ധ്യത്തിലും, സാമീപ്യത്തിലും ബഹുമാനപ്പെട്ട ആദായി അച്ചനും, ശ്രീമതി മേരി ആദായി കൊച്ചമ്മയും സന്തുഷ്ടമായ ജീവിതം നയിക്കുന്നു.

തന്നിൽ അർപ്പിതമായിരിക്കുന്ന വൈദീക പദവിയിലൂടെ, തന്റെ മാതൃകാപരമായ ദൈവീകശുശ്രൂഷ ഇനിയും അനേകം നാൾ തുടരുവാൻ സർവ്വശക്തനായ ദൈവം തമ്പുരാൻ, ബഹുമാനപ്പെട്ട പൗലോസ് ആദായി കോർ-എപ്പിസ്ക്കോപ്പായെ അനുഗ്രഹിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

ഫോട്ടോ കടപ്പാട് : ജീ പൈലി

കളോടും സൗഹാർദ്ദപരമായ ഒരു സമീപനമാണ് സ്വീകരിക്കുന്നത്.

മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ, സത്യസന്ധമായ അഭിപ്രായങ്ങൾ തുറന്നു പറയുന്നതിൽ അദ്ദേഹം മടി കാണിക്കാറില്ല.

ഗൗരവമേറിയ വിഷയങ്ങൾ, തന്റെ സ്വതസിദ്ധമായ നർമ്മ ശൈലിയിൽ അവതരിപ്പിച്ചു. സഭാംഗങ്ങളുടെ ചിന്താമണ്ഡലത്തിലെത്തിക്കുവാനുള്ള ആദായി അച്ചന്റെ കഴിവ് പ്രശംസനീയമാണ്.

തന്റെ കുടുംബജീവിതത്തിൽ ദൈവം അനുഗ്രഹിച്ചു നൽകിയ മകൻ കെൻസ് ആദായി (ഭാര്യ:





Joywali Diwali
FREE
24K
LAKSHMI IDOL OR GOLD BAR
★ 500 MG 24K ★
GOLD BAR
SPEND USD 1,250 ON DIAMOND & PRECIOUS STONE JEWELLERY
★ 1 GM 24K ★
LAKSHMI IDOL OR GOLD BAR
SPEND USD 2,200 ON DIAMOND & PRECIOUS STONE JEWELLERY OR SPEND USD 8,200 ON GOLD JEWELLERY
★ 10 GM 24K ★
GOLD BAR
SPEND USD 16,400 ON DIAMOND & PRECIOUS STONE JEWELLERY
SPEND USD 800 ON DIAMOND & PRECIOUS STONE JEWELLERY & GET A
FREE USD 25 CASH VOUCHER
NO MAKING CHARGES ON 8GM GOLD COINS
0% DEDUCTION ON OLD GOLD EXCHANGE
OFFER VALID FROM 3RD TO 20TH OCT. 2025
SCAN TO EXPLORE NEW JEWELLERY COLLECTIONS
Images are for illustrative purposes only
*Conditions apply / Not applicable for Gold Bars, Gold coins & 24kt Jewellery
Offers Cannot be Combined together.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • SINGAPORE • MALAYSIA • AUSTRALIA • UAE • OMAN • QATAR • BAHRAIN • KUWAIT • KSA • INDIA

# ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ ദേശിയ കൺവെൻഷന് ഫൊക്കാനയുടെ ആശംസകൾ

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക്: ഇന്ത്യ പ്രസ് ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐ പി സി എൻ എ) ദേശിയ കൺവെൻഷൻ ഒക്ടോബർ 9, 10, 11 തീയതികളിൽ ന്യൂ ജേഴ്‌സിയിലെ എഡിസണിലുള്ള പ്രസിദ്ധമായ ഷെറാട്ടൺ ഹോട്ടലിൽ വെച്ച് നടത്തുമ്പോൾ അത് മാധ്യമ ലോകത്ത് തന്നെ ഒരു നവ്യാനുഭവം സൃഷ്ടിക്കുകയാണ്. ഐ പി സി എൻ എ ദേശിയ കൺവെൻഷന് ഫൊക്കാനയുടെ സ്നേഹ ആശംസകൾ നേരുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.




ലോകത്തുള്ള ന്യൂസുകൾ നമ്മുടെ ഭാഷയിൽ നമ്മളിൽ എത്തിക്കുകയും നോർത്ത് അമേരിക്കയിൽ മലയാളികളുടെ കാര്യത്തിൽ ശ്രദ്ധേയമായ ഇടപെടൽ നടത്തുകയും, നമ്മുടെ സംസ്കാരത്തെ ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുകയും നമ്മുടെ നേട്ടങ്ങളും കോട്ടങ്ങളുമെക്കെ

വിശകലനം ചെയ്യുകയും ചെയ്യുന്ന ഐ പി സി എൻ എ യുടെ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. മാധ്യമ സംസ്കാരത്തെ തന്നെ മാറ്റിയെഴുതിക്കൊണ്ടിരിക്കുന്ന ഈ നാളുകളിൽ ലോക നിലവാരത്തിലേക്ക് അമേരിക്കൻ മലയാള മാധ്യമ പ്രവർത്തനത്തെ കൈ പിടിച്ചുയർത്തുകയും ഏഴുകടലിനക്കരെയുള്ള നമ്മുടെ രാജ്യവുമായി ഒരു പാലമായി പ്രവർത്തിക്കുകയും ചെയ്യുന്ന ഐ പി സി എൻ എ യുടെ പ്രവർത്തനത്തെ അനുമോദിക്കുന്നു.

വാർത്തകളിൽ അറിവുകളാണുള്ളത്. വാർത്തകളും വിവരങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുകയും അത് പകരപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ വിവരങ്ങൾ നമ്മളിൽ എത്തിക്കുന്നത് മാധ്യമങ്ങൾ ആണ്. ഇന്ത്യയിൽ മാധ്യമ പ്രവർത്തനം ഒരു തൊഴിൽ ആയി സ്വീകരിക്കുമ്പോൾ അമേരിക്കയിൽ മിക്ക മാധ്യമ പ്രവർത്തകരും മറ്റ് ജോലി മേഖലകളിൽ പ്രവർത്തിക്കുന്നവരും ഒരു സെക്കൻഡ് ജോലിയായി മാധ്യമ പ്രവർത്തനം നടത്തുന്നവരുമാണ്. മലയാളഭാഷയോടും മാധ്യമരംഗത്തോടുമുള്ള സ്നേഹം ഒന്ന് കൊണ്ട് മാത്രമാണ് പലരും മലയാളി പത്രപ്രവർത്തകരും മാധ്യമ രംഗത്ത് ഇന്നും സജീവമായി നില നിൽക്കുന്നത്.

കേരളത്തിലെ ഒട്ടു മിക്ക മുഖ്യ ധാരാ മാധ്യമങ്ങളുടെയും പ്രതിനിധികളെയും പങ്കെടുപ്പിച്ചു കൊണ്ട് ഐ പി സി എൻ എ നടത്തുന്ന മാധ്യമ സമ്മേളനം പ്രശംസനീയമാണ്. അനന്തമെന്നു തന്നെ വിശേഷിപ്പിക്കാവുന്ന വിനിമയ ശൃംഖലകളുടെ അനുദിനം വികസിക്കുന്ന ഒരു തുടർച്ചയാണ് മാധ്യമം. മാധ്യമവും മാധ്യമ പ്രവർത്തനവും നമ്മുടെ സമൂഹത്തിന്റെ ഉന്നതിക്കുവേണ്ടി ഉള്ളതാണ്. രാഷ്ട്രോന്നതിക്കും സമൂഹോന്നതിക്കും വേണ്ടിയാണ് മാധ്യമപ്രവർത്തനം എന്നു വരുമ്പോൾ ഗുണമേന്മയുള്ള മാധ്യമപ്രവർത്തനം നമുക്ക് ആവിശ്യമാണ്.

ഈ മാധ്യമപ്രവർത്തനത്തെ നമ്മൾ കാത്തുസൂക്ഷിച്ചു നിലനിർത്തുന്നില്ലെങ്കിൽ നമുക്ക് കാണാനും വായിക്കാനും കേൾക്കാനും ഇതൊന്നും അധികകാലം ഉണ്ടാവുകയുമില്ല.

ഐ പി സി എൻ എ യുടെ ദേശിയ കൺവെൻഷന് ഫൊക്കാനയുടെ ആശംസകൾ നേരുന്നതിനോടൊപ്പം ഫൊക്കാനയുടെ പ്രവർത്തനങ്ങൾ മലയാളികളിൽ എത്തിക്കുന്നതിലുള്ള നന്ദിയും അറിയിക്കുകയാണ്.




SPECTRUM
AUTO
Exceeding Perfection
SPECTRUM AUTO INC
CERTIFIED COLLISION CENTER
TESLA
APPROVED COLLISION CENTER
GOLD CLASS I-CAR
PLATINUM I-CAR
5.0 average rating
OEM CERTIFICATIONS
HONDA CERTIFIED
HYUNDAI
RAM
INFINITI
ACURA CERTIFIED
CHRYSLER
DODGE
Jeep
KIA
FIAT
NISSAN
GT-R CERTIFIED COLLISION REPAIR PROVIDER
FORD CERTIFIED COLLISION NETWORK
GENESIS
gm COLLISION REPAIR NETWORK
SCAN ME
845 348 7777 | SPECTRUMAUTOINC.COM
175 SOUTH ROUTE 303, WEST NYACK, NY 10994

# കെഎച്ച്എൻഎ ട്രഷറർ അശോക് മേനോൻ' സാമ്പത്തിക വൈദഗ്ധ്യവും സേവനതല്പരതയും ഒന്നിച്ചപ്പോൾ



**മീട്ടു റഹ്മത്ത് കലാം**

അക്കൗണ്ടുകളും കണക്കുകളും മാത്രമല്ല, സമുദായത്തിന്റെ ആത്മീയ-സാംസ്കാരിക പൈതൃകവും ഉയർത്തിപ്പിടിക്കുകയാണ് കെഎച്ച്എൻഎ -യുടെ പുതിയ ട്രഷറർ അശോക് മേനോന്റെ ലക്ഷ്യം. ''പലതുള്ളി പെരുവെള്ളം'' പോലെ ചെറിയ സംഭാവനകളെ വലിയൊരു കരുത്താക്കി സമൂഹത്തിന് സേവനം ചെയ്യുക എന്നതാണ് അദ്ദേഹത്തിന്റെ സ്വപ്നം. ഇ-മലയാളി വായനക്കാരോട് സംഘടനയിൽ വരാനിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ട്രഷറർ സംസാരിക്കുന്നു...

***കെഎച്ച്എൻഎ-യുടെ ട്രഷററായി തെരഞ്ഞെടുക്കപ്പെട്ടത് എങ്ങനെയാണു കാണുന്നത്?***

വളരെ വലിയ ഉത്തരവാദിത്തമാണ്. അംഗങ്ങൾ നൽകിയ വിശ്വാസം ഞാൻ വിനയത്തോടെ സ്വീകരിക്കുന്നു. സംഘടനയുടെ ധനകാര്യങ്ങൾ പരസ്യവും ക്രമബദ്ധവും ആയിരിക്കണം. അത് ഉറപ്പാക്കുകയാണ് പ്രഥമ ലക്ഷ്യം.

***ട്രഷററായി പ്രവർത്തിക്കുമ്പോൾ ഏതു കാര്യങ്ങൾക്ക് മുൻഗണന നൽകും?***




അക്കൗണ്ടിംഗ് സംവിധാനം കൂടുതൽ സുതാര്യമാക്കും. എല്ലാ വരവും ചെലവും അംഗങ്ങൾക്ക് അറിയാവുന്ന രീതിയിൽ അവതരിപ്പിക്കും. ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി റിപ്പോർട്ടുകൾ നൽകാൻ ശ്രമിക്കും. സമുദായത്തിന്റെ വിശ്വാസം ഉറപ്പുവരുത്തുക തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ടത്.

***കണക്കുകൾ സുതാര്യമാക്കുന്നതിന് പുതിയ സംവിധാനം ഉണ്ടാവുമോ?***

ഇപ്പോൾ എക്സൽ ഉപയോഗിച്ചാണ് കണക്കുകൾ കൈകാര്യം ചെയ്യുന്നത്. അതിനു പകരം അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ കൊണ്ടുവരാനാണ് ഉദ്ദേശം. ഇതിലൂടെ അടുത്ത ഭരണസമിതിക്ക് വ്യക്തതയോടെ രേഖകൾ ലഭ്യമാകും. കണ്ടിന്യുവിറ്റിയാണ് ഇതിലൂടെ ഉണ്ടാകുന്ന ഏറ്റവും വലിയ നേട്ടം.

***സംഘടനയുടെ ഭാവി പദ്ധതികളെ എങ്ങനെയാണ് കാണുന്നത്?***

യുവജനങ്ങളും സ്ത്രീകളും കൂടുതൽ സജീവമായി പങ്കാളികളാകുന്ന പദ്ധതികൾക്കാണ് മുൻഗണന. വിദ്യാഭ്യാസ സഹായവും ചാരിറ്റിയും കൂടുതൽ ശക്തിപ്പെടുത്തണം. സമൂഹത്തിന്റെ ഐക്യം നിലനിർത്താൻ സാമ്പത്തികമായി ഉറച്ചുനിൽക്കേണ്ടത് അനിവാര്യമാണ്.

***വ്യക്തിപരമായി നിങ്ങളെ കുറിച്ച് പറയാമോ?***

എറണാകുളം ജില്ലയിലെ ചോറ്റാനിക്കരയിലാണ് ജനനം. 1990-ൽ അമേരിക്കയിലെത്തി. കഴിഞ്ഞ ഇരുപതുവർഷത്തിലേറെയായി ഒർലാണ്ടോയിൽ സർട്ടിഫൈഡ് പബ്ലിക് അക്കൗണ്ടന്റായി ജോലി ചെയ്യുന്നു. ബോസ്റ്റൺ മെഡിക്കൽ ഗ്രൂപ്പിന്റെ ഫിനാൻഷ്യൽ കൺസൾട്ടന്റുമാണ്.

***കെ എ ച്ച് എൻ എ-യിലെ പ്രവർത്തിപരിചയം?***

2017 മുതൽ തുടർച്ചയായി കെഎച്ച്എൻഎ-യുടെ നാല് കൺവൻഷനുകളിലും പങ്കെടുത്തിരുന്നു. ഇന്റേണൽ ഓഡിറ്റർ(201921), സൗത്ത് ഈസ്റ്റ് റീജിയന്റെ റീജിയണൽ കോ-ഓർഡിനേറ്റർ (201921), റീജിയണൽ കൺവീനർ (202123), ബോർഡ് ഓഫ് ഡയറക്ടർ അംഗം (2023 25) എന്നീ നിലകളിൽ പ്രവർത്തിച്ച ശേഷമാണ് ഇപ്പോൾ ട്രഷററായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. കെഎച്ച്എൻഎയുടെ ഓഡിറ്റർ ആയിരുന്നതുകൊണ്ടുതന്നെ ഇതിന്റെ കണക്കുകൾ എനിക്ക് സുപരിചിതമാണ്. അതുകൊണ്ട് തന്നെ ട്രഷറർ എന്ന നിലയിൽ പ്രവർത്തിക്കാൻ താരതമ്യേന എളുപ്പമായിരിക്കുമെന്ന് വിശ്വസിക്കുന്നു.

***കെഎച്ച്എൻഎ -യ്ക്ക് പുറമെ മറ്റു സംഘടനകളിലെ പങ്കാളിത്തം?***

ഒർലാണ്ടോ ഹിന്ദു മലയാളിയുടെ (ഓം) സ്ഥാപക അംഗമാണ്. ആറു വർഷത്തോളം ഡയറക്ടർ ബോർഡിൽ സേവനം ചെയ്തു. ഹിന്ദു സൊസൈറ്റി ഓഫ് സെൻട്രൽ ഫ്ലോറിഡയിൽ ജോയിന്റ് ട്രഷററായി പ്രവർത്തിച്ചു. അയ്യപ്പസ്വാമി പ്രതിഷ്ഠാ കമ്മിറ്റി അംഗവുമായിരുന്നു. ഗായിക കെ.എസ്. ചിത്രയും സംഗീതസംവിധായകൻ ശരത്തും ചേർന്ന മ്യൂസിക്കൽ ഷോ സംഘടിപ്പിച്ച് അതിനായി ഫണ്ട് കണ്ടെത്തിയതാണ് വലിയൊരു അനുഭവം. ഒർലാണ്ടോയിലെ 'ഒരുമ' മലയാളി സംഘടനയുടെ സ്ഥാപക അംഗവും മുൻ പ്രസിഡന്റുമാണ്.

***സാംസ്കാരിക രംഗത്തെ പങ്കാളിത്തം?***

ഫ്ലോറിഡയിലെ നാടകവേദിയിൽ ഞാൻ സജീവമാണ്. 'ഋഷ്യശൃംഗൻ', 'കള്ളിയങ്കാട്ട് നീലി', 'ഭസ്മാസുരൻ' തുടങ്ങി നിരവധി നാടകങ്ങൾ എഴുതി സംവിധാനം ചെയ്തു. 'വരരുചി'യിൽ വിക്രമാദിത്യനും 'രാജാ രവിവർമ്മ'യിൽ കേന്ദ്ര

കഥാപാത്രവും അവതരിപ്പിച്ചു. നമ്മുടെ പുരാണങ്ങളും ചരിത്രവും പുതുതലമുറയിലേക്ക് എത്തിക്കാൻ നാടകം നല്ല മാർഗമാണെന്ന് ഞാൻ വിശ്വസിക്കുന്നു.



### *കുടുംബത്തെക്കുറിച്ച്?*

ഭാര്യ രേണു പാലിയത്ത് ഒരു പ്രമുഖ കൺസ്ട്രക്ഷൻ കമ്പനിയിൽ ഓഫീസ് എഞ്ചിനീയറായി ജോലി ചെയ്യുന്നു. മകൻ അനിരുദ്ധ് സിപിഎ പൂർത്തിയാക്കി പബ്ലിക് അക്കൗണ്ടിംഗ് ഫേമിൽ ജോലി ചെയ്യുന്നു. മകൾ അഞ്ജലി ബിരുദാനന്ത ബിരുദപഠനം പൂർത്തിയാക്കി.

### *ഭാവിപരിപാടികൾ?*

മാനിഫെസ്റ്റോയിൽ പറഞ്ഞിരിക്കുന്ന പത്തുകാര്യങ്ങളും നടപ്പാക്കാൻ ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ഞങ്ങളുടെ ടീം പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കും. ആദ്യം ഏത് നടപ്പാക്കുമെന്ന് 'ഹാൻഡിങ് ഓവർ സെറിമണി'ക്ക് ശേഷം കമ്മിറ്റി കൂടി തീരുമാനിക്കും. ചാരിറ്റി പ്രവർത്തനങ്ങൾക്കായി എങ്ങനെ പണം സമാഹരിക്കും എന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ ഇതിനോടകം ചർച്ചചെയ്ത് കണ്ടെത്തിയിട്ടുണ്ട്. നാട്ടിലും അമേരിക്കയിലും അവശത അനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് സഹായം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. 'പലതുള്ളി പെരുവെള്ളം' എന്നതുപോലെയാണ് ഫണ്ട് റെയ്സിംഗ്, എത്ര ചെറിയ തുകയും ആളുകൾക്ക് സംഭാവനയായി നൽകാം എന്നതാണ് പ്രത്യേകത.

മൈഥിലി മാ എന്ന പേരിൽ ലളിതാസഹസ്രനാമം ജപിച്ച് അർച്ചന സമർപ്പിക്കുന്നതുൾപ്പെടെ ഹിന്ദുത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒട്ടേറെ കാര്യങ്ങൾ കെഎച്ച്എൻഎ നടത്തിവരുന്നുണ്ട്. അവ കൂടുതൽ പങ്കാളിത്തത്തോടെ തുടരും. യോഗ ക്ലാസുകൾ പോലെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് ഗുണകരമായവ സൂമിലൂടെ നടപ്പാക്കും.നാട്ടിലുള്ള ആചാര്യന്മാരുടെ നേതൃത്വത്തിൽ സെമിനാറുകൾ നടത്താനും ഉദ്ദേശിക്കുന്നു. പ്രധാനമായ എല്ലാ ചിലവുകളും ഭരണസമിതിയിൽ അവതരിപ്പിച്ചുകൊണ്ട് മുൻകൂട്ടി ഒരു ബജറ്റ് തയ്യാറാക്കാം എന്ന തീരുമാനമാണ് വലിയൊരു വ്യത്യസ്തത. നിശ്ചിത ബജറ്റിൽ നിന്നുകൊണ്ട് പരിപാടി നടപ്പാക്കുന്നത് അനാവശ്യ ചിലവുകൾ വെട്ടിക്കുറയ്ക്കാനും മിച്ചം പിടിക്കാനും സഹായിക്കുമെന്നാണ് മുൻകാല അനുഭവം.



### *സമൂഹത്തോടുള്ള സന്ദേശം?*

കെഎച്ച്എൻഎ നമ്മുടെ സ്വന്തം വീടുപോലെയാണ്. എല്ലാവരും ചേർന്നാൽ മാത്രമേ അത് വളരൂ. എന്റെ കണക്കുകൾ എല്ലായ്പ്പോഴും സമൂഹത്തിനായി തുറന്നിരിക്കും. അംഗങ്ങളുടെ വിശ്വാസവും സഹകരണവും ഉണ്ടെങ്കിൽ വലിയ കാര്യങ്ങൾ ഒന്നിച്ച് ചെയ്യാൻ കഴിയും.


Lakshmi classic
bride's
collections
പട്ടിന്റെ
ഏറ്റവും മഹത്തായ
മേൽവിലാസം....
Lakshmi Silks
THE AUTHENTIC SILK PEOPLE
T.B ROAD, KOTTAYAM
NRI CUSTOMER CARE SERVICE
+91 88916 51904
+91 88911 51907

# സകല ഇന്ത്യാക്കാരെയും പുറത്താക്കണമെന്ന് ആവശ്യപ്പെട്ട കൗൺസിലർക്കെതിരെ ശുപാർശ

പാം ബേ (ഫ്ലോറിഡ): ഇന്ത്യാക്കാർക്ക് ഇന്ത്യയുടെ താല്പര്യവും സ്വന്തം കാര്യവും മാത്രമാണ് ലക്ഷ്യമെന്നും അമേരിക്കയെ ചൂഷണം ചെയ്യുകയാണെന്നും അതിനാൽ സകല ഇന്ത്യാക്കാരെയും അമേരിക്കയിൽ നിന്ന് പുറത്താക്കണമെന്നും ആവശ്യപ്പെട്ട പാം ബേ സിറ്റി കൗൺസിൽ അംഗം ചാൻഡ്‌ലർ ലാങ്‌വിനെ സസ്‌പെൻഡ് ചെയ്യാൻ സിറ്റി കൗൺസിൽ ഗവർണർ റോൺ ഡിസാന്റിസിനോട് ആവശ്യപ്പെട്ടു. 4-1 ആണ് വോട്ടുനില

ഇന്ത്യൻ-അമേരിക്കൻ സമൂഹത്തിനെതിരെ നടത്തിയ അപകീർത്തികരമായ പരാമർശങ്ങൾ വ്യാപകമായ പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു.

ലാങ്‌വിൻ സോഷ്യൽ മീഡിയയിലൂടെ ഇന്ത്യൻ കുടിയേറ്റം ഉടൻ അവസാനിപ്പിക്കണമെന്നും അമേരിക്കയെ ചൂഷണം ചെയ്യാനാണ് ഇന്ത്യക്കാർ ഇവിടെ വന്നിരിക്കുന്നത് എന്നും എഴുതി. എല്ലാ ഇന്ത്യക്കാരെയും ഉടൻ നാടുകടത്തണം എന്നും അദ്ദേഹം എഴുതിയിരുന്നു. അമേരിക്കയെക്കുറിച്ച് കരുതലുള്ള ഒരു ഇന്ത്യക്കാരനുമില്ല. അവർ നമ്മളെ സാമ്പത്തികമായി ചൂഷണം ചെയ്യാനും ഇന്ത്യയെയും ഇന്ത്യക്കാരെയും സമ്പന്നരാക്കാനും ഇവിടെയുണ്ട്. എല്ലാ ഇന്ത്യക്കാരെയും ഉടൻ നാടുകടത്തുക-എന്നിങ്ങനെ ആയിരുന്നു പരാമർശങ്ങൾ

വ്യാഴാഴ്ച (ഇന്നലെ) അഞ്ചുമണിക്കൂറിലേറെ നീണ്ട കൗൺസിൽ യോഗത്തിൽ ഇന്ത്യൻ-അമേരിക്കക്കാർ ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ പങ്കെടുത്തു. ഭൂരിപക്ഷവും ലാങ്‌വിന്റെ പരാമർശങ്ങളെ ശക്തമായി വിമർശിച്ചു. ചുരുക്കം ചിലർ മാത്രമാണ് അദ്ദേഹം അഭിപ്രായ സ്വാതന്ത്ര്യം വിനിയോഗിച്ചതാണെന്ന് വാദിച്ച് പിന്തുണ അറിയിച്ചത്.

യോഗം അവസാനിപ്പിക്കുമ്പോൾ മേയർ റോബ് മെഡിന കർശനമായ വാക്കുകളിലൂടെ ലാങ്ങിനെതിരെ പ്രതികരിച്ചു. ഗവർണർ ഡിസാന്റിസ്, ലാങ്‌വിനെ കൗൺസിലിൽ നിന്ന് പുറത്താക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്ന മേയറുടെ പ്രസ്താവനയ്ക്ക് വലിയ കൈയ്യടി ഉയർന്നു.

സ്വകാര്യമായി കത്തിലൂടെ അല്ല, പൊതുവിൽ മാപ്പ് പറയേണ്ടത് ആവശ്യമാണ് എന്ന നിലപാടും ശക്തമാണ്. അഭിപ്രായ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം, പക്ഷേ അത് ബാധിക്കപ്പെടുന്നവർക്കും സംരക്ഷണം ലഭിക്കണം എന്നാണ് മൈക്ക് ഹാമർ പറഞ്ഞത്.

ഇന്ത്യക്കാരെ പുറത്താക്കണമെന്ന വാക്കുകൾ വംശീയവുമായും ക്രൂരവുമാണെന്നും, അമേരിക്കൻ മൂല്യങ്ങളായ മാന്യത, സമത്വം, ബഹുമാനം എന്നിവ ഉയർത്തിപ്പിടിക്കാൻ ലാങ്‌വിനെ സസ്‌പെൻഡ് ചെയ്യണമെന്നും ഇന്ത്യൻ-അമേരിക്കൻ കമ്മ്യൂണിറ്റി അംഗമായ ഡോ. യോഷിത പട്ടേൽ ഹോസ്കിങ് അഭിപ്രായപ്പെട്ടു.

യോഗത്തിൽ ലാങ്വിൻ ഭാഗികമായി മാപ്പ് പറയാൻ തയ്യാറാണെന്ന് സൂചിപ്പിച്ചെങ്കിലും, കുടിയേറ്റ നയങ്ങളെ കുറിച്ച് 'കടുത്ത സംഭാഷണങ്ങൾ' തുടരുമെന്നും പറഞ്ഞു.

ദ്വേഷത്തിന്റെ വാക്കുകൾ സമൂഹത്തിന്റെ വലിയൊരു വിഭാഗത്തെ വേദനിപ്പിച്ചത് നഗരത്തിന്റെ വിശ്വാസ്യതയ്ക്കും വളർച്ചയ്ക്കും തിരിച്ചടിയാണെന്ന് യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിച്ചപ്പോൾ മേയർ മെഡിന വ്യക്തമാക്കി.

കൗൺസിൽ ഇപ്പോൾ ഔദ്യോഗികമായി ഗവർണർ ഡിസാന്റിസിനും സ്റ്റേറ്റ് സെനറ്റർ ഡെബി മെയ്ഫീൽഡിനും കത്തയയ്ക്കും. മെയ്ഫീൽഡ് ഇതിനകം തന്നെ ലാങ്ങ്വിനെ സസ്‌പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. കൂടാതെ, ഫ്ലോറിഡ കമ്മീഷൻ ഓൺ എതിക്സിൽ പരാതി സമർപ്പിക്കാനും തീരുമാനിച്ചു.



# ഫോമാ സെൻട്രൽ റീജിയൻ ഗാന്ധി ജയന്തി ആഘോഷിച്ചു



**ബിജു മുണ്ടക്കൽ**
**പി ആർ ഓ**

ചിക്കാഗോ :ഫോമാ സെൻട്രൽ റീജിയന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 2ന് ഗാന്ധി ജയന്തി ആഘോഷിച്ചു .ഒക്ടോബർ 2ന് വൈകിട്ട് 4ന് ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ സെൻട്രൽ റീജിയൻ വൈസ് പ്രസിഡണ്ട് ജോൺസൻ കണ്ണൂക്കാടന്റെ അധ്യക്ഷതയിൽ കൂടിയ കൂടിയ സമ്മേളനം മുൻ ഡി ജി പി ടോമിൻ ജെ തച്ചങ്കരി ഉദ്ഘാടനം ചെയ്തു .

അഹിംസ,സത്യനിഷ്ഠ ,സ്വയം പര്യാപ്തത എന്നിവയായിരുന്നു ഗാന്ധിയൻ ആശയങ്ങളുടെ ആധാരം എന്നും ഇന്നത്തെ ലോകത്തിൽ വർധിച്ചു വരുന്ന ഹിംസ ,തീവ്രവാദം ,യുദ്ധ ഭീഷണി എന്നിവയുടെ പശ്ചാത്തലത്തിൽ ഗാന്ധിയൻ ആശയങ്ങൾ വളരെ പ്രസക്തമാണെന്നും അദ്ദേഹം തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി .ഫോമയുമായി തനിക്ക് ഉള്ള ദീർഘകാലത്തെ ബന്ധത്തെക്കുറിച്ച് അദ്ദേഹം ഓർമിപ്പിക്കുകയും ഫോമയുടെ എല്ലാ പ്രവർത്തങ്ങൾക്കും തന്റെ ആശംസകൾ അറിയിക്കുകയും ചെയ്തു .

ഗാന്ധിയൻ ആശയങ്ങൾ ചരിത്രത്തിന്റെ ഭാഗമല്ല ,ഇന്നും സമൂഹത്തിന്റെ പല തലങ്ങളിലും പ്രായോഗികവും മാർഗദർശകവുമാണെന്ന് ശ്രീ ജോൺസൻ കണ്ണൂക്കാടൻ തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു.ഫോമയുടെ പ്രവർത്തനങ്ങൾക്ക് ചിക്കാഗോയിലെ മലയാളി സമൂഹം നൽകുന്ന എല്ലാ സഹകരണത്തിനും ജോൺസൻ കണ്ണൂക്കാടൻ നന്ദി അറിയിച്ചു .

ഫോമാ സെൻട്രൽ റീജിയൻ ചെയർമാൻ ആന്റോ കവലക്കൽ,നാഷണൽ കമ്മിറ്റി അംഗങ്ങൾ ആയ ജോർജ് മാത്യു കുരിശിങ്കൽ ,സെൻട്രൽ റീജിയൻ കോ ഓർഡിനേറ്റർ സാബു കട്ടപ്പുറം ,ബിസിനസ് സമ്മിറ്റ് കൺവീനർ ജോൺ പാട്ടപതി ,കേരളാ കൺവെൻഷൻ ചെയർമാൻ പീറ്റർ കുളങ്ങര ,ബിസിനസ് സമ്മിറ്റ് കോ കൺവീനർ സണ്ണി വള്ളിക്കളം എന്നിവർ ആശംസകൾ അറിയിച്ചു.സെൻട്രൽ റീജിയൻ സെക്രട്ടറി അച്ചൻകുഞ്ഞ് മാത്യു ഈ ആഘോഷത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി .

# വിജയ് മല്യ പൊതിഞ്ഞത് സ്വർണം, ദേവസ്വം ബോർഡ് തന്നത് ചെമ്പെന്ന് പോറ്റി; കള്ളൻ കപ്പലിലുണ്ട്



എ.എസ് ശ്രീകുമാർ

സ്വർണം പൂശാനായി തനിക്ക് ലഭിച്ച ശബരിമല ദ്വാരപാലക ശിൽപങ്ങളുടെ പാളി ചെമ്പാണെന്നാണ് ദേവസ്വം ബോർഡ് രേഖകളിൽ കാണിക്കുന്നതെന്ന് വിവാദ സ്പോൺസർ ഉണ്ണികൃഷ്ണൻ പോറ്റി, തനിക്കെതിരായ ആരോപണങ്ങളെല്ലാം നിഷേധിച്ച് പറയുമ്പോൾ ദുരൂഹത വർധിക്കുന്നു. 'ലഭിച്ചത് ചെമ്പ് പാളികളാണ്. ദേവസ്വം ബോർഡ് മഹസർ ഉൾപ്പെടെയുള്ള രേഖകളിൽ ഇത് വ്യക്തമാണ്. അതിന് മുൻപ് സ്വർണം പൂശിയതിനെ കുറിച്ച് അറിയില്ല. സ്വർണം പൂശിയത് കാലഹരണപ്പെട്ടത് കൊണ്ടായിരിക്കാം ദേവസ്വം അങ്ങനെയൊരു തീരുമാനം എടുത്തത്. പാളികളിൽ സ്വർണം ഉണ്ടായിരുന്നോ എന്നും അറിയില്ല. ദ്വാരപാലക ശിൽപങ്ങളുടെ പാളികൾ ഞാൻ എടുത്തുകൊണ്ട് പോയതല്ല, ദേവസ്വം തന്നതാണ്...' എന്നാണ് ഉണ്ണികൃഷ്ണൻ പോറ്റി ഇന്ന് പറഞ്ഞത്.




അതേസമയം, ദ്വാരപാലക ശിൽപത്തിൽ 1998-ൽ വിജയ് മല്യ വഴിപാടായി സമർപ്പിച്ച സ്വർണ്ണപ്പാളികൾ 2019-ൽ ചെമ്പു പാളിയായത് എങ്ങനെയെന്നതിൽ സമഗ്രമായ അന്വേഷണം ആവശ്യപ്പെട്ടിരിക്കുകയാണ് പന്തളം കൊട്ടാരം. ''2019-ൽ മദ്രാസിലെ കമ്പനിയിൽ എത്തിച്ച പാളികൾ ആ കമ്പനി സ്വർണ്ണം പൂശി തിരികെ കൊണ്ടുവന്നതിനു ശേഷം 6 വർഷം കഴിഞ്ഞ

പ്പോൾ അത് വീണ്ടും കറത്തുപോയി. നിറം മങ്ങി എന്നു പറയുമ്പോൾ 2019-ൽ ആ കമ്പനി എത്ര കനത്തിൽ ആണ് അന്ന് സ്വർണ്ണം പൂശിയത് എന്നു കൂടി പരിശോധിക്കണം. അവർ അത് പറയണം. ഇന്ന് പ്രതി പട്ടികയിൽ നിക്കുന്ന ഉണ്ണികൃഷ്ണൻ പോറ്റിയെ വിശദമായി ചോദ്യം ചെയ്താൽ ഇതിന്റെ എല്ലാം സത്യാവസ്ഥ അറിയാൻ സാധിക്കും. അതല്ല എന്നുണ്ടെങ്കിൽ 2019-നു മുമ്പ് ഇത് നഷ്ടപ്പെട്ടിട്ടുണ്ടോ എന്നും പരിശോധിക്കണം...'' എന്നാണ് പന്തളം കൊട്ടാരം നിർവ്വാഹക സംഘം ആവശ്യപ്പെട്ടിരിക്കുന്നത്.



വാസ്തവത്തിൽ 1999-ൽ വിജയ് മല്യ സ്വർണം പൂശുകയല്ല, പൊതിയുകയാണ് ചെയ്തത്. കടലാസുപോലെ മൈക്രോൺ കണക്കിൽ വളരെ നേർത്ത സ്വർണ്ണ ഫോയിലാണ് ദ്വാരപാലക ശിൽപങ്ങളിൽ പൊതിഞ്ഞത്. ചെന്നൈയിലെ ജെ.എൻ. ആർ ജ്വല്ലറി ഗ്രൂപ്പ് ഉടമ ജെ നാഗരാജന്റെ നേതൃത്വത്തിലുള്ള 42 അംഗ സംഘം സന്നിധാനത്ത് താമസിച്ചായിരുന്നു ഈ ജോലികൾ ചെയ്തത്. ഇതിന് മേൽനോട്ടം വഹിച്ചത് ദേവസ്വം മരാമത്ത് വിഭാഗമായിരുന്നു. പ്രത്യേക ഉത്തരവിലൂടെ മരാമത്ത് ചീഫ് എഞ്ചിനീയറെയും ഡിവിഷണൽ എഞ്ചിനീയറെയും ഇതിനായി ചുമതലപ്പെടുത്തിയിരുന്നു. ഇതിന് 30 മുതൽ 40 വർഷത്തെ ഗ്യാരന്റിയും കമ്പനി നൽകിയിരുന്നു. അതാണ് 2019-ൽ ചെമ്പ് മാത്രമായി മാറിയത്. അപ്പോൾ സ്വർണം എവിടെപ്പോയി എന്ന് ദേവസ്വം ബോർഡിന് അറിയില്ല.

ഈ കാര്യങ്ങളുടെ നാൾ വഴി ഒന്നുകൂടി പരിശോധിക്കാം. 1999: വിജയ് മല്യയുടെ വഴിപാടായി ദ്വാരപാലക ശില്പങ്ങളിൽ സ്വർണം പൊതിയുന്നു. നിറം മങ്ങിയെന്ന് പറഞ്ഞ് 2019-ൽ പാളികൾ ഇളക്കിയെടുത്ത് ചെന്നൈയിലേക്ക് കൊണ്ടുപോകുന്നു. എന്നാൽ തങ്ങൾക്ക് കിട്ടിയത് പുതിയ ചെമ്പുപാളികളാണെന്ന് ചെന്നൈയിലെ 'സ്മാർട്ട് ക്രിയേഷൻസി'ന്റെ പ്രതിനിധി അഡ്വ. കെ.ബി പ്രദീപ് വ്യക്തമാക്കുന്നു. 2021-ൽ സ്വർണം പൂശിയ പീഠത്തിന്റെ നിറം മങ്ങിയതിനെ തുടർന്ന് ഉണ്ണിക്കൃഷ്ണൻ പോറ്റി പുതിയ പീഠം സമർപ്പിച്ചു. 2023-ൽ പാളികൾക്ക് വീണ്ടും നിറം മങ്ങിയെന്ന് ചൂണ്ടിക്കാട്ടി തന്ത്രി അറ്റകുറ്റപ്പണിക്ക് കത്ത് നൽകി. 2025 സെപ്റ്റംബർ 7-ന് ഉണ്ണിക്കൃഷ്ണൻ പോറ്റിയുടെ ഇടപെടലിന്റെ അടിസ്ഥാനത്തിൽ ദ്വാരപാലക ശിൽപ പാളികൾ വീണ്ടും അഴിച്ച് ചെന്നൈയിലേക്ക് കൊണ്ടുപോയി.

തിരികെ എത്തിച്ചപ്പോൾ നാല് കിലോയോളം തൂക്കം കുറഞ്ഞതായി ഹൈക്കോടതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് പോറ്റിയുടെ കള്ളക്കളിയയും ദേവസ്വം ബോർഡ് നിലപാടിലെ ദുരൂഹതയും കേളിളക്കമുണ്ടാക്കിയിരിക്കുന്നത്. സ്വർണം ചെമ്പായ അത്ഭുതം സംബന്ധിച്ച് വ്യക്തമായ രേഖകളോ മറുപടിയോ നൽകാൻ ദേവസ്വം ബോർഡിന് ഇതുവരെ കഴിഞ്ഞിട്ടില്ല. എന്നാൽ ദേവസ്വം വിജിലൻസിനോട് സമഗ്ര അന്വേഷണം ആവശ്യപ്പെട്ട് തടിതപ്പാൻ ശ്രമിക്കുകയാണ് ദേവസ്വം ബോർഡ്. ദേവസ്വം വിജിലൻസിന്റെ നിയന്ത്രണച്ചരടുകൾ പിണറായി സർക്കാരിന്റെ കൈയിലാണെന്നിരിക്കെ ഈ അന്വേഷണത്തിന് എന്ത് ക്രെഡിബിലിറ്റിയാണുള്ളതെന്ന ചോദ്യവും പ്രസക്തമാണ്.

ഏതായാലും സ്വർണം അടിച്ചുമാറ്റപ്പെട്ടുവെന്ന കാര്യത്തിൽ തർക്കമില്ല. അത് ആരാണെന്നാണ് കണ്ടെത്തേണ്ടത്. ശബരിമലയിൽ സ്പോൺസർമാരായി വരുന്നവർക്ക്

**ഏതായാലും സ്വർണം അടിച്ചുമാറ്റപ്പെട്ടുവെന്ന കാര്യത്തിൽ തർക്കമില്ല. അത് ആരാണെന്നാണ് കണ്ടെത്തേണ്ടത്. ശബരിമലയിൽ സ്പോൺസർമാരായി വരുന്നവർക്ക് ആ പ്രവർത്തി ചെയ്യുവാനുള്ള കഴിവും സാമ്പത്തികവും ഉണ്ടോ എന്ന് അന്വേഷിക്കേണ്ടത് അത്യാവശ്യമാണെന്നാണ് പന്തളം കൊട്ടാരം ചൂണ്ടിക്കാട്ടുന്നത്.**

ആ പ്രവർത്തി ചെയ്യുവാനുള്ള കഴിവും സാമ്പത്തികവും ഉണ്ടോ എന്ന് അന്വേഷിക്കേണ്ടത് അത്യാവശ്യമാണെന്നാണ് പന്തളം കൊട്ടാരം ചൂണ്ടിക്കാട്ടുന്നത്. പ്രധാനപ്പെട്ട ജോലികൾ ചെയ്യുന്നതിനു പാലിക്കേണ്ട നടപടിക്രമങ്ങൾ ഒന്നും 2019-ൽ ഉണ്ടാകാത്തത് ഭക്തജനങ്ങളെ ആശങ്കപ്പെടുത്തുന്നതാണെന്നും അന്നത്തെ നടപടിക്രമങ്ങൾ വളരെ ലാഘവത്തോടെ കൈകാര്യം ചെയ്ത ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ആരായാലും അവരെ കണ്ടെത്തുകയും ഇതിനു പിന്നിൽ പ്രവർത്തിച്ചവരെ എല്ലാം കണ്ടു പിടിച്ച് ഭക്തജനങ്ങൾക്കുള്ള ആശങ്ക പരിഹരിക്കേണ്ട ഉത്തരവാദിത്വം ഈ



സർക്കാരിനുണ്ടെന്നുമാണ് പന്തളം കൊട്ടാരത്തിന്റെ നിലപാട്.

ഇതിനിടെ, ഉണ്ണികൃഷ്ണൻ പോറ്റി പോറ്റി മുഖേനയുള്ള വാറന്റി വേണ്ടെന്നു വച്ച ദേവസ്വം ബോർഡ് ഇനി സ്വന്തം നിലയിൽ നേരിട്ട് ഇടപാടുകൾ നടത്താൻ തീരുമാനിച്ചിരിക്കുകയാണത്രേ. 2019-ൽ ചെന്നൈയിൽ സ്വർണം പൂശിയ ശേഷം പോറ്റിയുടെ പേരിലാണ് സ്മാർട്ട് ക്രിയേഷൻസ് വാറന്റി എഴുതിയത്. 40 വർഷത്തേക്കായിരുന്നു വാറന്റി. പോറ്റിയുടെ തട്ടിപ്പ് പുറത്ത് വന്നതോടെയാണ് ഇത് ഉപേക്ഷിക്കാൻ തീരുമാനമായത്. ഇതുവഴി 18 ലക്ഷം രൂപ ബോർഡിന് നഷ്ടമുണ്ടാവും. 4 കിലോ സ്വർണം മോഷ്ടിച്ചത് വേറെ. ദ്വാരപാലക ശിൽപ വിവാദത്തിൽ ദേവസ്വം ബോർഡിന് അടിമുടി വീഴ്ച സംഭവിച്ചുവെന്ന കാര്യത്തിൽ ഇനി ഒരു സംശയവുമില്ല.

രേഖകളിൽ സ്വർണപ്പാളി ചെമ്പ് പാളിയാക്കിയത് ദേവസ്വം ബോർഡ് ഉദ്യോഗസ്ഥരാണ്. ദേവസ്വം കമ്മീഷണറും എക്സിക്യൂട്ടീവ് ഓഫീസറും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും ചേർന്നാണ് 2019-ൽ ചെമ്പ് പാളിയെന്ന് രേഖപ്പെടുത്തിയത്. ശിൽപങ്ങളിൽ സ്വർണ പാളിയെന്ന മുൻ രേഖകൾ അവഗണിച്ചുള്ള ഈ നീക്കത്തിന്റെ ഗുണഭോക്താക്കൾ ആരെന്നാണ് തെളിയിക്കപ്പെടേണ്ടത്. എന്നിട്ടും സ്വർണപ്പാളി വിഷയത്തിൽ ദേവസ്വം ബോർഡിന് ഒന്നും ഒളിക്കാനില്ലെന്നും വീഴ്ച പറ്റിയിട്ടില്ലെന്നുമാണ് ദേവസ്വം ബോർഡ് പ്രസിഡന്റ് പി. എസ് പ്രശാന്ത് പറയുന്നത്. പന്തളം കൊട്ടാരം പറഞ്ഞതുപോലെ ഉണ്ണികൃഷ്ണനെ ശരിക്കും പോലീസ് മുറയിൽ ചോദ്യം ചെയ്താൽ കള്ളി വെളിച്ചത്തു വരാനുള്ളതേയുള്ളൂ. കള്ളൻ ഈ കപ്പലിൽ തന്നെയുണ്ട്. കപ്പിത്താൻ കണ്ടുപിടിക്കുമോ..?

# Blue Ocean Wealth Solutions

A member of the MassMutual Financial Group

CELEBRATING 30 Service & Commitment



**Philipose Samuel**

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals

## BUSINESS NEEDS

### Business Continuation Planning
Key Employee Insurance
Business Overhead Insurance
Disability Buyouts
Buy-Sell Arrangements

### Retirement Planning
401K Plans
403b Plans
Simplified Employee Pensions (SEPs)
Simple IRAs

### Employee Benefits Products
Short-term and Long-term
Disability Insurance
Health Insurance*

### Group Health insurance
Group Whole Life (Without Medicals)
Group Disability &
Group Dental Plans Insurance

## PERSONAL NEEDS

### Wealth Communication
Managed Investment Accounts
Mutual Funds
Exchange Traded Funds
Fixed, Variable and Index Annuities
Traditional and Roth IRAs
Education Funding Strategies
Retirement Planning

### Family Protection
Long-Term Care Insurance
Whole Life Insurance
Term Life Insurance
Disability Income Insurance
Medicare Supplement & Advantage Plans*
Medicare Part D*
Home Owner's Insurance*
Auto Insurance*
Estate Conservation
Charitable Planning Strategies

MassMutual Leaders Conference:
2022, 2021, 2019, 2018
MetLife, Leaders Conference: 2015, 2014
2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference : 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award : 1998

**Philipose Samuel (Sam)**
*30 Years of Service*
**Financial Service Representative Financial Advisor**
**O: (516) 326-7028 | C: (516) 312-2902**
psamuel@financialguide.com | www.blueocean.us.com
For Messaging Please use the Phone number **516 774 4283**

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. "Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.

# ഇതിഹാസ ഭൂവിൽ വീണ്ടും!



വിജയ് സി. എച്ച്




കുറച്ചു കാലം രോഗബാധിതനായി കിടന്നതിനു ശേഷം എഴുത്ത് വീണ്ടും ആരംഭിക്കാൻ തോന്നിയത് ഒ.വി. വിജയന്റെ ഓർമകൾ ഉറങ്ങുന്ന തസ്റാക്ക് സന്ദർശത്തോടെ ആകാമെന്നു കരുതി.

കൂമൻകാവ് ബസ്റ്റോപ്പിൽ രവി ഇറങ്ങി. ആ റൂട്ടിലെ അവസാന സ്റ്റോപ്പ്. ഒരു ആശ്രമത്തിൽനിന്നു തുടങ്ങിയ യാത്ര ഇവിടെയാണ് അവസാനിച്ചത്.

തൻറെ ജീവിത സാഹചര്യങ്ങളിൽ വിരക്തി തോന്നി, നാട്ടിലെ ഓണേഴ്സ് ഡിഗ്രിയും, ഗോളോർജ്ജതന്ത്ര പഠനത്തെ ഉപനിഷത്തുക്കളിൽ ഒളിഞ്ഞുകിടക്കുന്ന വിജ്ഞാനം ഉപയോഗിച്ചു സ്പഷ്ടമാക്കുന്ന പ്രബന്ധത്തിനു ഒരു അമേരിക്കൻ യൂനിവേഴ്സിറ്റി വാഗ്ദാനം ചെയ്ത ഫെലോഷിപ്പും ഉപേക്ഷിച്ചു, പ്രണയിനി പത്മയേയും വിട്ടു, ഖസാക്കിൽ പോയി സ്വയം ശുദ്ധീകരിക്കാൻ.

കുതിരാനിലെ കുരുക്കു കഴിഞ്ഞു ഞങ്ങൾ കിണാശ്ശേരിയിൽ എത്തുമ്പോൾ, ഞാനൊരു മൂന്നു മണിക്കൂറെങ്കിലും ഡ്രൈവ് ചെയ്തുകാണും. രവി ഇറങ്ങിയ കൂമൻകാവ് ബസ്റ്റോപ്പ് ഖസാക്കിലാണ്, കിണാശ്ശേരിയിലില്ല. ഇതിഹാസത്തിലെ കൂമൻകാവ് തിരക്കി, കിണാശ്ശേരിയിലെത്തുന്നവർ അനേകമാണത്രെ! ഈ വിവരത്തിനു ഞാൻ, കിണാശ്ശേരി പാതയോരത്തു പന്തലിട്ടു നിൽക്കുന്ന പേരാലിൻ ചുവട്ടിൽ കായ്കനി വിൽക്കുന്ന ഒരു സ്പെഷ്യൽ സ്റ്റാളുകാരന് കടപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തോടാണ് ഞാൻ കനാൽപാലം ബസ്റ്റോപ്പ് അന്വേഷിച്ചത്.

രവിക്ക് കൂമൻകാവും പരിസരവും, പടർന്നു പന്തലിച്ചു നിൽക്കുന്ന മാവുകളും ഏറുമാടങ്ങളും പരിചിതമായിരുന്നു. തുമ്പികളായ് വരുന്ന ചിതലിമല ആത്മാക്കളേയും, അശാന്തരായ





ഇഫിരീത്തുകളേയും തിരിച്ചറിയാമായിരുന്നു. പാമ്പിൻ പുറ്റുകൾ പോലും സാധാരണമായ കാഴ്ച്ച.

എന്നാൽ, കനാൽപാലം തന്നെ ഞങ്ങൾ ആദ്യം കാണുകയായിരുന്നു. ഉള്ളോട്ട് ഇനിയും പോയാലാണ് തസ്രാക്ക്. രവിക്ക് അനുഭവപ്പെടാത്ത ഒരു ആകുലത സ്വാഭാവികമായും അവിടെ ഞങ്ങളെ ഗ്രസിച്ചിരുന്നു.

തസ്രാക്കിലേക്കു പോകാൻ കനാൽപാലം ബസ്സ്റ്റോപ്പിൽനിന്ന് ഇടത്തോട്ടാണ് ഞാൻ കാർ തിരിച്ചത്. തൃശ്ശൂർ-പാലക്കാട് ഹൈവെയിൽ നിന്നു തുടങ്ങിയ ഈ റോഡ്, കനാൽപാലവും പിന്നിട്ട് പെരുവമ്പ് വഴി ചിറ്റൂരിലേക്ക് പോകുന്നു. മലമ്പുഴ ഡാമിൽ നിന്ന് വരുന്ന കനാലിൻറെ അരികിലൂടെയുള്ള നടപ്പാത ഇപ്പോൾ ഒരു ടാറിട്ട റോഡായി മാറിയിട്ടുണ്ട്. എതിർദിശയിൽനിന്ന് വാഹനമൊന്നും വന്നില്ലെങ്കിൽ റോഡിൻറെ അവകാശം നമുക്കുമാത്രം!

വഴിയമ്പലവും കനാൽപാലം ഗെയ്റ്റും കടന്ന് ഞങ്ങൾ കുറച്ച് ദൂരം നീങ്ങിക്കഴിഞ്ഞു. ഇരുവശത്തു നിന്നും വഴിയിലേക്ക് ചാഞ്ഞ് കിടന്നിരുന്ന മിഥുന മാസത്തിലെ ചെടികൾ, ഈ നിരത്തിൻറെ ചാരുത അൽപ്പം വർദ്ധിപ്പിച്ചതുപോലെ.

പൂപ്പലോടിയ ഇലക്ട്രിക് പോസ്റ്റുകളിലുരക്കാതെ, പച്ചപ്പിനെ തുളച്ചു വഴി കണ്ടുപിടിച്ച്, ഹോൺഡ ഓടുന്നത് മിക്കവാറും ഫസ്റ്റ് ഗീറിൽ തന്നെയാണ്. ജി.പി.എസ് ഉപയോഗിച്ചുള്ള റൂട്ട് ഗൈഡൻസ് മകൾ പറഞ്ഞുകൊണ്ടിരുന്നതിനാൽ ശരിയായ ദിശയിൽ തന്നെയാണ് സഞ്ചാരമെന്ന് ഉറപ്പ് വരുത്താനായി.

സുന്ദരനായൊരു മുയൽ റോഡുമുറിച്ചോടി പൊന്തക്കാട്ടിൽ മറഞ്ഞു. പാതയിൽ ‘മേഘങ്ങളുടെ നിഴലുകൾ പാണ്ടിപ്പയ്ക്കളെപ്പോലെ മേഞ്ഞു





മേഞ്ഞു പോകുന്നു'. ഇൻസ്പെക്റ്ററും രവിയും കഥകൾ പറഞ്ഞു നന്നാരി സർവ്വത്ത് കുടിച്ച സ്ഥലമോ, അലിയാരുടെ ചായക്കടയോ, കുപ്പുവിൻറെ കള്ളുഷാപ്പോ ആ വഴിയിൽ ഞങ്ങൾ കണ്ടില്ല. വാസ്തവത്തിൽ, സാഹിത്യ തീർത്ഥയാത്രക്കാരുടെ സൗകര്യാർത്ഥം ആ പ്രദേശത്ത് ഒന്നും തന്നെ ഒരുക്കിയതായി കാണാനായില്ല.

ഓണമുണ്ണാൻ ഊക്കോടെ വളരുന്ന നെല്ലിൻറെ ശ്യാമളത മനോഹരമായി പരന്നുകിടക്കുന്നു. കുന്നിൻചരിവുകൾ അത്ര ദൂരെയല്ലാതെ എല്ലായിടത്തും. പാലക്കാടൻ പ്രവശ്യയുടെ പൊതു സൗന്ദര്യമാണെങ്കിലും, ഒ. വി. വിജയൻറെ പ്രതിരൂപമെന്ന് പലരും വിശേഷിപ്പിക്കുന്ന ഓജസ്സുള്ള കരിമ്പനകൾ അങ്ങിങ്ങായി കാണാൻ തുടങ്ങിയപ്പോൾ, ഒറ്റപ്പെട്ടു നിൽക്കുന്ന ഗ്രാമാന്തരീക്ഷം ഞങ്ങളെ അൽപ്പം അലോസരപ്പെടുത്താതിരുന്നില്ല.

അപരിചിതമായ വഴിയരികിലേക്കിറങ്ങി തലയെടുപ്പുള്ള കരിമ്പനകളുടെ സൗന്ദര്യം കേമറയിൽ പകർത്തുന്ന തിരക്കിൽ, 'മൺകട്ടകൾക്കിടയിൽ പാമ്പുകൾ ഒളിച്ചിരിക്കുന്നുണ്ടെന്ന്' ഞാൻ ഓർത്തതേയില്ല. കരിമ്പനപ്പൊത്തുകളിൽ നിന്ന് പത്തിവിടർത്തിയാടുന്ന കരിനാഗങ്ങളും അവയുടെ പ്രണയമർമ്മരങ്ങളും ഇവിടങ്ങളിലൊക്കെ പതിവാണെന്നും ചിന്തയിലെത്തിയില്ല.

നീലാകാശവും വെള്ളിമേഘങ്ങളും കാവ്യാത്മകം -- വിജയൻറെ പ്രചോദനം! മഴ ചെറുതായൊന്നുചാറി. രണ്ടു മിനിറ്റുമാത്രമേ വൈപ്പർ ഇട്ടുള്ളൂ. ഈ വീഥിയിലെവിടെയോവെച്ച് ഞങ്ങൾ വീണ്ടും തസ്രാക്കുവിട്ട് ഖസാക്കിൽ ചെന്നെത്തി. തസ്രാക്കും ഖസാക്കും തമ്മിലുള്ള സാമ്യവും, രവിയും വിജയനും തമ്മിലുള്ള ഭിന്നതയും കൂടിയും കുറഞ്ഞുമിരിക്കുന്ന ഒരു മാസ്മര ഭൂമികയിൽ.





'തലയിൽ തട്ടനിടാതെ, നീല ഞരമ്പോടിയ കൈകളിൽ കരിവളയിട്ട്' മനോഹരിയായ മൈമൂന ഇവിടെ രവിക്കും വിജയനും, പത്മയുടെ പകരക്കാരിയായിരുന്നു. ഇന്ന്, ഇത് വിജയൻറെ സ്മാരകഭൂമി!

സഹോദരി ശാന്തക്ക് തസ്രാക്കിലെ ഏകാധ്യാപക വിദ്യാലയത്തിൽ ജോലി കിട്ടിയപ്പോൾ, വാടകക്കെടുത്ത ഞാറ്റുപുരയിൽ അവരുടെ കുടുംബത്തോടൊപ്പം താമസിക്കാൻ, തൊഴിൽ നഷ്ടപ്പെട്ടു വെറുതെ വീട്ടിലിരുന്നിരുന്ന വിജയനും എത്തിയിരുന്നു. ശാന്തയുടെ ശിക്ഷകജോലി തന്നെയാണ്





ഖസാക്കിലെത്തി രവിയും ഏറ്റെടുത്തു ചെയ്തത്. തസ്രാക്കിലെ വിജയൻറെ അനുഭവമാണ് ഖസാക്കിലെ രവിയുടേത്.

എന്നാൽ നിഗൂഢ സ്വഭാവമാണ് ഖസാക്കിന്. യഥാർത്ഥത്തിൽ, സ്വത്വം തേടിയാണ് രവി ഇവിടെ എത്തിയത്. രവി തീർത്ത 'Shangri-La' യിൽ വിജയൻറെ നവീകരണം നടക്കുന്നു. അതുവരെ ഉള്ളിലേറ്റിയ ആശയത്തോട് വേദനയോടെ വിട പറയുകയായിരുന്നു. പന്ത്രണ്ടു വർഷത്തെ തീവ്രമായ ചിന്തനങ്ങൾക്കൊടുവിൽ പരിവർത്തനം പൂർത്തിയായി. മലയാള സാഹിത്യ ചരിത്രത്തിലെ പ്രഥമ മാജിക്കൽ റിയലിസം പെറ്റുവീണു -- ഖസാക്കിന്റെ ഇതിഹാസം!



ഇത് അതുവരെയുണ്ടായിരുന്ന സകല മലയാള സാഹിത്യസങ്കൽപ്പങ്ങളെയും മാറ്റിമറിച്ചു! പ്രമേയവും അതുപറഞ്ഞ രീതിയുമാണ് ഒരു സാഹിത്യ സൃഷ്ടിയുടെ ഉൽകൃഷ്ടങ്ങളെങ്കിൽ, ഇതിഹാസത്തിന് മലയാള ഭാഷയിൽ സമാനതകളില്ല. മുന്നെ കേട്ടിട്ടില്ലാത്തതൊന്ന്, മുന്നെ കേട്ടിട്ടില്ലാത്തൊരു ഭാഷയിൽ! ഏറ്റവും ലളിതമായ രീതിയിൽ ഇതിഹാസത്തെ ഇങ്ങിനെ നിർവചിക്കാം. ഒരൊറ്റ ഇതിവൃത്തമല്ല, നൂറുകണക്കിനു കഥാപാത്രങ്ങളുടെ ജീവിതവുമായുള്ള ഏറ്റുമുട്ടലുകളുടെ ഒരു പരമ്പരയാണ് ഈ ഇതിഹാസം. ഐക്യരൂപമില്ലാത്ത ശ്ലഥചിത്രങ്ങൾ!

ഞാറ്റുപുരയിലും, തസ്രാക്കിലെ നാട്ടുമ്പറമ്പിലും, മൈലാഞ്ചി ചെടികൾ വളരുന്ന പാടവരമ്പത്തും, കാളവണ്ടികൾ അരിച്ചു നീങ്ങുന്ന ഇടവഴികളിലും വിജയൻ കണ്ടതും കാണാതെ അറിഞ്ഞതുമാണ് ആധാരഭൂതമായ ദ്രവ്യമെങ്കിലും, മിത്തും, ഫോക്കും, സങ്കൽപ്പവും, വൈരുദ്ധ്യവും, വിചിത്രഭാവനയും, ഗൂഢാർത്ഥങ്ങളുമെല്ലാം





വേണ്ടുവോളമുണ്ട് ഇതിഹാസത്തിൽ. എന്നാൽ, കാൽപനികതയുടേയും യാഥാർത്ഥ്യത്തിൻറേയും ഇടക്ക് വിജയൻറെ അതിസൂക്ഷ്മമായ പോക്കുവരവ് അറിയണമെങ്കിൽ വായനക്കാരനും ഇതിഹാസ സൃഷ്ടാവിൻറെയത്ര ക്രാഫ്റ്റ്മാൻഷിപ്പ് കാലിബർ ഉണ്ടായിരിക്കണം. വിജയൻറെ പ്ലോട്ടുകളിൽ സഹജമായി കാണുന്ന mystical charm എന്ന മനം കവരുന്ന സവിശേഷത, അദ്ദേഹത്തിൻറെ ഈ വൈദഗ്ദ്ധ്യത്തിൽ നിന്ന് ജന്മം കൊണ്ടതാണ്!




കേരളത്തിലെ ഏറ്റവും പ്രിയമേറിയ ലിറ്ററി ട്രാവൽ ഡെസ്റ്റിനേഷനാണ് ഇന്ന് തസ്രാക്ക് എന്നറിഞ്ഞപ്പോഴാണ് സന്ദർശിക്കാൻ തീരുമാനിച്ചതെങ്കിലും, അവിടെ ഒരു 'high-tech' ഞാറ്റുപുരയല്ല പ്രതീക്ഷിച്ചിരുന്നത്! ഞാറ്റിൻ കെട്ടുകളും, വയ്ക്കോൽ കൂനകളും, നെൽചാക്കുകളും, അരിവാളും, കൈക്കോട്ടും, നിലം തല്ലിയും മറ്റുമൊക്കെയുള്ള ഒരു കളപ്പുര ആയിരുന്നു മനസ്സിൽ. ഏറെ തിരഞ്ഞതിന് ശേഷമാണ് കുറച്ച് മുറങ്ങൾ മാത്രം ഞാറ്റുപുരയുടെ പിൻഭാഗത്ത്, വെളിയിൽ തൂക്കിയിട്ടിരിക്കുന്നത് കണ്ടത്. ഞാറ്റുപുരയുടെ ആകെയുള്ള തിരുശേഷിപ്പുകൾ!

കെട്ടിടത്തിൻറെ കോലായയും, തിണ്ണയും, ചായിപ്പുമൊക്കെ പഴയതുപോലെത്തന്നെ നിലനിർത്തിയിട്ടുണ്ടെങ്കിലും, ഞാറ്റുപുരക്കകത്ത് ഞങ്ങൾ കണ്ടത്, ലേപ്ടോപ്പും, പ്രോജക്റ്ററും, ഹോം തിയേറ്റർ സ്ക്രീനും, സർവൈലൻസ് കേമറകളും, CCTV യും, എയർകണ്ടീഷനറുമൊക്കെയാണ്! പ്രതീകാത്മകമായെങ്കിലും കാർഷികോപകരണങ്ങൾ ഞാറ്റുപുരയിലും പരിസരത്തും ഇല്ലാതെ പോയതിലെന്തോ അനൗചിത്യം തോന്നി. തേവാരത്തു ശിവരാമൻ നായരിൽനിന്നും വിജയൻറെ സഹോദരി വാടകക്കെടുത്ത ഞാറ്റുപുര ഇങ്ങിനെയായിരുന്നില്ലല്ലൊ! നവീകരണമാകാം, പക്ഷെയത് പൂർവ്വകാലത്തെ ചുരണ്ടിക്കളഞ്ഞിട്ടാവരുത്!

അറബിക്കുളത്തിലേക്കുള്ള ടൈൽ വിരിച്ച നടപ്പാതയിപ്പോൾ കഥാപാത്രങ്ങളുടേയും കഥാസന്ദർഭങ്ങളുടേയും ഒരു കലാശാലയാണ്. ശിൽപവനവും, ഫോട്ടോഗാലറിയും, കാർട്ടൂൺ ഗാലറിയും, ലൈവ് തിയേറ്ററും ചേലൊത്ത് പണിതതിൻറെ കൂട്ടത്തിൽ, ഞാറ്റുപുരയുടെ മൗലികതയും കുറച്ചൊക്കെ പരിഗണിക്കാമായിരുന്നു.

''രവിയുടെ പണിക്കാരി ആബിദ വന്ന് തുണി മുക്കി തുടക്കാൻ തുടങ്ങിയതിനുശേഷമാണ് ഇവിടെനിന്ന് ഞാറ്റിൻറേയും ചളിയുടേയും മണം ആദ്യമായകന്നത്,'' വിജയൻറെ നോവലിൽ ഞാറ്റുപുരയെ വിശേഷിപ്പിച്ചത് ഇങ്ങിനെയാണ്! ആരും മറന്നു കാണില്ല.

തുമ്പിയും, പാമ്പും, മയിലും, ഓന്തും, ചിലന്തിയും, മാധവൻനായരും മുതൽ അള്ളാപ്പിച്ച വരെയുള്ള കഥാപാത്രങ്ങൾ, താന്താങ്ങളുടെ കല്ലിൽ കൊത്തിവെച്ച രൂപത്തിൽ നിന്ന്, ഖസാക്കിൽ ഏറ്റവും ഒടുവിലെത്തിയ അതിഥികളെ കിഴക്കെ അതിർത്തിയിൽനിന്ന് ഊഷ്മളമായി ഉറ്റുനോക്കിയപ്പോൾ, ഞങ്ങളും അൽപ്പ സമയം

അവരുടെ സാമ്രാജ്യത്തിലെ ആരൊക്കെയൊ ആയിത്തീർന്നു.

'ബാല്യമോ യൗവനമോ വാർദ്ധക്യമോ മുഖത്തു തെളിയാത്ത' അപ്പുക്കിളിയുടേയും, ദീനം വന്ന്, ആദ്യം മകൻ കുഞ്ഞുനൂറിനേയും, പിന്നീട് മകൾ ചാന്തുമുത്തുവിനേയും നഷ്ടമായ ചാന്തുമ്മയുടേയും ശോകങ്ങൾ മനസ്സിലെവിടയൊ തളംകെട്ടി നിന്നു. അവരോട് എന്തെങ്കിലും സാന്ത്വന വാക്കുകൾ പറയാൻ


കഴിഞ്ഞിരുന്നെങ്കിൽ!

മൈമൂന 'അങ്ങിനെയൊക്കെ' ആയിരുന്നുവെങ്കിലും, അവളുടെ ശിൽപം തേടി കണ്ണുകൾ അവിടെയെല്ലാം അലയാതിരുന്നില്ല. അവൾ, 'ആ ഉടലിൻറെ ധാരാളിത്തത്തിന് പൊന്ന് വേണ്ടെന്ന് കണ്ടവരെല്ലാവരും പറഞ്ഞ ഖസാക്കിലെ യാഗാശ്വം'!

ഇന്നത്തെപോലെ സ്ത്രീപക്ഷവാദം എന്ന പദം നാഴികക്കു നാൽപ്പതുവട്ടം പുരുഷന്മാർ ഉരുവിടാൻ തുടങ്ങാത്ത ഒരുകാലത്ത്, ജീവിതം തനിക്കു നൽകിയ വിണ്ടുകീറിയ യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ പതറാതെ നിന്ന മൈമൂനയക്കുറിച്ച് മിണ്ടാതിരിക്കുന്നതാണ് ഉത്തമം എന്നാണെങ്കിൽ പറയട്ടെ, രവി എന്ന പേര് ഉരുവിടുന്നത് ആദ്യമേ നിർത്തണമായിരുന്നു! കൃശഗാത്രനെങ്കിലും കരുത്തുള്ള ആ ധിക്കാരിക്കു നാം കൊടുക്കുന്ന ആനുകൂല്യത്തിൻറെ ചെറിയ ഒരംശമെങ്കിലും, വശംവദയാകേണ്ടിവന്ന മൈമൂനക്ക് അനുവദിച്ചുകൂടേ?

കൂമൻകാവിലെ രാഗരൂപിണി, കോയമ്പത്തൂരിൽ ഇപ്പോഴും ജീവിച്ചിരിക്കുന്നുവെന്നത്, അന്വേഷണം ബാക്കിനിൽക്കേ, എന്റെ ഒരു കേട്ടറിവാണ്. ഞങ്ങൾ അന്വേഷിക്കും, ഞങ്ങൾ അവിടേയും ചെല്ലും! അവർക്കിപ്പോൾ മരിച്ചുപോയ എന്റെ മാതാവിൻറെയത്ര പ്രായം കാണുമല്ലൊ. എന്തൊക്കെ ആയാലും, കഥാപാത്രങ്ങളുടെ സാർവ്വലൗകികത എന്നതൊന്നല്ലേ വിജയന്റെ പുസ്തകത്തെ ഒരു best-selling ഇതിഹാസമാക്കിയത്, അമ്പതു വർഷത്തിനകം പത്തറുപതു തവണ അച്ചടിക്കാൻ അവസരമുണ്ടാക്കിയത്!





ഗഹനമായതെല്ലാം നിസ്സാരമായി ചെയ്യുന്ന നൈസാമലിയെപ്പോലെ പാതിരാക്ക് വേണ്ട, പാനീസ് വിളക്കും വേണ്ട, പകൽ വെളിച്ചത്തിൽ തന്നെ, എല്ലാം നനച്ചു അറബിക്കുളത്തിൽ ഒന്നു മുങ്ങിക്കുളിച്ചാലോ, മനസ്സു മന്ത്രിച്ചു!

ഇപ്പോൾ തയ്യാറെടുപ്പില്ല, അടുത്ത വരവിലാവാം...

ഞങ്ങൾ ഇവിടെ ഇനിയും വരും...

വരണം!

ഒരു പുസ്തകത്തിൻറെ പേരിൽ ലോകം മുഴുവൻ അറിയപ്പെടുന്ന ഈ ഊരിൽ ഓരോ വരവിലുമുണ്ടാകും ഒരോന്നറിയാൻ! നിമഗ്നമായി നിരവധി തവണ വായിച്ചാലും ഗ്രഹിക്കാനാവത്തവയാണ് രവിയുടെ ബിംബങ്ങൾ!

ഒരു ജീവിതം ജീവിച്ച്, സന്ദിഗ്ദ്ധമായതിനെല്ലാം സമാധാനം ലഭിച്ച്, ഇവിടെ നിന്നുള്ളതിൽനിന്നെല്ലാം മുക്തിയും നേടി, എന്നന്നേക്കുമായി മറ്റൊരു ലോകത്തേക്ക് പോകാൻ ഒരു വിഷസർപ്പത്തിന്റെ സഹായം കാംക്ഷിക്കുന്ന രവിയുടെ പരമാനന്ദാവസ്ഥയിൽ നമുക്കിതുവരേയും എത്താനായില്ലല്ലൊ!

മഴ പെയ്യുന്നു.

മഴ മാത്രമേയുള്ളൂ.


കാലവർഷത്തിൻറെ വെളുത്ത മഴ.

മഴ ഉറങ്ങി.

മഴ ചെറുതായി.

രവി ചാഞ്ഞുകിടന്നു.

കൂമൻകാവിലെ മൺകട്ടകൾ കാലുകൊണ്ട് നമുക്കുമൊന്നു ഇളക്കി നോക്കേണ്ടേ?


FROM THE PROMOTERS OF
KALYAN JEWELLERS
KALYAN
DEVELOPERS
www.kalyandevelopers.com
14
YEARS OF
TRUST
BUILT by
TRUST
ONGOING PROJECTS
ONGOING
HORIZON
Venpalavattom
ONGOING
PARAMOUNT
Kaloor
ONGOING
INFINITY
Near Devamatha School
ONGOING
PRIMA
Mundur
ONGOING
Legacy
Chalappuram
COMPLETED PROJECTS
READY HOMES
gateway
Venpalavattom
READY HOMES
divinity
Sreevaraham
READY HOMES
MERIDIAN
Ayyanthole
READY HOMES
UPTOWN
Patturaikkal
READY HOMES
courtyard
Chevayur
FOR MORE DETAILS & CALL: 9020 155 555

# 'നൈന' കോൺഫറൻസ്: വിജയത്തിനു പിന്നിലെ സംഘാടനമികവുമായി 'പിയാനോ'



ആഷാ മാത്യു

ന്യൂയോർക്ക്: നാഷണൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ നഴ്സസ് ഓഫ് അമേരിക്ക (NAINA) യുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസ് വിജയകരമാക്കിത്തീർത്തതിന്റെ പിന്നിൽ പിയാനോയുടെ സംഘാടക മികവ്. NAINAയുടെ സജീവ പ്രാദേശിക ചാപ്റ്ററുകളിൽ ഒന്നായ പെൻസിൽവാനിയ ഇന്ത്യൻ അമേരിക്കൻ നഴ്സസ് അസോസിയേഷ (PIANO)നായിരുന്നു സെപ്റ്റംബർ 19, 20 തീയതികളിൽ നടന്ന കോൺഫറൻസിന്റെ മുഖ്യ സംഘാടകർ.

നൈനയുടെ അഞ്ചാമത് കോൺഫറൻസ് ഇന്ത്യൻ വംശജരായ നഴ്സുമാരെ ശാക്തീകരിക്കുന്നതിനും അവരുടെ സംഭാവനകൾ എടുത്തുകാണിക്കുന്നതിനും നഴ്സിംഗ് തൊഴിലിനെ ബാധിക്കുന്ന പ്രധാന വിഷയങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനുമെല്ലാമുള്ള വേദിയായപ്പോൾ കോൺഫറൻസിനെ തങ്ങളുദ്ദേശിച്ച രീതിയിൽ സപ്പോർട്ട് ചെയ്യാൻ കഴിഞ്ഞതിന്റെ സംതൃപ്തിയിലാണ് പിയാനോ ഭാരവാഹികൾ. PIANO പ്രസിഡന്റ്

ബിന്ദു എബ്രഹാം, എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ബ്രിജിറ്റ് വിൻസെന്റ് തുടങ്ങിയവർ എല്ലാ രീതിയിലും പരിപാടികൾ കോഡിനേറ്റ് ചെയ്യുന്നതിൽ സജീവമായി പ്രവർത്തിച്ചു.

വൈസ് പ്രസിഡന്റ് സൂസൻ സാബു, സെക്രട്ടറി അനോഖ റോയി, ജോ. സെക്രട്ടറി സിമി തോമസ്, ട്രഷറർ ലൈലാ മാത്യു, ജോ. ട്രഷറർ ജിഷാ തോമസ്, ഓഡിറ്റർ മറിയാമ്മ തോമസ്, എപിആർഎൻ ചെയർ ലീന തോമസ്, എപിആർഎൻ കോ ചെയർ-ജാൻസി ജോർജ്, ടിന, ബ്രിജിറ്റ് പാറപ്പുറത്ത്, അഡ്വൈസറി ബോർഡ് ചെയർ- സാറ ഐപ്, അഡ്വൈസറി ബോർഡ് മെമ്പേർസ്-സന്തോഷ് സണ്ണി, ജോർജ് നടവയൽ, എജ്യുക്കേഷൻ ചെയർ ഷേർലി ജീവൻ, എജ്യുക്കേഷൻ കോ ചെയർ- ടിന്റു ജോർജ്, ജെയ്സി ഐസക്, റിസർച് ആൻഡ് പ്രൊഫഷണൽ ഡവലപ്മെന്റ് ചെയർ സെൽവ സുനിൽ, അവാർഡ്സ് ആൻഡ് സ്കോളർഷിപ് ചെയർ ജ്യോതി സിജു, റിസർച് ആൻഡ് പ്രൊഫഷണൽ ഡവലപ്മെന്റ് കോ ചെയർ-ജെസ്സീക്ക മാത്യു, ആനി ജോബി, ബൈ ലോ ചെയർ ഡെയ്സി മാനുവൽ, പബ്ലിക് റിലേഷൻ ചെയർ ജോർജ് നടവയൽ, കൾച്ചറൽ പ്രോഗ്രാം ചെയർ-നിമ്മി ദാസ്, കൾച്ചറൽ പ്രോഗ്രാം കോ ചെയർ- ആഷാ തോമസ്, ഫണ്ട്റെയ്സിങ് ആൻഡ് ചാരിറ്റി ചെയർ-സ്വീറ്റി സൈമൺ, വെബ്സൈറ്റ് ആൻഡ് കമ്യൂണിക്കേഷൻ ചെയർ-ബിന്ദു ജോർജ്, മെമ്പർഷിപ് ചെയർ-മെർലി പാലത്തിങ്കൽ, കോ ചെയർ- മോളി രാജൻ തുടങ്ങി പിയാനോയുടെ മറ്റു ഭാരവാഹികളെല്ലാം തന്നെ നേതൃനിരയിലും മറ്റു പ്രവർത്തനങ്ങളിലും സജീവസാന്നിധ്യമായി.




പുതിയ ഭരണസമിതിയുടെ സത്യപ്രതിജ്ഞാച്ചടങ്ങിൽ വെച്ചു തന്നെ നൈനയുടെ അഞ്ചാമത് കോൺഫറൻസിനെക്കുറിച്ചും അത് വിജയമാക്കിത്തീർക്കേണ്ടതിനെക്കുറിച്ചും പിയാനോ ഭാരവാഹികൾ സംസാരിച്ചിരുന്നു. അതിനുള്ള പ്ലാനുകൾ പിന്നീട് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തു. നൈനയുടെ എപിആർഎൻ ചെയറും കഴിഞ്ഞ രണ്ടു വർഷമായി പിയാനോയുടെ ഒരു വിംഗായി പ്രവർത്തിക്കുകയും ചെയ്യുന്ന ഡോ. ബിനു ഷാജിമോൻ കോൺഫറൻസിനെക്കുറിച്ച് അംഗങ്ങളോട് വിശദമായി സംസാരിച്ചിരുന്നു. പിയാനോ മുൻ പ്രസിഡന്റും നിലവിൽ അഡ്വൈസറി ബോർഡ് ചെയറും നൈനയുടെ ഈവന്റ് ഫണ്ട്റെയ്സിങ് കോഡിനേറ്ററുമായ സാറ ഐപ് നൈന കോൺഫറൻസിന് ആവശ്യമായ ഫണ്ടിനെക്കുറിച്ചും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും നേരത്തെ ബോധ്യപ്പെടുത്തിയിരുന്നു. വളരെ നേരത്തേ തന്നെ കോൺഫ



റൻസിനെക്കുറിച്ച് പ്ലാൻ ചെയ്യുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം കൃത്യമായി കോഡിനേറ്റ് ചെയ്യുകയും ചെയ്തത് വഴി നൈനയുടെ അഞ്ചാമത് ക്ലിനിക്കൽ എക്സലൻസ് ആൻഡ് ലീഡർഷിപ്പ് കോൺഫറൻസിന്റെ വൻ വിജയത്തിനു അണിയറപ്രവർത്തകരാകാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലാണ് പിയാനോ അംഗങ്ങൾ.



'ഇടപഴകുക, പഠിപ്പിക്കുക, ശാക്തീകരിക്കുക: പ്രാക്ടീസ്, ലീഡർഷിപ്പ്, ഇന്നൊവേഷൻ എന്നിവയിലൂടെ നഴ്സിംഗ് മികവ് മെച്ചപ്പെടുത്തുക' എന്ന പ്രമേയത്തിൽ

രണ്ടു ദിവസങ്ങളിലായി നടന്ന കോൺഫറൻസിൽ വിദഗ്ധരുടെ പാനൽ ചർച്ചകൾ, പ്രഭാഷണങ്ങൾ, വിവിധ സെഷനുകൾ എന്നിവ അരങ്ങേറി. പിയാനോ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ശ്രീമതി ബ്രിജിറ്റ് വിൻസെന്റ്, പിയാനോ വൈസ് പ്രസിഡന്റ് ശ്രീമതി സൂസൻ സാബു എന്നിവരുടെ നേതൃത്വത്തിൽ നടന്ന ഗാല നൈറ്റ് കോൺഫറൻസിലെ ഹൈലൈറ്റുകളിലൊന്നായിരുന്നു. പിയാനോ അംഗങ്ങളായ സൂസൻ സാബു, ഷേർലി ജീവൻ, ടിന്റു ജോർജ്, ജെസ്സീക്ക മാത്യു തുടങ്ങിയവരായിരുന്നു മാസ്റ്റർ ഓഫ് സെറിമണി. കാലിഫോർണിയ മുതൽ ന്യൂയോർക്ക് വരെയുള്ള മുപ്പതോളം സംസ്ഥാനങ്ങളിൽ നിന്നുള്ള നഴ്സുമാരുടെ പങ്കാളിത്തം കോൺഫറസിന്റേയും നൈനയുടേയും കരുത്ത് വെളിപ്പെടുത്തുന്നതായിരുന്നു.



അമേരിക്കൻ നഴ്സസ് അസോസിയേഷന്റെ നഴ്സിംഗ് പ്രോഗ്രാം ഡയറക്ടർ ഡോ. കാറ്റി ബോസ്റ്റൺ-ലിയറി, ജെഫേഴ്സൺ ഹെൽത്തിലെ ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. ക്ലെയർ മൂണി, ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ ചീഫ് നഴ്സിംഗ് ഓഫീസർ ഡോ. ചൗഡ്രോൺ കാർട്ടർ ഷോർട്ട് എന്നിവർ കോൺഫറൻസിൽ മുഖ്യ പ്രഭാഷകരായി. ക്ലിനിക്കൽ മികവ്, നഴ്സിംഗ് നേതൃത്വം, ആരോഗ്യ സംരക്ഷണമേഖലയിലെ വികസനത്തിന്റെ ഭാവി എന്നിവയെക്കുറിച്ച് ഇവരോരോരുത്തരും ഫലപ്രദമായ സെഷനുകൾ നടത്തി. ജാരെഡ് സോളമൻ, മിസ്റ്റർ സേത്ത് ബ്ലൂസ്റ്റൈൻ (ഇലക്ഷൻ കമ്മീഷണർ), ടെമ്പിൾ യൂണിവേഴ്സിറ്റിയിലെ കോളേജ് ഓഫ് പബ്ലിക് ഹെൽത്തിലെ നഴ്സിംഗ് ഡിപ്പാർട്ട്മെന്റ് ചെയർപേഴ്സൺ ഡോ. അമിത അവധാനി തുടങ്ങിയവരുടെ സാന്നിധ്യവും കോൺഫറൻസിന് നിറം പകർന്നു.

NAINA യുടെ പ്രസിഡന്റ് ശ്രീമതി ഉമാമഹേശ്വരി വേണുഗോപാലിന്റെ നേതൃത്വത്തിലാണ് കോൺഫറൻസ് ഭംഗിയായി നടന്നത്. NAINA എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ലിഫി ചെറിയാൻ, നാഷണൽ കൺവീനറും വൈസ് പ്രസിഡന്റുമായ താര ഷാജൻ, പിയാനോ പ്രസിഡന്റും ചാപ്റ്റർ കൺവീനറുമായ ബിന്ദു എബ്രഹാം, NAINA APN ചെയർമാനും കൺവീനറുമായ ഡോ. ബിനു ഷാജിമോൻ, ചഅകചഅ ഫണ്ട്റൈസിംഗ് ചെയർപേഴ്സൺ സാറാമ്മ ഐപ്പ് എന്നിവർ നേതൃനിരയിലെ ശക്തമായ സാന്നിധ്യമായി.


NEW CAR KEYS
ARE KEY TO SAVING ON CAR INSURANCE
Call me today to see
How much you can save with
Allstate's New Car Discount
Allstate®
You're in good hands.
CALL
718 831 6500
Joseph V Thomas
(റജി വലിയകാല)
256-10 Union Turnpike
Floral Park, NY 11004
josephthomas@allstate.com
www.jvtassociates.com
30 Plus years
in Insurance
Business
We Offer 6 Hours Defensive Driving Course in NY/NJ

# സീറോ മലബാർ മിസ്സിസ്സാഗാ രൂപതയുടെ പത്താം വർഷത്തോടനുബന്ധിച്ചു നടത്തിയ സർഗസന്ധ്യ 2025 ഗംഭീര വിജയം

**ഷിബു കിഴക്കേകുറ്റ് കാനഡ**

മിസ്സിസ്സാഗാ രൂപതയുടെ പത്താം വർഷത്തിനോട് അനുബന്ധിച്ച് നടത്തിയ സർഗസന്ധ്യ 2025 ഗംഭീര വിജയമെന്നു മിസ്സിസാഗാ രൂപത അധ്യക്ഷൻ മാർ ജോസ് കല്ലുവേലിൽ അറിയിച്ചു. സെപ്റ്റംബർ 13നു Whitby കാനഡ ഇവന്റ് സെന്ററിൽ നടന്ന പരിപാടിയിൽ ആയിരത്തി അഞ്ഞൂറിൽ പരം ആളുകൾ പങ്കെടുത്തു. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യ അതിഥിയായി പരിപാടിയിൽ പങ്കെടുത്തു.

വിശുദ്ധ കുർബാനയെ ആസ്പദമാക്കി നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ മലയാളം ബിബ്ലിക്കൽ മ്യൂസിക്കൽ ഡ്രാമ എറ്റെർനിറ്റി, നൂറ്റമ്പതിൽ പരം





കലാകാരൻമാർ ചേർന്ന് അവതരിപ്പിച്ചു. അതുപോലെ തന്നെ യുവജനങ്ങൾ അണിയിച്ചൊരുക്കിയ ബ്യൂട്ടി ആൻഡ് ദി ബീസ്റ്റ് കഥയെ ആസ്പദമാക്കിയുള്ള റിഡെംപ്ഷൻ എന്ന മ്യൂസിക്കൽ ഡ്രാമ കാണികളുടെ ഹൃദയം കവർന്നു.

മിസ്സിസ്സാഗാ രൂപത അധ്യക്ഷൻ ജോസ് പിതാവിന്റെ രചനയിലും പ്രശസ്ത സംഗീതജ്ഞൻ കാർത്തിക് മാസ്റ്ററിന്റെ സംഗീതത്തിൽ നിന്നും ഉരുവായ 'ഒന്നിച്ചൊന്നായി ഉണരാം' എന്ന മിസ്സിസ്സാഗ രൂപതയുടെ മിവേലാ വിവിധ ഇടവകയിൽനിന്നും അമ്പതോളം ഗായകർ ചേർന്ന് ആലപിച്ചപ്പോൾ പരിപാടിക്ക് ഗംഭീര തുടക്കം കുറിച്ചു.

പരിപാടിയുടെ മെഗാ സ്പോൺസർ ജിബി ജോൺ, പ്ലാറ്റിനം സ്പോൺസർ ഡോക്ടർ സണ്ണി ആൻഡ് ത്രേസിയാമ്മ ജോൺസൻ ഗോൾഡ് സ്പോൺസർസ്, സിൽവർ സ്പോൺസർസ് സൂപ്പർ പാക് (പാസ്ട്രോൾ ആക്ഷൻ കൌൺസിൽ) എന്നിവരെ ആദരിച്ചു.

ജിമ്മി വർഗീസ്, ആൻജെല ജെയിംസ് എന്നിവരുടെ നേതൃത്വത്തിൽ റിയ മാത്യു സംവിധാനം ചെയ്ത റിഡെംപ്ഷനും, തോമസ് വർഗീസിന്റെ നേതൃത്വത്തിൽ ബിജു തയൽച്ചിറ സംവിധാനം ചെയ്ത ഏറ്റെർനിറ്റിയും മികച്ച പ്രകടനം കാഴ്ചവച്ചു.

സീറോ മലബാർ സഭയുടെ വ്യക്തിത്വം പ്രദർശിപ്പിയ്ക്കുന്നതിനൊപ്പം ദിവ്യകാരുണ്യ ആത്മീയത പ്രചരിപ്പിക്കുക, പ്രാദേശിക പ്രതിഭകൾക്ക് അവസരം കൊടുക്കുക, രൂപതയുടെ അജപാലന ശുശ്രൂഷയെ ശക്തിപ്പെടുത്തുക എന്നിവയും സർഗസന്ധ്യ 2025 കൊണ്ട് സാധിച്ചു

ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എക്സിക്യൂട്ടീവ് ടീം അംഗങ്ങളായ ജോഷി കൂട്ടുമ്മേൽ (ഇവെൻറ്റ് ഡേ മാനേജ്മെന്റ് ), വിൻസെന്റ് പാപ്പച്ചൻ (മീഡിയ), സന്തോഷ് ജേക്കബ് (സ്പോൺസർഷിപ്), സുഭാഷ് ലൂക്കോസ് (ടിക്കറ്റിങ്), സന്തോഷ് മാത്യു ആൻഡ് ജോൺ ചേന്നോത് (ഫിനാൻസ്)

അതുപോലെ തന്നെ സ്നേഹ ബഹുപണപ്പെട്ട ഫാ. പത്രോസ് ചമ്പക്കര (കോ പാട്രോൺ), ഫാ. ഫാ. ജേക്കബ് എടക്കളത്തൂർ (കോ പാട്രോൺ), അഗസ്റ്റിൻ കല്ലുങ്കത്തറയിൽ (ലീഡ് ചെയർ), ഫാ. ജോജോ ചങ്ങനംതുണ്ടത്തിൽ (ഫിനാൻസ്),


ഫാ. ടെൻസൺ താണിക്കൽ (Oshawa പാരിഷ്) , ഫാ. ബൈജു ചാക്കേരി (Scarbrough പാരിഷ്), ഫാ. ഷിജോ (Hamilton പാരിഷ്), ഫാ. ബെന്നി താനിനിൽക്കും തടത്തിൽ, (Ottawa പാരിഷ്), ഫാ. ജിജിമോൻ മാളിയേക്കൽ ആൻഡ് ഫാ. ഹരോൾഡ് ജോസ് അവരുടെ അജപാലന നേതൃത്വത്തിനും പ്രോത്സാഹനത്തിനും

പരിപാടിയുടെ ജനറൽ കൺവീനർ ജോളി ജോസഫ് നന്ദി പറഞ്ഞു.









the cotillion
Outstanding Chinese cuisine
Our Asian Fusion restaurant is known for its modern classic dishes
Authentic Indian food rich in flavor and taste
Conveniently located on Jericho Turnpike
Excellent service and friendly staff
the cotillion
440 Jericho Turnpike
JERICHO, NY 11753
(516) 938-3300
The Cotillion is guaranteed to be a great dine experience
The Cotillion has sophisticated and inviting atmosphere

# 'പർവ്വം" എന്ന ഇതിഹാസ സമാനമായ കൃതിയിലൂടെ "മഹാഭാരത" ത്തിന്റെ പുനഃസൃഷ്ടി നടത്തിയ ഭൈരപ്പ





**അശോകൻ വേങ്ങശ്ശേരി**

അഗാധപണ്ഡിതനും തത്വചിന്തകനും ഇന്ത്യയിലെ അറിയപ്പെടുന്ന സാഹിത്യകാരനുമായിരുന്ന എസ്. എൽ. ഭൈരപ്പയുടെ മരണം വലിയ നഷ്ടബോധത്തോടെയാണ് ഓർമ്മിക്കുന്നത്. ഇക്കഴിഞ്ഞ സെപ്റ്റംബർ 24-നു ബാംഗ്ലൂരിൽ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ ഇരിക്കെയാണ് കന്നഡ സാഹിത്യത്തിലെ കുലപതിയായിരുന്ന അദ്ദേഹം തന്റെ തൊണ്ണൂറ്റിനാലാം വയസ്സിൽ അന്തരിക്കുന്നത്.

പത്മഭൂഷൺ, സരസ്വതി സമ്മാൻ, പത്മശ്രീ, കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ്, കർണാടക സാഹിത്യ അക്കാഡമി അവാർഡ് തുടങ്ങിയ നിരവധി അംഗീകാരങ്ങൾക്കു പാത്രീഭൂതനായ അദ്ദേഹം ഇരുപത്തിയാറു നോവലുകൾ എഴുതിയിട്ടുണ്ട്. രാജ്യത്തെ വിവിധ സർവകലാശാലകളിൽ മനഃശാസ്ത്രം, ഫിലോസഫി എന്നീ വിഷയങ്ങൾ പഠിപ്പിച്ചിട്ടുള്ള അദ്ദേഹം വിദ്യാഭ്യാസ വിചക്ഷണൻ എന്നീ നിലയിലും തന്റെ മികവ് തെളിയിച്ചിട്ടുണ്ട്. ലോകത്തെ മിക്കവാറും എല്ലാ രാഷ്ട്രങ്ങളും സന്ദർശിക്കുകയും വിവിധ ഭാഷകളെയും സംസ്കാരങ്ങളെയും അടുത്തറിയാനും അദ്ദേഹം ശ്രമിച്ചിട്ടുമുണ്ട്. മലയാളമുൾപ്പെടെ മിക്കവാറും എല്ലാ ഇന്ത്യൻ ഭാഷകളിലും ഇംഗ്ളീഷിലും അദ്ദേഹത്തിന്റെ കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കന്നഡയിൽ ഏറ്റവും വായിക്കപ്പെട്ടിട്ടുള്ള എഴുത്തുകാരൻ എന്നതിനപ്പുറം ഹിന്ദിയും മറാട്ടിയും ഉൾപ്പെടെ മിക്ക ഭാരതീയ ഭാഷകളിലെയും വായനക്കാർക്കും ഭൈരപ്പ പരിചിതനാണ്.

ധിഷണാശാലിയായ അദ്ദേഹത്തിന്റെ മൗലികചിന്തകൾ ഇന്ത്യൻ ബൗദ്ധികസമൂഹത്തിന്റെ പുരോഗമനപരം എന്ന ലേബലിലുള്ള പല പൊതു നിലപാടുകളുടെയും പൊള്ളത്തരം അനാവരണം ചെയ്യുന്നുണ്ട്. ഒരുപക്ഷെ ഇതാകാം ലാറ്റിൻ അമേരിക്കൻ എഴുത്തുകാരായ ഗബ്രിയേൽ മാർക്കേസിനെയും പാബ്ലോ നെരൂദയെയും പൗലോ കെയിലോയെയും ലെബനീസ് അമേരിക്കൻ കവിയായ ഖലീൽ ജിബ്രാനെയും ജർമ്മൻ നോവലിസ്റ്റായ ഗുന്തർഗ്രാസ്സിനെയും മറ്റും നെഞ്ചോടുചേർത്ത പ്രബുദ്ധനായ മലയാളി, നമ്മോടു ചേർന്നുകിടക്കുന്ന കർണാടക സംസ്ഥാനത്തു ജനിക്കുകയും ജീവിക്കുകയും എഴുതുകയും ഏതാണ്ട് എഴുപതിറ്റാണ്ടോളം സാഹിത്യപ്രവർത്തനരംഗത്തു നിറഞ്ഞുനിൽക്കുകയും ചെയ്ത ഭൈരപ്പയെ അവഗണിക്കുവാൻ ഒരു കാരണം. നിർഭാഗ്യവശാൽ, ഭൈരപ്പയെ വേണ്ടവണ്ണം വായിക്കപ്പെടാതെ പോവാൻ അത് കാരണമാവുകയും ചെയ്തു. എന്നാൽ എത്ര തമസ്ക്കരിക്കപ്പെടാൻ ശ്രമിച്ചാലും അദ്ദേഹത്തിന്റെ സർഗ്ഗവൈഭവത്തിന്റെ ശക്തി ഇന്നല്ലെങ്കിൽ നാളെ മലയാളിയെയും കീഴ്പ്പെടുത്തുക തന്നെ ചെയ്യും.

വളരെ അവിചാരിതമായിട്ടാണ്

ഭൈരപ്പ എന്ന എഴുത്തുകാരനെ ഞാൻ അറിയുവാൻ ഇടയായത്. ശ്രീനാരായണഗുരുവിനെക്കുറിച്ചു ഞാൻ ഇംഗ്ളീഷിൽ എഴുതിയ ''ശ്രീനാരായണഗുരു ദി പെർഫെക്റ്റ് യൂണിയൻ ഓഫ് ബുദ്ധ ആൻഡ് ശങ്കര'' എന്ന പുസ്തകത്തിന്റെ കന്നഡ പരിഭാഷയുമായി ബന്ധപ്പെട്ടു ഏതാണ്ട് മൂന്നു വർഷങ്ങൾക്കുമുൻപ് നടത്തിയ ബാംഗ്ലൂർ യാത്രയാണ് അതിനു വേദിയൊരുക്കിയത്. കന്നഡ പരിഭാഷയുടെ എഡിറ്ററായും കാർമ്മികനായും സഹായിച്ചുകൊണ്ടിരിക്കുന്ന പ്രശസ്ത കന്നഡ-മലയാള സാഹിത്യകാരനായ സുധാകരൻ രാമന്തളിയെയും പരിഭാഷ നിർവഹിക്കുന്ന കന്നഡ എഴുത്തുകാരനായ സത്യനാരായണ രാജുവിനെയും കാണുന്നതിനുമായിരുന്നു ഞാനുൾപ്പെടുന്ന ചെറു സംഘത്തിന്റെ യാത്ര. ഒടിയൻ, ബഹുരൂപികൾ എന്നീ നോവലുകൾ ഉൾപ്പെടെ ഒട്ടുവളരെ കൃതികൾ മലയാളത്തിന് സംഭാവന ചെയ്ത പ്രതിഭാധനനായ എഴുത്തുകാരനായ പി. കണ്ണൻകുട്ടി, എഴുത്തുകാരനും പണ്ഡിതനുമായ പി. ആർ. ശ്രീകുമാർ, പ്രഭാഷണകല ഉൾപ്പെടെ നാനാ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ആത്മീയവിഷയങ്ങളിൽ അഗാധജ്ഞാനം നേടിയിട്ടുള്ള ജയരാജ് ഭാരതി തുടങ്ങിയവർ ആയിരുന്നു ഒപ്പം. കണ്ണൻകുട്ടിയും സുധാകരൻ രാമന്തളിയും ചിരപരിചിതരും ആത്മസുഹൃത്തുക്കളുമായിരുന്നു.

ശ്രീനാരായണ ദർശനത്തിൽ മാത്രമല്ല ഗുരുദേവ സാഹിത്യത്തിലും ഏറെ അവഗാഹമുള്ളയാണ് സുധാകരൻ രാമന്തളി. ഗുരുവിനെക്കുറിച്ചുള്ള ചിന്തകൾ പങ്കുവക്കുന്നതിന്റെ ഇടയിൽ ആനുകാലിക പ്രാധാന്യമുള്ള പല വിഷയങ്ങളും സാഹിത്യമുൾപ്പെടെ ചർച്ചാവിഷയമായി. രാമന്തളി ഏറെ വർഷങ്ങളായി പ്രസിഡന്റായി പ്രവർത്തിക്കുന്ന ബാംഗ്ലൂരിന്റെ ഹൃദയസ്ഥാനത്തുള്ള കൈരളീനിലയം ഹയർ സെക്കണ്ടറി സ്കൂളിലെ കോൺഫറൻസ് ഹാളിലായിരുന്നു അന്നു ഞങ്ങൾ ഒത്തുകൂടിയത്. ഞങ്ങളുടെ സൗഹൃദഭാഷണം അവസാനിക്കുന്നതിനു തൊട്ടുമുൻപ് ഒരു തടിച്ച പുസ്തകം രാമന്തളി ഇരു കൈകളിലും താങ്ങി കണ്ണൻകുട്ടിയുടെ കൈയിൽ വച്ചുകൊടുത്തു. അത് ഭൈരപ്പയുടെ ''പർവ്വം'' എന്ന നോവലിന്റെ മലയാള പരിഭാഷ ആയിരുന്നു. കേന്ദ്ര സാഹിത്യ അക്കാഡമിയുടെ പ്രസിദ്ധീകരണം. കന്നഡയിലും മലയാളത്തിലും കൃതഹസ്തനായ സുധാകരൻ രാമന്തളി എന്ന സാഹിത്യകാരൻ മലയാള വായനക്കാർക്കു നൽകിയ അപൂർവ സമ്മാനം. അദ്ദേഹത്തിന്റെ രണ്ടുവർഷക്കാലത്തെ നിരന്തര സമർപ്പണത്തിന്റെ ഫലം.

കൂടിക്കാഴ്ച കഴിഞ്ഞു ബാംഗ്ലൂരിൽ നിന്നും മടങ്ങുമ്പോൾ കാറിൽവച്ചു ഒരു കൗതുകത്തിനുവേണ്ടിയാണ് ആ പുസ്തകം കണ്ണൻകുട്ടിയിൽ നിന്നും വാങ്ങി ഞാനൊന്നു മറിച്ചുനോക്കിയത്. ഏതാണ്ട് ആയിരത്തോളം പേജുകളുള്ള ഒരു തടിയൻ പുസ്തകം. അത് കൈയിലെടുക്കുമ്പോൾ ഭൈരപ്പ ആരെന്നെനിക്കറിവില്ലായിരുന്നു. പുസ്തകം തുറക്കുമ്പോൾ ആമുഖത്തിനു മുൻപ് ഭൈരപ്പയുടെ വികാരോഷ്മളമായ ഒരു ചെറു കുറിപ്പ്. സ്നേഹമയിയായ, വിദുഷിയായിരുന്ന, മഹാഭാരത കഥകൾ പാടി തുറക്കുകയും ഉണർത്തുകയും ചെയ്ത, ജീവിതഭാരത്തിന്റെ കനത്ത നുകവും പേറി ഭർത്താവുപേക്ഷിച്ചുപോയ മക്കളെ പോറ്റിവളർത്താൻ പാടുപെട്ട ദരിദ്രയായ, തന്റെ പതിനൊന്നാം വയസ്സിൽ മരിച്ചുപോയ, മാതാവിനോടുള്ള കടപ്പാട് ഇതിലും ആർദ്രമായും ആത്മാർത്ഥമായും ആർക്കാണ് പങ്കുവെക്കാൻ കഴിയുക? പിന്നെ നാലു പേജുകൾ ഭൈരപ്പയുടെ മുഖവുര. ഏതാണ്ട് പത്തു വർഷക്കാലത്തെ നിരന്തര പഠനത്തിനു ശേഷമാണ് എഴുത്താരംഭിച്ചത്.

യാത്ര തുടരുന്നതിന്റെ ഇടയിൽ ഞാൻ പർവ്വം വായിച്ചുതുടങ്ങി. കൈയിൽനിന്നും താഴെവെക്കാൻ തോന്നിയില്ല. അത്രയ്ക്ക് ഉദ്വേഗജനകവും അതോടൊപ്പം ആസ്വാദ്യകരവുമായ പ്രതിപാദന ശൈലി. ഏതായാലും കണ്ണൻകുട്ടിയുടെ സ്വദേശമായ പാലക്കാട്ടെത്തുമ്പോഴേക്കും ആദ്യത്തെ നൂറ്റിഅമ്പതോളം താളുകൾ വായിച്ചുതീർത്തു. എന്നാൽ പുസ്തകം മടക്കിനൽകാൻ വല്ലാത്ത മടി. 'സാറേ, ഞാനിത് ഒരാഴ്ചക്കുള്ളിൽ വായിത്തുതീർത്തു സ്പീഡ്പോസ്റ്റിൽ അയച്ചുനൽകാം. അനുവദിക്കുമോ?' പുസ്തകം മടക്കിവാങ്ങാൻ കൈനീട്ടിയ അദ്ദേഹം ഏതായാലും സമ്മതിച്ചു. അങ്ങനെ ''പർവ്വ''വുമായി ഞാൻ വീട്ടിലെത്തി.

അടുത്ത ഏതാനും ദിവസങ്ങളിൽ തിരക്കായിപോയതിനാൽ പുസ്തകവായനക്കു സമയം കിട്ടിയില്ല. ഒരാഴ്ച പിന്നിട്ടത് അറിഞ്ഞതേയില്ല. അപ്പോഴാണ് കണ്ണൻകുട്ടിസാർ വിളിക്കുന്നത്: 'നോവൽ തിരികെ കിട്ടിയാൽ നന്നായിരുന്നു. ഒരു റിവ്യൂ എഴുതുവാൻ വേണ്ടിയായിരുന്നു.''

അമേരിക്കയിലേക്കുള്ള യാത്രക്ക് ഒരുങ്ങിയിരിക്കുകയിരുന്നതിന്റെ ഇടയിലായിരുന്നു ബാംഗ്ലൂർ യാത്ര എന്നതിനാൽ ചെയ്തുതീർക്കാൻ പലകാര്യങ്ങൾ ബാക്കി. വിമാനം കയറുന്നതിനു മുൻപ് പുസ്തകം കണ്ണൻകുട്ടി സാറിന് അയച്ചുകൊടുക്കുകയും വേണം. ഏതായാലും വായിച്ചുതീർക്കാതെ തിരിച്ചയക്കാൻ മനസ്സുവന്നില്ല. അമേരിക്കയിലേക്കുള്ള യാത്രക്ക് ഒരുങ്ങിയിരിക്കുകയിരുന്നതിന്റെ ഇടയിലായിരുന്നു ബാംഗ്ലൂർ യാത്ര എന്നതിനാൽ വിമാനം കയറുന്നതിനു മുൻപ് പുസ്തകം കണ്ണൻകുട്ടി സാറിന് അയച്ചുകൊടുക്കുകയും വേണം. 'ഏതായാലും വായിക്കാതെ തിരിച്ചയക്കാൻ മനസ്സുവന്നില്ല. അടുത്ത മൂന്നുനാലു ദിനരാത്രങ്ങൾ പർവ്വത്തിനുവേണ്ടി മാറ്റിവച്ചു. നോവൽ മുഴുവൻ വായിച്ചു കഴിഞ്ഞപ്പോൾ ഒരു പുതിയ വെളിച്ചം കൈവന്നപോലെ.

പ്രമേയം മഹാഭാരതമെങ്കിലും നൂതനമായ ആവിഷ്കാര രീതി. നാം വായിച്ചുശീലിച്ചു പരിചിതമാക്കിയ മഹാഭാരതമല്ല ഭൈരപ്പ ആവിഷ്കരിക്കുന്നത്. കഥയും കഥാപാത്രങ്ങളും ഉപരിപ്ലവമായി പഴയതു തന്നെ എന്നു വേണമെങ്കിൽ പറയാം. എന്നാൽ അതിൽനിന്നും അതിഭാവുകത്വത്തിന്റെയും അമാനുഷികതയുടെയും അംശങ്ങൾ ഒഴിവാക്കി ചരിത്രബോധത്തോടെയും വിശ്വാസ്യതയോടെയും കൂടുതൽ സർഗ്ഗാത്മകമായും ഓരോ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും അവതരിപ്പിച്ചിരിക്കുന്നു.

ഓരോ പേജ് മറിക്കുമ്പോഴും ഭൈരപ്പ പറയുന്ന മഹാഭാരതകഥ മറ്റാരു പറഞ്ഞിട്ടുള്ളതിനെക്കാളും കൂടുതൽ വിശ്വാസ്യയോഗ്യമാകുന്നതുപോലെ. ഇതിഹാസത്തിന്റെ രൂപഭാവങ്ങൾ മാറുകയും കഥാപാത്രങ്ങൾ നമുക്കുമുന്പ് ഈ മണ്ണിൽ ജീവിച്ചുമറഞ്ഞ യഥാർത്ഥ പൂർവികർ തന്നെ എന്ന ബോധ്യം കടന്നുവരുകയും ചെയ്യുന്നു. മഹാഭാരതകഥയെക്കുറിച്ചും കഥാപാത്രങ്ങളെ സംബന്ധിച്ചും കഥാസന്ദർഭങ്ങളെപ്പറ്റിയും മനസ്സിൽ അതുവരെ ഉണ്ടായിരുന്ന എല്ലാ സന്ദേഹങ്ങളും ഒഴിഞ്ഞു. മഹാഭാരതത്തിൽ നാം വായിച്ചിട്ടുള്ള അമാനുഷിക കഥാപാത്ര

ങ്ങളെല്ലാം നമ്മെപ്പോലെ സാധാരണ മനുഷ്യർ തന്നെ. ദേവന്മാരും അസുരന്മാരും യക്ഷ-കിന്നരന്മാരും അപ്സരസ്സുകളും ആര്യരും ആര്യേതര വിഭാഗങ്ങളായ കിരാതർ, രാക്ഷസർ, നാഗർ തുടങ്ങിയവരും എല്ലാം മനുഷ്യകുലത്തിൽ പെട്ട വിവിധ വംശങ്ങളും വർഗ്ഗങ്ങളും മാത്രം. വിഭിന്ന സ്വഭാവ സവിശേഷതകളും ശരീരപ്രകൃതിയുമുള്ള, വീഴ്ചകളും ബലഹീനതകളുമുള്ള മനുഷ്യർ മാത്രം. ശാപവും അനുഗ്രഹവും അപ്രസക്തം. ബുദ്ധിയും തന്ത്രവും കായിക ശക്തിയും പ്രധാനം.

അവരുടെ രീതികൾക്കും വിശ്വാസങ്ങൾക്കും ഇടപെടലുകൾക്കും തീർച്ചയായും വ്യത്യാസങ്ങളുണ്ട്. പക്ഷെ, ആത്യന്തികമായി എല്ലാവരും മനുഷ്യർ തന്നെ. ചുരുക്കത്തിൽ അമാനുഷിക ഇടപെടലുകൾ ഇല്ലാതെ കഥ മുഴുവൻ യുക്തിസഹമായി അവതരിപ്പിച്ചിരിക്കുന്നു. ഭൈരപ്പയുടെതന്നെ അഭിപ്രായത്തിൽ വെറും ഇരുപതുശതമാനം മാത്രമാണ് വ്യാസവിരചിതമായ മഹാഭാരതത്തിൽനിന്നും കടംകൊണ്ടിട്ടുള്ളത്. ബാക്കി എൺപതുശതമാനവും അന്വേഷണാത്മകമായ പഠനങ്ങളിലൂടെ വികസിപ്പിച്ചെടുത്ത ഭാവനയിൽ ഉരുത്തിരിഞ്ഞത്.

1966-ൽ സുഹൃത്തായ നാരായണപ്പയുമായി നടന്ന സംഭാഷണ മദ്ധ്യേയാണ് മഹാഭാരതകഥയുടെ കൂടുതൽ വസ്തുനിഷ്ഠമായ പുനരാവിഷ്കരണം ആശയമായി രൂപപ്പെട്ടത്. 1971-ലാണ് നോവൽരചനക്കുവേണ്ടിയുള്ള ഗവേഷണം തുടങ്ങിയത്. മഹാഭാരതകഥയുടെ മുദ്രകൾ പതിഞ്ഞിട്ടുള്ള ഹിമാലയസാനുക്കളിലെയും സമീപനാടുകളിലെയും സ്ഥലങ്ങളിൽ ഒരു താപസനെപ്പോലെ താമസിച്ചും അവധൂതനെപ്പോലെ അലഞ്ഞും പ്രമേയത്തോടുള്ള കൂറും ആത്മാർത്ഥതയും സത്യസന്ധതയും സ്വയം ബോധ്യപ്പെടുത്തി. മഹാഭാരതവുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ള പൗരാണിക ഗ്രാമങ്ങളിൽ അവിടുത്തെ തദ്ദേശവാസികളോടൊപ്പം താമസിച്ചു. അവരുടെ ജീവിതവും അവർക്കറിയാവുന്ന കഥകളും അറിഞ്ഞു. കാലത്തിലൂടെ അനേക സഹസ്രാബ്ദങ്ങൾ പിന്നോട്ടു യാദവരുടെ ദ്വാരകയിലും കുരുക്ഷേത്ര ഭൂമിയിലും സഞ്ചരിച്ചു. അക്കാലത്തെ നാടിനെയും ജനജീവിതത്തെയും സമുദ്രനിലയെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെക്കുറിച്ചും ഗവേഷണ നിരീക്ഷണങ്ങൾ നടത്തി. ഹിമാലയത്തിലെ ഗഢ്വാൾ മേഖലയിൽ ബഹുഭർത്തൃത്വം നിലവിലുള്ള ചില ഉൾനാടൻ ഗ്രാമങ്ങളിൽ ഈ യാത്രകൾക്കിടയിൽ താമസിച്ച അനുഭവവും അവിടുത്തുകാരിൽനിന്നും കേട്ട ‘ദ്രൗപദിയുടെ കാലം മുതൽ നിലനിന്നുവരുന്ന ഏർപ്പാട്' എന്ന അറിവും ദ്രൗപദി എന്ന ആ കഥാപാത്രത്തെ കൂടുതൽ മികവുറ്റതാക്കാൻ സഹായകകരമായിട്ടുണ്ട്. ഭീമൻ കീചകനെ കൊന്നു എന്നു വിശ്വസിക്കപ്പെടുന്ന ജയ്പ്പൂർ ജില്ലയിലുള്ള വിരാടനഗരത്തിനു സമീപം ഒരു ഗുഹാക്ഷേത്രവും അദ്ദേഹം കാണുകയുണ്ടായി. ഭാര്യയുടെ സംരക്ഷണം പ്രതിജ്ഞ ചെയ്യാൻ നവദമ്പതികൾ ഭീമനെ പൂജിക്കുവാൻ ഇന്നും അവിടെ എത്തുന്നത് നേരിൽ കണ്ടതും ഭൈരപ്പ വിവരിക്കുന്നുണ്ട്.

ഈ യാത്രകൾക്കിടയിൽ ഹിമാലയത്തിലെ ബദരീനാഥിനു സമീപമുള്ള മാനാഗ്രാമത്തിലും അദ്ദേഹം പോയിരുന്നു. മഹാഭാരതം എഴുതുന്ന വേളയിൽ വ്യാസൻ താമസിച്ചു എന്നു വിശ്വസിക്കപ്പെടുന്ന വ്യാസഗുഹയിൽ അദ്ദേഹം തീർത്ഥാടകനായി എത്തിയിട്ടുണ്ട്. അനേകായിരങ്ങൾ മരിച്ച 2013-ലെ ഉത്തരാഖണ്ഡ് പ്രളയത്തിൽ ഏതാണ്ട് മൂന്നാഴ്ചകളോളം ബദരീനാഥിൽ പെട്ടുപോയ അവസരത്തിൽ മാനഗ്രാമത്തിലെ വ്യാസഗുഹയിൽ ഏതാനും നിമിഷങ്ങൾ ധ്യാനനിമഗ്നനായിരിക്കുവാൻ എനിക്കും കഴിഞ്ഞിരുന്നു (ശിവഗിരിമഠത്തിൽ നിന്നും തീർത്ഥാടകരായെത്തിയ സംഘത്തിലെ ഒരംഗമായിരുന്നു ഞാൻ).

മഹാഭാരതയുദ്ധം ആദിമ ഭാരതത്തിൽ നടന്ന ആദ്യത്തെ ഏറ്റവും പ്രചണ്ഡമായ മഹായുദ്ധം. ആ യുദ്ധത്തിന് ഇരു പക്ഷങ്ങളും സൈനികബലവും പിന്തുണയും ഉറപ്പാക്കാൻ നടത്തുന്ന ശ്രമങ്ങളുടെ വിവരണങ്ങളോടെയാണ് പർവ്വം തുടങ്ങുന്നത്. യുദ്ധത്തിനുവേണ്ടി സഖ്യരാജ്യങ്ങളെ പ്രലോഭിപ്പിച്ചു ഒപ്പം ചേർക്കാനുള്ള ശ്രമങ്ങൾക്കിടയിൽ ദ്രൗപദിയുടെ ബഹുഭർത്തൃത്വം ആര്യസംസ്കാരത്തിൽ സംഭവിച്ച ഒരു മൂല്യച്യുതി എന്ന നിലയിൽ വിവാദവിഷയമായി ഉയർന്നുവരുന്നുണ്ട്.

പാണ്ഡവർ എന്നു വിളിക്കപ്പെടാനുള്ള യുധിഷ്ഠിരാദികളുടെ അവകാശം തന്നെ രാജസഭയിൽ സന്ധിസാധ്യതക്കുപോയ കൃഷ്ണനോടു ദുര്യോധനൻ ചോദിക്കുന്നുണ്ട്. കുന്തിയുടെ മക്കൾ എന്ന സംബോധനയിലൂടെ അവരുടെ മാതാവായ കുന്തിയെത്തന്നെ അവർ അർഥം വക്കുകയും ചെയ്യുന്നു. ഷണ്ഡനായ ഭർത്താവിന്റെ അനുവാദത്തോടെയാണെങ്കിലും നിയോഗം എന്നപേരിൽ സ്ത്രീ അന്യപുരുഷനുമായി നടത്തുന്ന സംയോഗത്തിന്റെ ധാർമ്മികത ആദ്യമായി ചോദ്യം ചെയ്യപ്പെടുകയും ചെയ്യുന്നു. എന്നാൽ ഷണ്ഡനായ പുരുഷന്റെ പീഡനങ്ങളും നിന്ദകളും ഏറ്റുകഴിയേണ്ടിവന്ന നിർഭാഗ്യയായ, ആശകളും അഭിലാഷങ്ങളുമുള്ള, ഭാര്യയെപ്പറ്റി ആർക്കും അനുതാപമില്ല. പെറാത്തതിന്റെ കുറ്റം പോലും വെറുതെ പേറേണ്ടിവരുന്ന അവസ്ഥ കുന്തിയെപ്പോലെ അനുഭവിച്ചവർ വേറെ ആരുണ്ട്? ഭാര്യയുടെ ഋതുസ്രാവം അവർത്തിക്കപ്പെടുംതോറും പാപത്തിന്റെ എണ്ണം ഏറുന്നു എന്ന വിശ്വാസത്തിൽ നിന്നും മുക്തി തേടാൻ പര്ണശാലകെട്ടി തപസ്സിനു തുനിയുന്ന ഭർത്താവായ പാണ്ഡുവിനെ ഓർത്തു പരിതപിക്കുന്ന ഭാഗ്യഹീനയായ കുന്തി എന്ന പത്നി.

2013-ലെ ഉത്തരാഖണ്ഡ് പ്രളയകാലത്തു ഹിമാലയ തീർത്ഥാടനകേന്ദ്രമായ ബദരീനാഥിൽ ഞാനുൾപ്പെടുന്ന ചെറുസംഘം മൂന്ന് ആഴ്ചകളോളം കുടുങ്ങിക്കിടന്ന അവസരത്തിൽ അവിടെവെച്ചു മലയാളിയായ ഒരു സന്യാസിയെ പരിചപ്പെട്ടിരുന്നു. നാരായണപർവതത്തിന്റെ താഴ്വാരത്തിലുള്ള ഒരു അശമത്തിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ ആശ്രമത്തിൽ പലതവണ പോവുകയും അദ്ദേഹം പാകം ചെയ്ത ആഹാരം കഴിക്കുകയും ചെയ്തിട്ടുണ്ട്. ഒരു സംഭാഷണ മദ്ധ്യേ അങ്ങ് ഉയരേയ്ക്കു ചൂണ്ടി അദ്ദേഹം പറഞ്ഞു: ‘ദാ അക്കാണുന്നതാണ് നരപർവതം. ഈ ആശ്രമത്തിന്റെ മുകളിലുള്ള പർവതം ആണ് നാരായണപർവതം. സാധാരണക്കാർക്ക് തീർത്തും അപ്രാപ്യമായ ഇടം. അപൂർവം യോഗിമാരും സിദ്ധന്മാരും സന്യാസിമാരും അതിന്റെ മുകളിൽ കയറിയിട്ടുണ്ട്. അതിവിശാലമായ ഒരു സമതലം അതിന്റെ ഉച്ചിയിലുണ്ട്. അവിടെ പണ്ടെങ്ങോ തകർന്നുപോയ ഒരു സഭാമണ്ഡപത്തിന്റെ

അവശിഷ്ടങ്ങൾ ഉള്ളതായി പറയപ്പെടുന്നു. വലിയ തൂണുകളും തകർണ്ണ മണ്ഡപത്തിന്റെ തറയും അവിടെയുണ്ട്. അതായിരുന്നു ദേവലോകം.'

അവരുടെ രാജാവിന്റെ സ്ഥാനപ്പേരാണ് ഇന്ദ്രൻ. ഓരോ ഉത്തരവാദിത്വങ്ങളും ഓരോരുത്തരെ ഏല്പിച്ചിരിക്കുന്നു. യമദേവനും വായുദേവനും അഗ്നിദേവനും ഒക്കെ ഇങ്ങനെ ഓരോ ചുമതലക്കാരുടെ സ്ഥാനപ്പേരുകൾ. ഒരാളുടെ കാലം കഴിഞ്ഞാൽ അടുത്തയാൾ സ്ഥാനം ഏറ്റെടുക്കുമ്പോൾ അതേ സ്ഥാനപ്പേരു സ്വീകരിക്കും. ഭൈരപ്പയുടെ പർവ്വം നോവലിന്റെ താളുകളിലൂടെ കടന്നുപോയപ്പോൾ അന്ന് സാന്ദർഭികമായി ആ സ്വാമിയിൽ നിന്നും കിട്ടിയ ദേവലോകത്തെക്കുറിച്ചുള്ള അറിവുകൾ എന്നെ കൂടുതൽ ജിജ്ഞാസുവാക്കി.

അമൃതെന്ന അപൂർവ ഔഷധം, പ്രായത്തെ മറികടക്കാൻ കഴിയുന്ന മരുന്നുകൾ തുടങ്ങി അതിവിശിഷ്ടവും അമൂല്യവുമായ പല ഔഷധങ്ങളെ സംബന്ധിച്ചും അറിവുള്ളവരാണവർ. അവരിൽനിന്നും വന്ധ്യത അകറ്റാനുള്ള ഔഷധം ലഭിക്കും എന്ന പ്രതീക്ഷയോടെയാണ് പാണ്ഡു ഇവിടേയ്ക്ക് വന്നിട്ടുള്ളത്. മരുന്നുകൾ ഫലവത്താകാതെ പ്രതീക്ഷയറ്റു ഇരിക്കുമ്പോൾ ഹസ്തിനപുരത്തിന്റെ സിംഹാസനത്തിൽ അന്ധനായ തന്റെ ജേഷ്ഠൻ അവരോധിതനായത് ദൂതൻ അറിയിച്ചത്. ഗാന്ധാരദേശത്തു നിന്നും ഒരുവളെ ഭാര്യയായി സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. സിംഹാസനം പിടിവിട്ടുപോവാതിരിക്കാൻ കുന്തി പ്രസവിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാണ് ദേവലോകവാസികളായ പ്രമുഖരിൽനിന്നും ഗർഭം ധരിക്കുവാൻ ഭാര്യമാരെ പാണ്ഡു അനുവദിക്കുന്നത്. ഇങ്ങനെ സ്വാഭാവികമായി വികസിക്കുകയാണ് പർവ്വത്തിന്റെ ഇതിവൃത്തം.

അസാധാരണമായ ബുദ്ധിയും കൗശലവും രാഷ്ട്രതന്ത്രജ്ഞതയും സ്വായത്തമാക്കിയ സാധാരണ മനുഷ്യനായ കൃഷ്ണൻ പർവ്വത്തിൽ കടന്നുവരുമ്പോൾ അദ്ദേഹത്തോട് ഏറെ ആരാധനയും ആദരവും തോന്നുന്ന മുഹൂർത്തങ്ങൾ ഏറെ.

നാം പൊതുവെ അറിയുന്ന ധർമ്മവും അധർമ്മവും തമ്മിലുള്ള പോരാട്ടം എന്നതിനപ്പുറം മണ്ണിനും പെണ്ണിനും വേണ്ടി മത്സരിക്കുന്ന ഒരു സംസ്കാരത്തിന്റെ പ്രതിഫലനമായിരിക്കാം മഹാഭാരതയുദ്ധം എന്നും ഭൈരപ്പ ചിന്തിച്ചുപോവുന്നുണ്ട്. മഹാഭാരതത്തിലെ കഥാപാത്രങ്ങൾക്കു പുതിയ മാനങ്ങൾ പകർന്നുകൊണ്ട് , വൈവിധ്യപൂർണമായ മനുഷ്യാനുഭവങ്ങളും മനുഷ്യബന്ധങ്ങളും ആവിഷ്ക്കരിക്കുവാനാണ് പർവ്വം എന്ന നോവലിലൂടെ ഭൈരപ്പ ശ്രമിച്ചിട്ടുള്ളത്.

നീച കഥാപാത്രമായി നാം പരിചയപ്പെട്ടിട്ടുള്ള ദുശ്ശാസനൻ ധർമ്മത്തെക്കുറിച്ചും സഹോദരനായ ദുര്യോധനന്റെ ഭരണമികവിനെപ്പറ്റിയും മാദ്രിയിലെ ശാല്യരാജനുമായി സംസാരിക്കുന്നതു കേൾക്കുമ്പോൾ അയാളുടെ രാഷ്ട്രതന്ത്രജ്ഞതയാണ് നമ്മുക്ക് ബോധ്യപ്പെടുക.

അന്ധനായ ഒരുവന്റെ ഭാര്യയായി കഴിയേണ്ടിവന്നതിന്റെ പ്രതിഷേധസൂചകമായിട്ടാണ് പർവ്വത്തിലെ ഗാന്ധാരി തന്റെ കണ്ണുകൾ മൂടിക്കെട്ടിയത്. ഒരു വലിയ വിനാശത്തിലേക്കു താൻ പ്രസവിച്ച സന്തതികളെ ആ പ്രവൃത്തി തള്ളിവിടുകയും ചെയ്തു. ഒടുവിൽ കൃഷ്ണന്റെ നിർബന്ധത്തിനു വശംവദയായി കണ്ണുകളെ കെട്ടിമറച്ച തുണി അഴിച്ചുകളയുമ്പോഴേക്കും സർവവും നഷ്ടപ്പെട്ടിരുന്നു. കുന്തിയാകട്ടെ, പുത്രന്മാരുടെ വഴികാട്ടിയായി നിന്ന് അവരെ ലക്ഷ്യത്തിലേക്കു നയിക്കുകയും സർവ പ്രതിബന്ധങ്ങളെയും ഇച്ഛാശക്തിയാൽ തോൽപ്പിക്കുകയും ചെയ്യുന്നു.

അസാധാരണമാംവിധം പഠനവും ഗവേഷണങ്ങളും നടത്തിയ ശേഷം 1975-ലാണ് ''പർവ്വം'' നോവൽ രൂപത്തിൽ എഴുതുവാൻ തുടങ്ങി. എഴുതിത്തീർക്കാൻ വേണ്ടിവന്നു വീണ്ടും ഒരു വർഷത്തിലധികം. അങ്ങനെ പർവ്വം 1976-ൽ പുസ്തകരൂപത്തിൽ കന്നഡ ഭാഷയിൽ പുറത്തുവന്നു.

ആറു പതിറ്റാണ്ടുകൾ നീണ്ട സാഹിത്യസപര്യയുടെ ഉടമയാണ് ഭൈരപ്പ. സാമൂഹിക-രാഷ്ട്രീയ പ്രാധാന്യമുള്ള നിരവധി നോവലുകൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ആദ്യ നോവലായ ''ഭീമകായ'' 1958-ൽ പുറത്തുവന്നു. ഇരുപത്തിനാലു നോവലുകൾ എഴുതിയിട്ടുണ്ട്.

മലയാളഭാഷക്കു സുധാകരൻ രാമന്തളി നൽകിയ മഹത്തായ സംഭാവനയാണ് പർവ്വത്തിന്റെ പരിഭാഷ. പർവ്വം പരിഭാഷ ചെയ്യുവാൻ താൻ നിയോഗിതനായതിനെക്കുറിച്ചു സുധാകരൻ രാമന്തളി വിശദീകരിക്കുന്നുണ്ട്. ''പർവ്വം'' വായിക്കുന്നതിനു മുൻപാണ് ഭൈരപ്പയുടെ തന്നെ ''ദാട്ടു'' എന്ന മറ്റൊരു ബൃഹത് നോവൽ ''അതിക്രമണം'' എന്ന പേരിൽ രാമന്തളി മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയത്. 2016-ൽ 'അതിക്രമണ'ത്തിന്റെ പ്രകാശനച്ചടങ്ങിൽ വച്ചായിരുന്നു രാമന്തളിയും ഭൈരപ്പയും ആദ്യമായി കണ്ടുമുട്ടുന്നത്. അന്നാണ് പർവ്വം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുവാൻ രാമന്തളിയെ ഭൈരപ്പ നിയോഗിക്കുന്നത്. കന്നഡഭാഷയിൽ എഴുതിയിരിക്കുന്ന ''പർവ്വം'' നോവലിലൂടെ കടന്നുപോകവെ, ആ രചനാവൈഭവത്തിനുമുൻപിൽ നമസ്കരിച്ചുപോവുന്ന രാമന്തളി ആ നിയോഗം സർവാത്മനാ ഏറ്റെടുത്തു. ഔദ്യോഗിക കൃത്യനിർവഹണങ്ങളുടെ ഭാരിച്ച ഉത്തരവാദിത്വങ്ങൾക്കിടയിലും 2020-ൽ പർവ്വം മലയാളത്തിൽ പുറത്തിറക്കാൻ രാമന്തളിക്കു കഴിഞ്ഞു. ഇരുപത്തേഴോളം കൃതികൾ കന്നടയിൽ നിന്നും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ള രാമന്തളിക്ക് കർണാടക സാഹിത്യഅക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

ഇക്കഴിഞ്ഞ ഓഗസ്റ്റ് 28-നു ബാംഗ്ലൂരിൽ വച്ച് രാമന്തളിയെ കാണുമ്പോൾ ഭൈരപ്പ അസുഖബാധിതനായി ചികിത്സയിലായിരുന്നു. ഇംഗ്ളീഷിൽ ഞാനെഴുതിയ ഗുരുവിന്റെ ജീവചരിത്രത്തിന്റെ തെലുങ്ക് പരിഭാഷയുടെ പ്രകാശന ചടങ്ങിൽ പങ്കെടുക്കാൻ രാമന്തളിയും ബാംഗ്ലൂരിൽ നിന്നും ഞങ്ങളോടൊപ്പം ഹൈദരാബാദിലേക്കു വന്നിരുന്നു. പർവ്വം വായിച്ച അനുഭവത്തെക്കുറിച്ചു രാമന്തളിയുമായി ഏറെനേരം ചർച്ചചെയ്യുകയും ചെയ്തിരുന്നു. കന്നഡഭാഷയിലെ ഭീഷ്മാചാര്യനായിരുന്ന ഭൈരപ്പയെ നേരിൽ കണ്ടു അനുഗ്രഹം വാങ്ങണമെന്ന ആഗ്രഹം ഇനി യാഥാർഥ്യമാവുകയില്ലല്ലോ എന്ന ദുഃഖം ബാക്കി.

എം.ടി യുടെ രണ്ടാമൂഴത്തെ നെഞ്ചിലേറ്റിയ മലയാളി മഹാഭാരതത്തെ സമാന ദിശയിൽ, എന്നാൽ കൂടുതൽ സമഗ്രമായി, വിശകലനം ചെയ്യുന്ന ഭൈരപ്പയുടെ പർവ്വം വായിക്കാതെ പോവരുത്.


Save $ 894.*
Combine
Home & Auto.
Michael Tharian
Agent
1855 Victory Blvd
Staten Island, NY 10314
Toll Free: 888-644-7222
Save money and time when you combine your home and auto insurance. Just another way I'm her to help life go right. CALL ME TODAY
We Serve These States
NY, NJ, PA, & CT.
We Provide Auto, Home
& Life Insurance
StateFarm®
*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm
State Farm Mutual Automobile Insurance Company State Farm Indemnity Company,
State Farm Fire and Casualty Company State Farm General Insurance Company
1601489 Bloomington, IL

# കെ സി എസ് ചിക്കാഗോയുടെ ഗോൾഡീസ് മീറ്റ് ശ്രദ്ധേയമായി!



കെ.സി.എസ് ചിക്കാഗോ ഗോൾഡീസ് മീറ്റ് 2025 ഒക്ടോബർ 1-ന് ഡെസ് പ്ലെയിൻസിലെ ക്നാനായ സെന്ററിൽ സെന്ററിൽ വെച്ച് കൂടുകയുണ്ടായി. ഏതാണ്ട് 40 ഇൽ അധികം ഗോൾഡീസ് അംഗങ്ങളെ കൂട്ടായ്മയുടെയും ചിന്തയുടെയും പ്രചോദനത്തിന്റെയും ഒരു സായാഹ്നത്തിനായി ഒരുമിപ്പിച്ചു. അംഗങ്ങൾ അവരുടെ അനുഭവങ്ങളും പ്രിയപ്പെട്ട ഓർമ്മകളും പങ്കുവെച്ചതിനാൽ ഒത്തുചേരൽ ഊഷ്മളതയും ചിരിയും അർത്ഥവത്തായ സംഭാഷണങ്ങളും കൊണ്ട് നിറഞ്ഞു.

ബോഡി മൈൻഡ് ആൻഡ്



സോൾ എന്നീ വിഷയങ്ങളെക്കുറിച്ച് ഡോ. അജിമോൾ ജെയിംസ് പുത്തൻപുരയിൽ നടത്തിയ മികച്ച അവതരണം സായാഹ്നത്തിന്റെ ഒരു പ്രധാന ഹൈലൈറ്റ് ആയിരുന്നു, അത് സമഗ്രമായ ക്ഷേമത്തെക്കുറിച്ചുള്ള വിലപ്പെട്ട ഉൾക്കാഴ്ചകൾ നൽകി. കൂടാതെ, കെ.സി.എസ് ട്രഷറർ, അറ്റോർണി ടീന നെടുവാമ്പുഴ, ഗോൾഡീസിന്റെ പ്രാധാന്യത്തെക്കുറിച്ചും ക്നാനായ പാരമ്പര്യത്തിനുള്ളിൽ യുവതലമുറയെ നയിക്കുന്നതിൽ അവരുടെ സുപ്രധാന പങ്കിനെക്കുറിച്ചും ഊന്നിപ്പറയുന്ന ഒരു പ്രചോദനാത്മക പ്രഭാഷണം നടത്തി.

ഗോൾഡീസ് നേതാക്കളായ കുര്യൻ നെല്ലാമറ്റം, ടോമി പുല്ലുകാട്ട്, മേയാമ്മ വെട്ടിക്കാട്ട്, ഫിലിപ്പ് എലക്കാട്ട് എന്നിവർ മീറ്റിങ്ങിന് നേതൃത്വം നൽകിയത് സുഖകരവും ആകർഷകവുമായ അന്തരീക്ഷം ഉറപ്പാക്കി. ഒത്തുചേരൽ വീണ്ടും ഒന്നിക്കാനുള്ള അവസരം മാത്രമല്ല, വിശ്രമ ജീവിതം കൂടുതൽ ആസ്വാദ്യകരവും സംതൃപ്തവുമാക്കാനുള്ള വഴികൾ പര്യവേക്ഷണം ചെയ്യാനുള്ള അവസരവുമാണെന്ന് പങ്കെടുത്തവർ അഭിപ്രായപ്പെട്ടു.

ഒക്ടോബറിലെ യോഗം ഗോൾഡീസ് കൂട്ടായ്മയുടെ ശക്തിയും കെസിഎസ് സമൂഹത്തിന്റെ സാംസ്കാരികവും ആത്മീയവുമായ ജീവിതത്തിന് അവർ നൽകുന്ന തുടർച്ചയായ സംഭാവനയും ഒരിക്കൽ കൂടി തെളിയിച്ചു.






















MACE TAMPA'S












MEMBER












MACF Tampa












MACF TAMPA
MALAYALEE ASSOCIATION OF CENTRAL FLORIDA




മാമാങ്കം


The First
'OTT' Platform
MediaAppUSA
Originates From North America
Developed by
Malayalees from NA
MediaAppUSA
amazon fireTV
Roku
tv
Google TV
Amazon fireTV
ROKU TV
Apple TV
GoogleTV
Samsung SMART TV
LG Life's Good
Panasonic
VIZIO
Samsung TV
LGTV
Panasonic
VIZIO TV
Any Android or iOS Streaming Device
Watch LIVE TV
LIVE Events
'VOD' Video On Demand
Movies
For more info: 1-917-990-2123 or visit www.mediaappusa.com

# ലോറൻസ് ബിഷ്ണോയ്: സൽമാന്റെ ജീവന് വിലപറയുന്ന, കാനഡ പ്രഖ്യാപിച്ച 'വിദേശ തീവ്രവാദി'




**എ.എസ് ശ്രീകുമാർ**

കനേഡിയൻ സർക്കാർ ലോറൻസ് ബിഷ്ണോയ് ഗ്യാങ്ങിനെ 'വിദേശ തീവ്രവാദ സംഘടന'യായി പ്രഖ്യാപിച്ചതിന് പിന്നാലെ സംഘാംഗമായ അബ്ജീത് കിംഗ്രയ്ക്കെതിരെ വിക്ടോറിയയിലെ കോടതി ശിക്ഷ വിധിച്ചിരിക്കുന്നു. പ്രമുഖ കനേഡിയൻ ഗായകൻ എ.പി ധില്ലന്റെ ബ്രിട്ടീഷ് കൊളംബിയയിലെ വീട്ടിൽ വെടിവെപ്പ് നടത്തിയ സംഭവത്തിലാണ് 26 കാരനായ അബ്ജീത് കിംഗ്രയെ ശിക്ഷിച്ചിരിക്കുന്നത്. ഓഗസ്റ്റിൽ കിംഗ്ര കുറ്റം സമ്മതിച്ചിരുന്നു. കിംഗ്ര ഏകദേശം നാലര വർഷം ജയിലിൽ കഴിയേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കോടതി കിംഗ്രയ്ക്ക് ആജീവനാന്ത തോക്ക് നിരോധനവും ഏർപ്പെടുത്തി.

2024 സെപ്റ്റംബർ രണ്ടിനാണ് ബ്രിട്ടീഷ് കൊളംബിയയിലെ കോൾവുഡിലുള്ള ധില്ലന്റെ വസതിക്ക് പുറത്ത് വെടിവെപ്പ് ഉണ്ടായത്. ഒക്ടോബറിൽ അബ്ജീത് കിംഗ്രയെ കനേഡിയൻ പോലീസ് അറസ്റ്റ് ചെയ്തു. തോക്ക് കൈവശം വെച്ചത് ഉൾപ്പെടെയുള്ള കുറ്റങ്ങൾ കിംഗ്ര സമ്മതിച്ചിരുന്നു. ആക്രമണത്തിലെ രണ്ടാം പ്രതി വിക്രം ശർമ ഇന്ത്യയിലേക്ക് പലായനം ചെയ്തതായി കരുതപ്പെടുന്നു. ഇയാൾക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ധില്ലൻ ഒരു മ്യൂസിക് വീഡിയോയിൽ ബോളിവുഡ് സൂപ്പർ സ്റ്റാർ സൽമാൻ ഖാനുമായി സഹകരിച്ചതാണ് ലോറൻസ് ബിഷ്ണോയ് സംഘത്തെ പ്രകോപിപ്പിച്ചത്. ഇന്ത്യക്കാരനായ ലോറൻസ് ബിഷ്ണോയ്യുടെ കടുത്ത എതിരാളിയാണ് സൽമാൻ ഖാൻ.

അതേസമയം, കൊലപാതകം, വെടിവയ്പ്പ്, കൊള്ള, ഭീഷണിപ്പെടുത്തൽ, ഭീകരത സൃഷ്ടിക്കൽ ഉൾപ്പെടെയുള്ള നിരവധി കുറ്റങ്ങൾ ചുമത്തിയാണ് കനേഡിയൻ സർക്കാർ ബിഷ്ണോയ് സംഘത്തെ ഭീകര സംഘടനയായി പ്രഖ്യാപിച്ചത്. സംഘം കാനഡയിലുടനീളം നിരവധി കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് കണ്ടെത്തൽ. 2023-ൽ ഖലിസ്ഥാൻ വിഘടനവാദി നേതാവ് ഹർദീപ് സിങ് നിജ്ജറിനെ കൊലപ്പെടുത്തിയതോടെയാണ് ബിഷ്ണോയ് സംഘത്തെപ്പറ്റി കാനഡയിൽ ചർച്ച ആരംഭിച്ചത്. ഇന്ത്യയിൽ ജയിലിൽ കഴിയുന്ന സംഘത്ത

ലവൻ ലോറൻസ് ബിഷ്ണോയി മൊബൈൽ ഫോൺ വഴിയാണ് കാനഡയിലെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

ഇന്ന് കേരളത്തിൽ വിജയദശമിയും നോർത്ത് ഇന്ത്യയിൽ ദസറയും ആഘോഷിക്കുകയാണ്. കഴിഞ്ഞ വർഷം ഒക്ടോബർ 12 ശനിയാഴ്ച രാത്രി ദസറ ആഘോഷത്തിനിടെയാണ് മുംബൈ ബാന്ദ്രയിലെ ഓഫീസിന് പുറത്ത് എൻ.സി.പി നേതാവും മഹാരാഷ്ട്ര മുൻ മന്ത്രിയുമായ ബാബ സിദ്ദിഖിനെ ലോറൻസ് ബിഷ്ണോയ് സംഘം വെടിവെച്ച് കൊലപ്പെടുത്തിയത്. ബാബ സിദ്ദിഖിയുടെ ഉറ്റ മിത്രമാണ് സൽമാൻ ഖാൻ. അതിനാൽ ബിഷ്ണോയ് സംഘം അടുത്തതായി ഉന്നമിട്ടിരിക്കുന്നത് സൽമാൻ ഖാനെയാണെന്ന് അന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. സൽമാനെതിരെയുള്ള വധഭീഷണിയാണ് ലോറൻസ് ബിഷ്ണോയ്യെ ഇന്ത്യയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവന്നത്.

**ഇന്ന് കേരളത്തിൽ വിജയദശമിയും നോർത്ത് ഇന്ത്യയിൽ ദസറയും ആഘോഷിക്കുകയാണ്. കഴിഞ്ഞ വർഷം ഒക്ടോബർ 12 ശനിയാഴ്ച രാത്രി ദസറ ആഘോഷത്തിനിടെയാണ് മുംബൈ ബാന്ദ്രയിലെ ഓഫീസിന് പുറത്ത് എൻ.സി.പി നേതാവും മഹാരാഷ്ട്ര മുൻ മന്ത്രിയുമായ ബാബ സിദ്ദിഖിനെ ലോറൻസ് ബിഷ്ണോയ് സംഘം വെടിവെച്ച് കൊലപ്പെടുത്തിയത്.**



1998-ൽ കൃഷ്ണമൃഗത്തെ വേട്ടയാടി കൊന്ന സംഭവത്തിലായിരുന്നു ബിഷ്ണോയ്യുടെ ഭീഷണി. പടിഞ്ഞാറൻ ഥാർ മരുഭൂമിയിലും പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ എന്നിവിടങ്ങളിലുമുള്ള ഒരു ഹിന്ദു മതവിഭാഗമാണ്, വൈഷ്ണവ ആരാധകരായ ബിഷ്ണോയ്. ഗുരു ജംബേശ്വർ രൂപപ്പെടുത്തിയ ഇരുപത്തി ഒൻപത് തത്ത്വങ്ങൾ അടിസ്ഥാനമാക്കിയാണ് ബിഷ്ണോയികൾ ജീവിച്ചുവരുന്നത്. പ്രകൃതി സംരക്ഷണത്തിലും, സസ്യജന്തുജാലങ്ങളോടുള്ള സ്നേഹത്തിലും ബിഷ്ണോയികൾ പ്രസിദ്ധരാണ്. എന്നാൽ ഈ സമുദായത്തിൽപ്പെട്ട ലോറൻസ് ബിഷ്ണോയ് അക്രമത്തിന്റെ മാർഗമാണ് സ്വീകരിച്ചത്.

ബിഷ്ണോയ് സമുദായം ആദരിക്കുന്ന മൃഗമാണ് കൃഷ്ണമൃഗം. തന്നെ വെറുതെവിടാൻ സൽമാൻ ലോറൻസിന് പണം വാഗ്ദാനം ചെയ്തെങ്കിലും പണമല്ല തനിക്ക് വേണ്ടതെന്നും വംശനാശ ഭീഷണി നേരിടുന്ന കൃഷ്ണമൃഗത്തെ കൊന്ന സൽമാന്റെ ജീവൻ അതേരീതിയിൽ എടുക്കുമെന്നുമാണ് ഇയാൾ പ്രഖ്യാപിച്ചിരിക്കുന്നത്. വധഭീഷണിക്ക് പിന്നാലെ സൽമാന്റെ വൈ പ്ലസ് സുരക്ഷ മുംബൈ പോലീസ് വർധിപ്പിക്കുകയുണ്ടായി. സൽമാന്റെ വീട്ടിൽ നിരീക്ഷണം നടത്താൻ ലോറൻസ് ബിഷ്ണോയ് തന്റെ സഹായിയായ സമ്പത്ത് നെഹ്റയെ അയച്ചിരുന്നെങ്കിലും ഇയാളെ ഹരിയാന പോലീസിന്റെ സ്പെഷൽ ടാസ്ക് ഫോഴ്സ് അറസ്റ്റ് ചെയ്തതോടെ പദ്ധതി പരാജയപ്പെടുകയായിരുന്നു.

സൽമാൻ ഖാനുമായുള്ള സൗഹൃദത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങളുടെ പേരിൽ പഞ്ചാബി ഗായകൻ ജിപ്പി ഗ്രെവാളിന്റെ കാനഡയിലെ വീടിന് പുറത്ത് ലോറൻസ് ബിഷ്ണോയ്യുടെ സംഘം വെടിയുതിർത്തിരുന്നു. തുടർന്ന്, താൻ സൽമാന്റെ സുഹൃത്തല്ലെന്നും ഒരുമിച്ച് ചില പ്രോജക്ടുകളിൽ പ്രവർത്തിച്ചിരുന്നു എന്നും ഗായകന് പ്രസ്താവനയിറക്കേണ്ടി വന്നു. ജിപ്പിയുടെ വീടിന് നേരെയുണ്ടായ ആക്രമണത്തിന്റെ ഉത്തരവാദിത്തം ലോറൻസ് ബിഷ്ണോയി ഏറ്റെടുക്കുകയും ചെയ്തിരുന്നു. 2022-ൽ പഞ്ചാബിലെ കോൺഗ്രസ്



**ബിഷ്ണോയ് തടവിലാണെങ്കിലും യു.എസ്.എ, കാനഡ എന്നിവിടങ്ങളിലുള്ള സഹോദരൻ അൻമോൻ ബിഷ്ണോയ്യും ഗോൾഡി ബ്രാർ, രോഹിത് ഗൊദാര എന്നിവരുമാണ് ഇപ്പോൾ സംഘത്തെ നയിക്കുന്നത്. നേരത്തെ കനേഡിയൻ പോലീസും ഇന്ത്യൻ ഏജൻസികളും കുറ്റവാളിയായി പ്രഖ്യാപിച്ച ഗോൾഡി ബ്രാർ എന്ന സത്വിന്ദർ സിങ് ആണ് ലോറൻസ് ബിഷ്ണോയ് സംഘത്തിന്റെ അമരക്കാരൻ.**

നേതാവും ഗായകനുമായ സിദ്ധു മൂസെവാലയുടെ കൊലപാതകത്തിലൂടെയാണ് ബിഷ്ണോയ് പേടിസ്വപ്നമായിമാറിയത്. സൗത്ത് ഡൽഹിയിൽ ജിം ഉടമയെ കൊലപ്പെടുത്തിയതിന്റെ പേരിൽ ഇയാൾ ഇപ്പോൾ ഗുജറാത്തിലെ സബർമതി സെൻട്രൽ ജയിലിലാണ്.

ബിഷ്ണോയ് തടവിലാണെങ്കിലും യു.എസ്.എ, കാനഡ എന്നിവിടങ്ങളിലുള്ള സഹോദരൻ അൻമോൻ ബിഷ്ണോയ്യും ഗോൾഡി ബ്രാർ, രോഹിത് ഗൊദാര എന്നിവരുമാണ് ഇപ്പോൾ സംഘത്തെ നയിക്കുന്നത്. നേരത്തെ കനേഡിയൻ പോലീസും ഇന്ത്യൻ ഏജൻസികളും കുറ്റവാളിയായി പ്രഖ്യാപിച്ച ഗോൾഡി ബ്രാർ എന്ന സത്വിന്ദർ സിങ് ആണ് ലോറൻസ് ബിഷ്ണോയ് സംഘത്തിന്റെ അമരക്കാരൻ. 11 സംസ്ഥാനങ്ങളിലായി 700-ലധികം അന്താരാഷ്ട്ര ബന്ധമുള്ള ഷൂട്ടർമാർ ഉൾപ്പെടുന്ന ബിഷ്ണോയ് സംഘത്തിന്റെ വിപുലമായ ശൃംഖല ദാവൂദ് ഇബ്രാഹിമിന്റെ ഡി-കമ്പനിക്ക് സമാനമാണ്. ഷൂട്ടർമാരിൽ 300 പേർ പഞ്ചാബിൽ നിന്നുള്ളവരാണ്. 2020-'21 കാലയളവിൽ കൊള്ളകൾ നടത്തിയാണ് സംഘം കോടിക്കണക്കിന് രൂപ സമ്പാദിച്ചത്.

പഞ്ചാബിലെ ഫിറോസ്പൂർ ജില്ലയിലെ ധട്ടരൻവാലി ഗ്രാമത്തിൽ നിന്നുള്ള ഒരു സമ്പന്ന കർഷകന്റെ മകനാണ് 32 കാരനായ ബിഷ്ണോയ്. സ്കൂൾ പഠനം പൂർത്തിയാക്കിയ ശേഷം 2010-ൽ കോളേജിനായി ചണ്ഡിഗഡിലേക്ക് മാറി. ഡി.എ.വി കോളേജിൽ പഠിക്കുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ ഏർപ്പെട്ട ഇയാൾ 2011 മുതൽ 2012 വരെ പഞ്ചാബ് സർവകലാശാലയിലെ സ്റ്റുഡന്റ് ഓർഗനൈസേഷന്റെ പ്രസിഡന്റായിരുന്നു. രാഷ്ട്രീയ നേതാക്കളുടെയും മറ്റുള്ളവരുടെയും കൊലപാതകങ്ങൾ ഉൾപ്പെടെ രണ്ട് ഡസനിലധികം കേസുകൾ ഈ കൊടും ക്രിമിനലിനെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയുധക്കടത്ത്, കൊലപാതകികളെ സംരക്ഷിക്കൽ, മദ്യവിൽപ്പന തുടങ്ങിയവയാണ് പ്രധാന ഏർപ്പാടുകൾ.

നേരത്തെ പഞ്ചാബിൽ മാത്രം ഒതുങ്ങിയ ബിഷ്ണോയി സംഘം ഹരിയാന, ഡൽഹി, രാജസ്ഥാൻ എന്നിവിടങ്ങളിലേക്ക് കൂടി നെറ്റ്വർക്ക് വ്യാപിപ്പിച്ചു. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ജാർഖണ്ഡ് എന്നിവിടങ്ങളിലും സംഘത്തിന് സ്വാധീനമുണ്ട്. സംഘത്തിലേക്ക് ചെറുപ്പക്കാരെ റിക്രൂട്ട് ചെയ്യാൻ സോഷ്യൽ മീഡിയ അടക്കം ബിഷ്ണയ് ഉപയോഗിക്കുന്നുണ്ട്. കാനഡ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലേക്ക് എത്തിക്കാമെന്ന് വാഗ്ദാനം ചെയ്താണ് യുവാക്കളെ സംഘം ആകർഷിക്കുന്നത്. അതേസമയം, ഭീകര സംഘടനായി പ്രഖ്യാപിച്ചതോടെ ബിഷ്ണോയ് സംഘത്തിന്റെ സ്വത്തുക്കൾ, വാഹനങ്ങൾ, പണം എന്നിവ കണ്ടുകെട്ടാനോ മരവിപ്പിക്കാനോ കാനഡ സർക്കാരിനു കഴിയും. ഇതിന് പുറമേ ബിഷ്ണോയ് സംഘാംഗങ്ങളെ പ്രോസിക്യൂട്ട് ചെയ്യാൻ കനേഡിയൻ നിയമപാലകർക്ക് നിയമപരമായ അധികാരവും ലഭിക്കും.

# കോതമംഗലം മാർ അത്തനേഷ്യസ് കോളജ് പ്രിൻസിപ്പൽമാർക്ക് ന്യൂയോർക്കിൽ പ്രൗഢഗംഭീര സ്വീകരണം




ന്യൂയോർക്ക്: കേരളത്തിലെ പ്രശസ്ത കലാലയങ്ങളായ കോതമംഗലം മാർ അത്തനേഷ്യസ് കോളജ് ഓഫ് ആർട്സ് & സയൻസിന്റെ മുൻ പ്രിൻസിപ്പലും, മാർ അത്തനേഷ്യസ് കോളജ് അസോസിയേഷന്റെ സെക്രട്ടറിയുമായ ഡോ. വിന്നി വർഗീസ്, ഇപ്പോഴത്തെ പ്രിൻസിപ്പൽ ഡോ. മഞ്ജു കുര്യൻ, മാർ അത്തനേഷ്യസ് എൻജിനീയറിംഗ് കോളജിന്റെ പ്രിൻസിപ്പൽ ഡോ. ബോസ് മാത്യു ജോസ് എന്നിവർക്ക് കോളജിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ ആഭിമുഖ്യത്തിൽ ന്യൂയോർക്കിൽ പ്രൗഢഗംഭീര സ്വീകരണം നൽകി.

ന്യൂയോർക്ക് വാലി കോട്ടേജിലുള്ള മലബാർ പാലസ് റെസ്റ്റോറന്റിൽ വച്ചു നടന്ന ചടങ്ങിൽ മാർ അത്തനേഷ്യസ് കോളജ് ഓഫ് ആർട്സ് & സയൻസ് അലുംമ്നി അസോസിയേഷൻ പ്രസിഡന്റ് സാബു സ്കറിയ അദ്ധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീമതി എൽസി ജൂബ് അതിഥികളെ സ്വാഗതം ചെയ്തു. പൂർവ്വ വിദ്യാർത്ഥികളുടെ ആദരവുകൾ ഏറ്റുവാങ്ങിക്കൊണ്ട് അസോസിയേഷൻ സെക്രട്ടറികൂടിയായ മുൻ പ്രിൻസിപ്പൽ ഡോ. വിന്നി വർഗീസ് എഴുപത് വർഷം മുമ്പ് എളിയ നിലയിൽ ആരംഭിച്ച കോളജിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിശദീകരിച്ചു.

അക്കാദമിക് തലങ്ങളിലും പാഠ്യേതര വിഷയങ്ങളിലും ഒരുപോലെ മികവ് പുലർത്തുന്ന ഇന്ത്യ



യിലെ തന്നെ മികച്ച കലാശാലകളായ മാർ അത്തനേഷ്യസ് ആർട്സ് & സയൻസ് കോളജും, എൻജിനീയറിംഗ് കോളജിനും ദേശീയവും അന്തർദേശീയവുമായ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

U.N.O യുടെ 80-ാമത് ജനറൽ അസംബ്ലിയോടനുബന്ധിച്ച് ന്യൂയോർക്കിലെ കോർണെൽ യൂണിവേഴ്സിറ്റിയിൽ നടന്ന ഒമ്പതാമത് ന്യൂയോർക്ക് സിറ്റി ഗ്രീൻ സ്കൂൾ കോൺഫറൻസിൽ വെച്ച് 2025-ലെ ഇന്റർ നാഷണൽ ഗ്രീൻ കോളജ് അവാർഡ് മാർ അത്തനേഷ്യസ് എൻജിനീയറിംഗ് കോളജിനുവേണ്ടി പ്രിൻസിപ്പൽമാർ ഏറ്റുവാങ്ങിയിരുന്നു. 2024-ലെ ഇതേ അവാർഡ് മാർ അത്തനേഷ്യസ് ആർട്സ് & സയൻസ് കോളജിനായിരുന്നു. ഓട്ടോണമസ് വിദ്യാഭ്യാസ സ്ഥാപനമായ ആർട്സ് & സയൻസ് കോളജ് 2024-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിന്റെ ഉന്നത നിലവാരം പുലർത്തുന്ന 100 കോളജുകളിൽ 74-ാം സ്ഥാനത്താണ്.

കേരളത്തിന്റെ കായിക തലസ്ഥാനമായി അറിയപ്പെടുന്ന കോതമംഗലത്തെ ഈ കലാലയങ്ങളിൽ നിന്ന് കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് തുടങ്ങി ഒളിമ്പിക്സ് വരെ നീളുന്ന ഇന്ത്യയിലെ തന്നെ മികച്ച കായികതാരങ്ങളെ വാർത്തെടുക്കുന്നു. ഇതിന് പിന്നിൽ പ്രവർത്തിക്കുന്നത് ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ആണ് എന്നത് ഏറെ അഭിമാനത്തിന് വക നൽകുന്നു.

പൂർവ്വ വിദ്യാർത്ഥികളുടെ സ്നേഹോപഹാരമായി ഡോ. വിന്നി വർഗീസിന് വൈസ് പ്രസിഡന്റ് ജാബി റോയിയും, മഞ്ജു കുര്യന് ജീമോനും, ഡോ. ബോസ് മാത്യു ജോസിന് എൻജിനീയറിംഗ് വിദ്യാർത്ഥികളും ആശംസാഫലകങ്ങൾ സമ്മാനിച്ചു. സീനിയർ വിദ്യാർത്ഥികളായ ജോസഫ് കുര്യപ്പുറം, പി.ഒ. ജേക്കബ് എന്നിവരുടെ ആശംസാപ്രസംഗങ്ങൾ ഹൃദ്യമായിരുന്നു. മാർ അത്തനേഷ്യസ് കോളജ് അലുംമ്നി അസോസിയേഷന്റെ പുനസംഘടനയിൽ നിർണായക പങ്കുവഹിച്ച സാബു സ്കറിയയ്ക്ക് ആർട്സ് & സയൻസ് കോളജിന്റെ ഉപഹാരം അസോസിയേഷൻ സെക്രട്ടറി ഡോ. വിന്നി വർഗീസും, എൻജിനീയറിംഗ് കോളജിന്റ ഉപഹാരം ഡോ. ബോസ് മാത്യു മുൻ എജിനീയറിംഗ് കോളജ് ചെയർമാൻകൂടിയായ ജോഷിയ്ക്കും സമ്മാനിച്ചു.










അവിസ്മരണീയമായ ഈ ഗുരുശിഷ്യ സംഗമത്തിൽ ന്യൂയോർക്ക് ഏരിയയിലുള്ള നിരവധി പേർ പങ്കെടുത്തു. തികച്ചും ഗൃഹാതുരത്വം നിറഞ്ഞ മണിക്കൂറുകൾ നീണ്ട യോഗ നടപടികൾ അലുംമ്നിയുടെ ഏറ്റവും ഇളയ അംഗം അഖില ബിനോയ് ഭംഗിയായി നിയന്ത്രിച്ചു. നാഷണൽ കോർഡിനേറ്റർ ജിയോ ജോസ് പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. മലബാർ പാലസ് ഒരുക്കിയ വിഭവസമൃദ്ധമായ അത്താഴ വിരുന്നോടുകൂടി സ്വീകരണ യോഗം അവസാനിച്ചു.

MAC Alumni, USA



















# റോക്ക് ലാൻഡിൽ ഇച്ഛ ക്ലബിന്റെ ഓണാഘോഷം ഹൃദ്യമായി






ന്യൂ സിറ്റി, ന്യൂ യോർക്ക്: ഇന്ത്യൻ കൾച്ചറൽ ഹെറിറ്റേജ് ആൻഡ് ആർട്സ് അവെയർനെസ് ക്ലബ് (ഇച്ഛ ക്ലബ്) സംഘടിപ്പിച്ച ഹൃദ്യമായ ഓണാഘോഷം ഈ സീസണിലെ അവസാനത്തെ ഓണാഘോഷങ്ങളിലൊന്നായി. റോക്ക് ലാൻഡ് കൗണ്ടിയിലെ സുക്കോർ പാർക്കിലെ കമ്യൂണിറ്റി സെന്ററിൽ പ്രകൃതിരമണീയമായ അന്തരീക്ഷത്തിൽ നടത്തിയ ഓണാഘോഷത്തിൽ കൗണ്ടിയിലെ ഇലക്റ്റഡ് ഒഫിഷ്യൽസും നിരവധി മലയാളികളും പങ്കെടുത്തു.

ക്ലബിന്റെ സ്ഥാപകയും ചെയറുമായ റോക്ക് ലാൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ. ആനി പോളിന്റെ ആമുഖ പ്രസംഗത്തിൽ ഏവരെയും ചടങ്ങിലേക്ക് സ്വാഗതം ചെയ്തു. കൗണ്ടി ഓഫീസിനു സമീപത്തായി തായ്യാറാക്കുന്ന പീസ് ഗാർഡനിൽ സ്ഥാപിക്കാനുള്ള മഹാത്മ ഗാന്ധിയുടെ അർദ്ധകായ പ്രതിമ ഇന്ത്യയിൽ നിന്ന് എത്തിയ സന്തോഷവാർത്തയും അവർ പങ്കു വച്ചു. ഗാന്ധിയൻ ആശയങ്ങൾ പിന്തുടർന്ന മാർട്ടിൻ ലൂഥർ കിംഗിന്റെ പ്രതിമയും ഗാർഡനിലുണ്ടാകും. ഏതാനും മാസത്തിനുള്ളിൽ ഗാർഡന്റെ






ഉദ്ഘാടനം നടത്തുമെന്നും അവർ അറിയിച്ചു.

ക്ലാർക്സ്ടൗൺ സൂപ്പർവൈസർ ജോർജ് ഹോമാൻ, സ്റ്റേറ്റ് സെനറ്റർ ബിൽ വെബർ, സ്റ്റേറ്റ് അസംബ്ലിമാൻ പാട്രിക്ക് കരൽ, കൗണ്ടി ക്ലാർക്ക് ഡോണാ സിൽബർമാൻ തുടങ്ങിയവർ സംസാരിക്കുകയും നിലവിളക്കു തെളിയിക്കുകയും ചെയ്തു.

ഗവർണറുടെ ഓഫിസിൽ ഏഷ്യൻ അഫയേഴ്സ് ഡയറക്ടർ സിബു നായർ ആയിരുന്നു മുഖ്യാതിഥി. ഓണസന്ദേശം നൽകിയ അദ്ദേഹത്തെ പൊന്നാട അണിയിച്ചും പ്ലാക്ക് നൽകിയും ആദരിച്ചു.

പൂക്കളം, താലപ്പൊലി, ചെണ്ടമേളം, മഹാബലിയുടെ എഴുന്നള്ളത്ത് എന്നിവയോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്.

തുടർന്ന് സാറാ അമ്പാട്ട് & ടീം അവതരിപ്പിച്ച തിരുവാതിര ആകർഷകമായി. സാറ, ആനി, ലൈല, മഞ്ജു, ബീല, ഓമന. അൻസ, വിഞ്ജു, ഗ്ലെനിസ്, & സിജി എന്നിവരായിരുന്നു ടീം.

മഹാബലിയായി വന്ന വർക്കി പള്ളിത്താഴത്ത് ഏവർക്കും ഓണാശംസകൾ നേർന്നു

അമേരിക്കൻ ദേശീയഗാനം അരിയാന കോവൂരും ഇന്ത്യൻ ദേശീയഗാനം ഷാജി ജോസഫും ആലപിച്ചു.

അധ്യക്ഷ പ്രസംഗത്തിൽ ഇച്ഛ ക്ലബ് പ്രസിഡന്റ് മാത്യു വർഗീസ് ക്ലബിന്റെ പ്രവർത്തനങ്ങൾ വിവരിച്ചു.

നവ്യ, ഗിയ, ആര്യ, അവിവ എന്നിവരുടെ ഗ്രൂപ്പ് ഡാൻസ് ഏറെ ശ്രദ്ധേയമായി.

ഡോ. മിനി ജോർജ്, ജോയ് മാത്യു, ഷാജി ജോസഫ്, ശിൽപ ഷാജി, ലവ്‌ലി, ബാബു മാത്യു എന്നിവർ ഗാനങ്ങളാലപിച്ചു

പദ്മ ഇന്ത്യൻ ഡാൻസ് സ്റ്റുഡിയോ വിദ്യാർത്ഥികളായ ഒലിവിയ ജോൺ, സെറാ സോജി, ഷിലോ രാജു, സോ അലക്സാണ്ടർ, എമിലിയ എബ്രഹാം, ജോവിറ്റ വർഗീസ്, നിക്കോളാസ് മാത്യു എന്നിവർ അധ്യാപകരായ മേരി അലീന വെട്ടിച്ചിറ- മാത്യു & ജസ്റ്റിൻ ജോൺ എന്നിവരുടെ നേതൃത്വത്തിൽ നൃത്തം അവതരിപ്പിച്ചത് മനം കവരുന്നതായി.

നേവ സാറ വെട്ടത്തിന്റെ നൃത്തവും ശ്രദ്ധ പിടിച്ചുപറ്റി.

ക്ലബ് സെക്രട്ടറി മാണി ജോർജ് നന്ദി പറഞ്ഞു.

ഓണസദ്യ കോർഡിനേറ്റ് ചെയ്തത് ഷൈമി ജേക്കബും ടീമുമാണ്



ഷാജി ജോസഫും സാറാ അമ്പാട്ടും കൾച്ചറൽ പ്രോഗ്രാമിനു നേതൃത്വം നൽകി.

ഫോട്ടോഗ്രാഫി ജോജോ ജോസഫും അജി കളീക്കലും (അജി മീഡിയ)

മെറി ജേക്കബ്, കീർത്തി, സാമുവൽ ജേക്കബ് (ഇച്ഛ യൂത്ത് കൗൺസിൽ പ്രസിഡന്റ്) ഡെയ്ന തോമസ് (ലിയോ ക്ലബ് പ്രസിഡന്റ്) എന്നിവരായിരുന്നു എംസിമാർ.
















HERITAGE













# ഓർമ്മകളിൽ എന്നും സൂക്ഷിക്കാൻ ഫോമാ വിമൻസ് സമ്മിറ്റ്



**വിഷിൻ ജോ**

ഫോമാ നാഷണൽ വിമൻസ്ഫോറത്തിന്റെ നേതൃത്വത്തിൽ പെൻസിൽവാനിയായിലെ അതിമനോഹരമായ പോക്കോണോസ് മലഞ്ചെരുവിലുള്ള വുഡ്ലാൻഡ്സ് ഇൻ റിസോർട്ടിൽ വച്ച്, സെപ്റ്റംബർ 26 മുതൽ സെപ്റ്റംബർ 28 വരെ നടത്തപ്പെട്ട ത്രിദിന വനിതാ ഉച്ചകോടി –''സഖി' (women's summit) ആവേശോജ്വലമായി.

വർണശബളമായ ഒട്ടേറെ പരിപാടികൾ കൊണ്ടും സംഘാടന മികവും കൊണ്ടു ശ്രദ്ധേയമായ ഈ പരിപാടി, ഫോമായ്ക്ക് എന്നെന്നും അഭിമാനിക്കാവുന്ന വിധത്തിൽ ചരിത്രത്തിലെ നിറമേറിയ ഒരു അധ്യായമായി. ഫോമാ നാഷണൽ വിമൻസ് ഫോറം ചെയർ പേഴ്സൺ സ്മിത നോബിളിന്റെ നേതൃത്വത്തിൽ, സെക്രട്ടറി ആശ മാത്യു, ട്രഷറർ ജൂലി ബിനോയ്, വൈസ് ചെയർ പേർസൺസ് ആയ ഗ്രേസി ജെയിംസ്, വിഷിൻ ജോ, ജോയിന്റ് സെക്രട്ടറി സ്വപ്ന സജി, ജോയിന്റ് ട്രഷറർ ഡോ മഞ്ജു പിള്ള എന്നിവർ ചേർന്ന് വിഭാവനം ചെയ്തു നടപ്പിലാക്കിയ ഈ പരിപാടി വമ്പിച്ച ജനപ്രീതി നേടി. ഫോമാ ജോയിന്റ്റ് ട്രഷറർ അനുപമ കൃഷ്ണൻ ഇവരോടൊപ്പം തോളോട് തോൾ ചേർന്ന് നിന്നു കൊണ്ടു പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചു .







ഫോമായുടെ പ്രസിഡന്റ് ബേബി മണക്കുന്നേലും, എക്സിക്യൂട്ടീവ് കമ്മിറ്റി ടീം അംഗങ്ങൾ ആയ ബൈജു വർഗീസ്, സിജിൽ പാലക്കലോടി, ശാലു പുന്നൂസ്, പോൾ പി ജോസ് എന്നിവരും വിമൻസ് സമ്മിറ്റിനു പൂർണ പിന്തുണയേകി. പ്രശസ്ത സിനിമാതാരം സ്വാസിക നിലവിളക്കു കൊളുത്തി ഉൽഘാടനം ചെയ്തതോടെ പരിപാടികൾക്ക് തുടക്കമായി.

സഖി എന്ന പേര് പോലെ തന്നെ ഈ വനിതാകൂട്ടായ്മയിൽ നിന്നും എന്നെന്നും നിലനിൽക്കുന്ന നല്ല സൗഹൃദങ്ങൾ ഉണ്ടാകട്ടെ എന്ന് സ്വാസിക ആശംസിച്ചു. പിന്നീട് ഫോമാ വിമൻസ് ഫോറത്തിന്റെ സ്ഥാപക നേതാക്കൾ ആയ ഗ്രേസി ജെയിംസ്, കുസുമം ടൈറ്റസ്, ലാലി കളപ്പുരക്കൽ, സുജ ഔസോ എന്നിവരെ പൊന്നാട നൽകി ആദരിച്ചു. ഫോമാ റീജിനൽ ടീം അംഗങ്ങൾ തങ്ങളുടെ പ്രവർത്തങ്ങളെക്കുറിച്ച് സംസാരിച്ചു.

ബിനോയ് തോമസ് മനോഹരമായി അണിയിച്ചൊരുക്കിയ ചായപ്പീടികയും, നാടൻ പലഹാരങ്ങളും ആകർഷകമായി. മോളമ്മ മോൻസി, അനിത നായർ എന്നിവരുടെ നേതൃത്വത്തിൽ സ്ത്രീകൾ നാടൻപാട്ടിനൊപ്പം ചുവടുകൾ വച്ചതും കാണികളിൽ ഗൃഹാതുരത്വം ഉണർത്തി. സിദ്ധിഖ് റോഷൻ അവതരിപ്പിച്ച സ്റ്റാൻഡ് അപ്പ് കോമഡി ചിരി പടർത്തി. ലാസ്യ ഡാൻസ് ഗ്രൂപ്പിന്റെ നൃത്തച്ചുവടുകൾ അതീവസുന്ദരമായി നസീർ മിന്നലെയുടെ










ഗാനമേളയും ഡിജെ യാഷിന്റെ ബോളിവുഡ് ഡിജെ പാർട്ടിയും പരിപാടികൾക്ക് തിളക്കം കൂട്ടി. മനോഹരമായ ഫോട്ടോബൂത്തും, ഫ്ലാഷ്മോബുകളും സദസ്യർ ആസ്വദിച്ചു.

ശനിയാഴ്ചത്തെ പരിപാടികൾ ആരംഭിച്ചത് ഡോ മഞ്ജു പിള്ളയുടെ നേതൃത്വത്തിലുള്ള പ്രഭാതസവാരിയും യോഗാക്ലാസും ആയിട്ടാണ്. പ്രകൃതിമനോഹരമായ വുഡ്ലാൻഡ്സ് ഇൻ റിസോർട്ടിനെ തഴുകിക്കൊണ്ട് ഒഴുകുന്ന നീരുറവയുടെ സമീപത്തു കൂടിയുള്ള പ്രഭാതസവാരി പങ്കെടുത്തവരിൽ ഉന്മേഷം നിറച്ചു. ഫിനാൻഷ്യൽ പ്രൊഫഷണൽസ് ആയ ജെറിക്സ് തെക്കേൽ, ഡയസ് തോമസ് എന്നിവർ വിൽ & ട്രസ്റ്റ് എന്നിവയുടെ ആവശ്യകതയെക്കുറിച്ചും, സാമ്പത്തിക അച്ചടക്കത്തെകുറച്ചും ആളുകളെ ഉദ്ബോധിപ്പിച്ചു.

പിന്നീട് സ്ത്രീകളുടെ ആരോഗ്യസംരക്ഷണത്തെക്കുറിച്ച് ഡോ അലിയും, സൗന്ദര്യസംരക്ഷണത്തിനു വേണ്ടുന്ന കാര്യങ്ങളെക്കുറിച്ച് കോസ്മെറ്റോളജിസ്റ് ഡോക്ടർ മൈക്കിൾ കിങ് സ്മാനും പഠിപ്പിച്ചു. ശ്രീമതി വിന്നിയുടെ saree draping പ്രവർത്ത1 പരിചയ ക്ലാസ്സ് സ്ത്രീകൾക്ക് സാരി മനോഹരമായി എളുപ്പത്തിൽ ഉടുക്കാൻ ഉപകാരപ്രദമായി.




ഫാഷൻ ഷോകളിൽ മിന്നുന്ന പ്രകടനം കാഴ്ച വയ്ക്കുന്ന ശേഖർ മുട്ടുമ്പുറത്ത് നേതൃത്വം














കൊടുത്ത ‘‘ബോൾഡ് വാക് ചലഞ്ച്’’ പഠനകളരി വനിതകൾക്ക് ’ കാറ്റ് വാക്കി’നു ന് ആത്മവിശ്വാസവും പുതിയ ഉണർവും നൽകി. അടുത്തത് എല്ലാവർക്കും ഒരു പോലെ ഇഷ്ടമായ ഹവായിയൻ ഡാൻസ് ആയിരുന്നു. കഴുത്തിൽ പൂമാലയും തലയിൽ പൂക്കളും ചൂടി അതിനൊത്ത വസ്ത്രങ്ങളും ധരിച്ചു ഹവായിയൻ ഡാൻസേഴ്സിനൊപ്പം ചുവടുകൾ വയ്ക്കവേ പ്രായഭേദമെന്യേ എല്ലാ സ്ത്രീകളും മനസ്സു തുറന്നു ചിരിക്കുന്നതും ഉന്മേഷവതികൾ ആവുന്നതും അനുഭവവേദ്യമായിരുന്നു.

വൈകിട്ട് നടന്ന സമാപന സമ്മേളനത്തിൽ, നാഷണൽ വിമൻസ് ഫോറം ചെയർപേഴ്സൺ സ്മിത നോബിൾ ഈ വിമൻസ് സമ്മിറ്റിന്റെ പ്രാരംഭ പ്രവർത്തനങ്ങളെക്കുറിച്ചും, ഇത് വരെ നാഷണൽ വിമൻസ് ഫോറം ചെയ്ത ചാരിറ്റിപ്രവർത്തങ്ങളെക്കുറിച്ചും മറ്റു പ്രധാന പരിപാടികളെക്കുറിച്ചും ഹൃദ്യമായി സംസാരിച്ചു. സമ്മേളനത്തിൽ അധ്യക്ഷനായ ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ ഫോമായുടെ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ എല്ലാവിധ പിന്തുണയും വാഗ്ദാനം ചെയ്യുകയും ചെയ്തു. തുടർന്ന് ഫോമാ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ പാലക്കലോടി, വൈസ്പ്രസിഡന്റ് ശാലു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ വിമൻസ് ഫോറത്തിനു ആശംസകൾ നേർന്നു.

സമ്മേളനത്തിലെ മുഖ്യ പ്രഭാഷകയായ ഹോണറബിൾ ജഡ്ജ് രാജരാജേശ്വരി സ്ത്രീശക്തിയെക്കുറിച്ചും, നമ്മുടെ സാമൂഹിക സാംസ്കാരികവികസനത്തിനായി സ്ത്രീകൾ ഒത്തൊരുമയോടെ





ഉണർന്നു പ്രവർത്തിക്കേണ്ടതിനെക്കുറിച്ചും പ്രബോധിപ്പിച്ചു. അതോടൊപ്പം ഈ സ്ത്രീ കൂട്ടായ്മ സമൂഹത്തിനു നൽകിയ സംഭാവനകളെ പ്രശംസിച്ചു.

തുടർന്ന് ഫോമാ വിമൻസ് ഫോറം ടീം അംഗങ്ങൾ ആയ സ്മിത നോബിൾ, ആശ മാത്യു, ജൂലി ബിനോയ്, ഗ്രേസി ജെയിംസ്, വിഷിൻ ജോ, സ്വപ്ന സജി , ഡോ മഞ്ജു പിള്ള എന്നിവർ ഈ പരിപാടിയുടെ സ്പോൺസർസിനോടുള്ള നന്ദി പ്രകാശിപ്പിക്കുകയും ഫോമാ പ്രസിഡന്റ് ബേബി മണക്കുന്നേൽ അവരെ മെമെന്റോ നൽകി ആദരിക്കുകയും ചെയ്തു.

രുചിയേറിയ ബാങ്ക്വറ്റ് ഡിന്നറും വിമൻസ് റെഡ് കാർപെറ്റ് വാക് /ഫാഷൻ ഷോയും പരിപാടികൾക്ക് മാറ്റ് കൂട്ടി. സമ്മേളനങ്ങളിൽ നാഷണൽ വിമൻസ് ഫോറം സെക്രട്ടറി ആശ മാത്യു സ്വാഗതപ്രസംഗവും ട്രഷറർ ജൂലി ബിനോയിയും ജോയിന്റ് ട്രഷറർ ഡോ മഞ്ജു പിള്ളയും ചേർന്ന് നന്ദിപ്രകാശനവും നടത്തി.

പരിപാടികളുടെ അവതരണം




നീനു പ്രതാപ്, ഡയാന സ്കറിയ, പ്രിൻസി ഫിലിപ്പ്, സ്വപ്ന നായർ എന്നിവരുടെ കൈകളിൽ ഭദ്രമായിരുന്നു.

സമ്മേളനത്തിന് ശേഷം നടന്ന Musify Philly ട്രൂപ്പിന്റെ സംഗീതമേള മാസ്മരികമായ മെലഡികളും, അടിച്ചുപൊളി പാട്ടുകളും ചേർന്നതായിരുന്നു. ഗാനങ്ങൾക്കൊപ്പം രാവേറും വരെ സദസ്യർ ചുവടുകൾ വച്ചു ഉല്ലസിച്ചു.

ഞായറാഴ്ച രാവിലത്തെ പ്രഭാത ഭക്ഷണവും സോഷ്യൽ അവറും കഴിഞ്ഞതോടെ വിമൻസ് സമ്മിറ്റിന് തിരശീല വീണു. അമേരിക്കയിലും കാനഡയിലും, അങ്ങോളമിങ്ങോളം ഉള്ള മലയാളി വനിതകൾ പങ്കെടുത്ത ഈ ത്രിദിന സ്ത്രീ സംഗമം കഴിഞ്ഞു മടങ്ങുമ്പോൾ പങ്കെടുത്തവർ പറഞ്ഞത് അവർക്ക് ഈ പരിപാടി വളരെ ഇഷ്ടമായി എന്നാണ്.

സഖി എന്ന പേര് അന്വർത്ഥമാക്കുംവിധം പഴയ സൗഹൃദങ്ങൾ പുതുക്കുവാനും, പുതുസൗഹൃദങ്ങൾ സ്ഥാപിക്കുവാനും ഈ കൂട്ടായ്മ സഹായിച്ചു എന്നും, ഒരുപാട് നല്ല ഓർമകളുടെ വസന്തം ഈ പരിപാടിയിലൂടെ ലഭിച്ചു എന്നും അവർ ഒന്നടങ്കം പറഞ്ഞു.



# പത്മപ്രിയ പാലോട്ട് മങ്ക പ്രസിഡന്റ്; ജാസ്മിൻ പരോൾ സെക്രട്ടറി




സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ മങ്ക അസോസിയേഷന്റെ (മലയാളി അസോസിയേഷൻ ഓഫ് നോർത്തേൺ കാലിഫോർണിയ) അടുത്ത രണ്ട് വർഷത്തേക്കുള്ള പുതിയ ഭരണ സമിതി പത്മപ്രിയ പാലോട്ടിന്റെ നേതൃത്വത്തിൽ നിലവിൽ വന്നു.

മങ്കയിലെ വനിതാവിഭാഗത്തിന് നേതൃത്വം കൊടുത്തും ഫോമയിലെ വനിതാ വിഭാഗത്തിലെയും മറ്റു പല കമ്മറ്റികളിലെയും സജീവ പ്രവർത്തനത്തിലൂടെയും സുപരിചതയായ ജാസ്മിൻ പരോളാണ് സെക്രട്ടറി .

ട്രഷറർ ജോൺ പോൾ വർക്കി, വൈസ് പ്രസിഡന്റ് ജോൺ പുളിക്കോട്ടിൽ, ജോയിന്റ് സെക്രെട്ടറി ജിതേഷ് ചന്ദ്രൻ എന്നിവരാണ് മറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ .

മങ്കയുടെ മുൻ പ്രസിഡന്റ് സുനിൽ വർഗീസ്, മുൻ സെക്രെട്ടറിയും ട്രഷറുമായ ജാക്സൺ പൂയപാടം, മുൻ സെക്രെട്ടറി ടോം ചാർലി, മുൻ ബോർഡ് മെമ്പർമാരായിരുന്ന ഡാനിഷ് തോമസ്, ഹരി പുതുശ്ശേരി, ലിസ്സി ജോൺ, ഷൈൻ നായർ എന്നീ പരിചയ സമ്പന്നോരോടപ്പം പുതുമുഖങ്ങളായ ശരത് ശശിധരൻ, അമോൽ എബ്രഹാം ചെറുകര, ദേവി ഗിരീഷ് , അനിലാഷ് അസീസ്, സജി പി അലക്സാണ്ടർ, ഷൈജു വർഗീസ് എന്നിവരും നേതൃനിരയിൽ പുതിയ ബോർഡിൻറെ ചുക്കാൻ പിടിക്കും

പുതിയ ട്രസ്റ്റി ബോർഡ് അംഗങ്ങളായി ശ്രീജിത്ത് കറുത്തൊടി, റെനി പൗലോസ്, ജോസ് മാമ്പള്ളി,

ടോജോ തോമസ് എന്നിവരോടപ്പം പ്രസിഡന്റ് പദ്മപ്രിയയും അംഗങ്ങളായിരിക്കും .

കഴിഞ്ഞ കാലങ്ങളിലെ നേതാക്കൾ തങ്ങൾക്ക് മുന്നിൽ കാണിച്ചു തന്ന പ്രചോദനാത്മക പ്രവർത്തനങ്ങളെ മുറുകെ പിടിച്ചുകൊണ്ട് മുന്നേറുന്നതായിരിക്കുമെന്ന് പുതിയ ഭരണ സമിതി പറഞ്ഞു. അവർ തെളിയിച്ച ദീപശിഖ എന്നും കെടാതെ സൂക്ഷിച്ച് മാർഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് പ്രയാണം തുടരുന്നതാണ്.

പ്രവർത്തന പരിചയവും വ്യത്യസ്തങ്ങളായ കഴിവുകളും ആശയസമ്പത്തുമുള്ള നല്ല ഒരു ടീമാണ് ഇപ്പോൾ ഇപ്പോൾ ഭരണമേറ്റെടുത്തിരിക്കുന്നത്.

ബേയ് ഏരിയയിലെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഒരു ചിരപരിചത മുഖമാണ് പ്രസിഡന്റായ പദ്മപ്രിയയുടേത് .

കഴിഞ്ഞ 4 വർഷത്തോളമായി മങ്കയുടെ ബോർഡിൽ വിവിധ നേതൃസ്ഥാനങ്ങളിൽ പ്രവർത്തിച്ചു കഴിവും പ്രാവീണ്യവും തെളിയിച്ചയാളുമാണ് പദ്മപ്രിയ.

കഴിഞ്ഞ വർഷങ്ങളിൽ വിജയകരമായി നടത്തിയിട്ടുള്ള പരിപാടികളോടൊപ്പം ഈ അസോസിയേഷന്റെ വളർച്ചയ്ക്കും വികസനത്തിനുമുള്ള പുതിയ കർമ്മ പരിപാടികളും ഈ ഭരണ സമിതി പ്ലാൻ ചെയ്യുന്നുണ്ട്. കമ്മ്യൂണിറ്റിയിലെ എല്ലാ വിധ ആൾക്കാരുമായി കൈകോർത്ത് ഒന്നിച്ച് പ്രവർത്തിക്കുവാനും പുരോഗമന ചിന്താഗതിയോടെ പ്രവർത്തിക്കാനും തയ്യാറായാണ് പുതിയ നേതൃത്വം മുന്നോട്ട് വന്നിരിക്കുന്നത്.

ഡിസംബർ 14ന് ക്രിസ്തുമസ് ആഘോഷം, ഫെബ്രുവരി 28ന് മങ്ക കലോത്സവം, മാർച്ച് 7ന് വനിതാ ദിനം എന്നിവയാണ് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങൾക്ക് www.mancaonline.org സന്ദർശിക്കുക




MUKKUT
MONUMENTS INC.
PHONE (C)
972-342-0041
E-mail: mukkutmonuments@gmail.com
www.mukkutmonuments.com
TEENA THOMAS
07-28-1991
to
05-17-2009
We Specialize in Custom Creation and Installation
of Cemetery Granites, Bronze Memorials
Sculptures, Large Stone Cross for Churches.
WE SERVICE ALL OVER USA, CANADA & INDIA

# നിര്യാതരായി



**ആൽവിൻ അഗസ്റ്റിൻ**


ഹാതോൺ,ന്യൂയോർക്ക്: ആൽവിൻ അഗസ്റ്റിൻ (45) അന്തരിച്ചു. ഭാര്യ നിഷ മുണ്ടകപ്പാടം. രണ്ട് മക്കളുണ്ട്.

**ജോൺസൺ ജോയി**

ഡബ്ലിൻ: കാവനിൽ ബെയിലിബ്രോയിൽ താമസിക്കുന്ന പാച്ചിറ വടക്കേ കരുമാങ്കൽ ജോൺസൺ ജോയി (34) അയർലൻഡിൽ അന്തരിച്ചു. ആരോഗ്യ മേഖലയിൽ ജോലി ചെയ്ത് വരികയായിരുന്നുജോൺസൺ ജോയി. ഭാര്യ: പാച്ചിറ ഇടവക കൊച്ചുപറമ്പിൽ ആൽബി ലൂക്കോസ്.

**എബി ജോസഫ്**

കളത്തിൽപ്പടി:അരങ്ങത്തുമാലിയിൽ എബി ജോസഫ് (49) അന്തരിച്ചു. പുല്ലരിക്കുന്ന് പന്തലാടം പി.ജെ.ജോസഫിന്റെയും രാജമ്മയുടെയും മകനാണ്. ഭാര്യ: മഞ്ജു ബാലൻ. മക്കൾ: സൂര്യ, ആര്യ, ആരാധ്യ.




**റവ. ഫാ. ഡോ. ചെറിയാൻ പുതിയോട്ടിൽ**

മിനസോട്ട: മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് സീനിയർ വൈദികനും എംജിഒസിഎസ്എം മുൻ ജനറൽ സെക്രട്ടറിയുമായ റവ. ഫാ. ഡോ. ചെറിയാൻ പുതിയോട്ടിൽ മിനിയാപൊളിസിൽ അന്തരിച്ചുതലമുറകൾക്ക് പ്രചോദനമായ വിശ്വാസത്തിന്റെയും പാണ്ഡിത്യത്തിന്റെയും അജപാലന പരിപാലനത്തിന്റെയും ഓർമ്മകൾ അവശേഷിപ്പിച്ചുകൊണ്ടാണ് അദ്ദേഹം വിടവാങ്ങുന്നത്. പാസ്റ്റർ, അധ്യാപകൻ, സഭാനേതാവ് എന്നീ നിലകളിൽ സമർപ്പണത്തോടെ അദ്ദേഹം സഭയെ സേവിച്ചു. യുവാക്കളുടെ ആത്മീയ രൂപീകരണത്തിനും സഭയുടെ വിശാലമായ ദൗത്യത്തിനും നൽകിയ സംഭാവനകൾ സ്മരിക്കപ്പെടും.



**ഡോ. തോമസ് എൻ. ജേക്കബ്**

വാഷിംഗ്ടൺ,ഡിസി: കോട്ടയം പള്ളം കണ്ണംപുറത്ത് നെടുംപറമ്പിൽ ഡോ. തോമസ് എൻ. ജേക്കബ്, എം.ഡി. (സോമൻ-78), സെപ്റ്റംബർ 28 ന് അന്തരിച്ചു. പരേതനായ ഡോ. സി. ടി. ജോണിന്റെയും പരേതയായ സാറാ ജോണിന്റെയും മകൾ ഡോ. അന്നമ്മ (ലില്ലി) ജേക്കബ് ആണ് ഭാര്യ. മകൾ ഡോ. മിറിയം ജേക്കബ് (കാർഡിയോളജിസ്റ്റ്, ക്ലീവ്ലാൻഡ് ക്ലിനിക്), ഭർത്താവ് സാസ (ഐടി കൺസൾട്ടന്റ്), മക്കൾ: അന്ന, ടോമി; മകൻ തോമസ് (ജോൺ) ജേക്കബ് (എഫ്പി &എ മാനേജർ, ബിജിഎസ് കൺസൾട്ടിംഗ്), ഭാര്യ അനിത (കൊമേഴ്സ്യൽ ഓപ്പറേഷൻസ് മാനേജർ, ഐറിഥം ടെക്നോളജീസ്), മകൾ മേരിആൻ.



**കെ. സി വർഗീസ്**

ഡാലസ്:കോട്ടയം കൊല്ലാട് കണിയാം പൊയ്കയിൽ കുടുംബാംഗമായ കെ. സി വർഗീസ് അന്തരിച്ചു. കരോൾട്ടൻ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവക അംഗം ആണ്. ഭാര്യ : ലീലാമ്മ കോട്ടയം ഒളസ്സ കൈതയിൽ കുടുംബാംഗം. മക്കൾ : ബോബി ജോസഫ്, റൂബി വർഗീസ് ,നവീൻ വർഗീസ്. മരുമക്കൾ: സ്റ്റാൻലി ജോസഫ്,ജനി വർഗീസ്.

**മേരി ജോസഫ്**

കൂവപ്പള്ളി:പന്തലാനിക്കൽ പരേതനായ പി.ഐ ജോസഫിന്റെ ഭാര്യ മേരി ജോസഫ് (90) അന്തരിച്ചു. ചെങ്ങളം ഇടയോടിയിൽ കുടുംബാംഗ മാണ്. മക്കൾ: ഐസക്, പരേതയായ മോളി, ആൻസി, ടോമി (പിഡബ്ല്യുഡി കോൺട്രാക്ടർ), ബെന്നി, മിനി, സിബി, റോയ്, ഫിലു.



**എലിയാസ് മാത്യു**

പിറവം മുളക്കുളം കീരിച്ചേരിൽ എലിയാസ് മാത്യു (83) ന്യൂയോർക്കിൽ അന്തരിച്ചു. ഭാര്യ ചിന്നമ്മ പാറശേരിയിൽ മുളക്കുളം. മക്കൾ ഷാജി, ഷിബു (ന്യൂയോർക്), ഷീബ (പിറവം ). മരുമക്കൾ ഉഷ, സോയ, സാബു. കൊച്ചുമക്കൾ ഏയ്ഞ്ചൽ, സിറിൽ, അലയിന, ആൻജെലിന, ജെയ്സൺ, ജസ്റ്റിൻ.

**ഫാ. ഇമ്മാനുവൽ**

കോട്ടയം:സിഎംഐ സന്യാസസമൂഹം സെന്റ് ജോസഫ് പ്രവിശ്യാംഗം ഫാ. ഇമ്മാനുവൽ ഞാവള്ളി പുത്തൻപുരയിൽ (80) അന്തരിച്ചു. പാലാ രൂപതയിലെ കരൂർ ഇടവകയിൽ പരേതനായ മാണി ഫിലിപ്പിന്റെ മകനാണ്. സഹോദരങ്ങൾ: സിസ്റ്റർ ആനി ഫിലിപ്, ജോർജ് ഫിലിപ്, റോസമ്മ ബെന്നി, പരേതനായ ജി.പി. സെബാസ്റ്റ്യ ൻ.



**സോഫിയാമ്മ മാത്യു**

മാഞ്ചസ്റ്റർ (ന്യൂജേഴ്സി): സോഫിയാമ്മ മാത്യു (ഓമന, 82) ന്യൂജേഴ്സിയിൽ അന്തരിച്ചു. 25 വർഷക്കാലം ന്യൂജേഴ്സിയിലെ വിവിധ ആശുപത്രികളിൽ (ന്യൂവാർക്ക് സൈക്യാട്രിക് സെന്റർ, ജേഴ്സി സിറ്റി മെഡിക്കൽ സെന്റർ, റോബർട്ട് വുഡ് ജോൺസൺ മെഡിക്കൽ സെന്റർ) ഐ.സിയു. രജിസ്ട്രേഡ് നഴ്സ് ആയി ജോലി ചെയ്തിരുന്നുപള്ളത്ത് കളപ്പുരയ്ക്കൽ വീട്ടിൽ മത്തായി കെ. മാത്യുവാണ് (തമ്പാൻ) ഭർത്താവ്. ജനറൽ മോട്ടോഴ്സിലായിരുന്നു ജോലി. മക്കൾ: ഡോ. അജിത് മാത്യു, ദീനാ മാത്യു. മരുമക്കൾ: ജന്നിഫർ മാത്യു, ക്രിസ്റ്റഫർ മോഡ് ജൻസ്കി. കൊച്ചുമക്കൾ: ഗാവിൻ, എല്ലാ, ലൈലാ, ലിയാം.ഓമനയ്ക്ക് മൂന്നു സഹോദരിമാരും, രണ്ട് സഹോദരങ്ങളും ഉണ്ട്.



**ഏലിയാമ്മ കോര**

ഹൂസ്റ്റൺ: ഏലിയാമ്മ കോര ഹൂസ്റ്റണിൽ അന്തരിച്ചു. മക്കൾ:ജെയിംസ് (ഹൂസ്റ്റൺ), ഇസബെല്ല (ഹൂസ്റ്റൺ), ചാൾസ് (ഹൂസ്റ്റൺ), മിനി (ഹൂസ്റ്റൺ), ചാറ്റർജി (ഹൂസ്റ്റൺ). മരുമക്കൾ: പരേതയായ ലിസി പടിഞ്ഞാറേക്കണ്ടത്തിൽ, ലൂസി ഐക്കരേത്ത്, സജി പെരുന്നിലത്തിൽ, ബിന്ദി ഐക്കരേത്ത് (എല്ലാവരും ഹൂസ്റ്റണിൽ).

**ഏലിയാമ്മ സെബാസ്റ്റ്യൻ**

ചങ്ങനാശേരി: പരേതനായ തോമ സ് ദേവസ്യായുടെ ഭാര്യ ഏലിയാമ്മ സെബാസ്റ്റ്യൻ (89) അന്തരിച്ചു. മക്കൾ: റോസമ്മ സെബാസ്റ്റ്യൻ, തോമസ് ദേവസ്യ, കെ.എസ്. സെബാസ്റ്റ്യൻ, കെ.എസ്.ജോ സഫ്, ഷിനു, ഷാജി സെബാസ്റ്റ്യൻ. മരുമക്കൾ: ജോസ്, ലൈസ്സാമ്മ, ലൗലി കടുപ്പിൽ), ഷാന്റി തൊടുപുഴ, ലിനറ്റ് പിന്റോ



**വിൻസെന്റ്**

ഡാലസ്: ഡാലസ്സിലെ മലയാളി സമൂഹത്തിനും, അമേരിക്കയിലെ മലയാളി സാംസ്കാരിക വേദികൾക്കും ഒരുപോലെ പ്രിയങ്കരനായ വിൻസെൻറ് വലിയവീട്ടിൽ (70) ഡാലസിൽ അന്തരിച്ചു. ലളിതനും വിനയശീലിയും സൗഹൃദസ്വഭാവമുള്ള വ്യക്തിത്വം കൊണ്ടാണ് വിൻസെൻറെ പേര് സമൂഹത്തിൽ എന്നും ജീവിക്കുന്നത്. സംഗീതത്തിലൂടെയും ജീവിതത്തിലൂടെയും, വിൻസെൻറ് മലയാളികൾക്ക് നൽകിയത് സ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും പോരാട്ടത്തിന്റെയും കഥയാണ്. കുടിയേറ്റ ജീവിതത്തിന്റെ വെല്ലുവിളികളും അതിജീവിച്ച ധൈര്യവും, വിജയത്തിലേക്ക് നയിച്ച ദൈവവിശ്വാസവുമെല്ലാം തലമുറകൾക്ക് പ്രചോദനമാകും.



**ലീലാ പോൾസൺ**

ഫ്ളോറിഡ: തൃശൂർ നെല്ലിക്കുന്ന് കൂനംപ്ലാക്കൽ കുടുംബാഗം പരേതനായ പോൾസൺ ഡേവിഡിന്റെ ഭാര്യ ലീലാ പോൾസൺ (73) ഫ്ളോറിഡയിലെ ഒർലാന്റോയിൽ അന്തരിച്ചു. തൃശൂർ കണ്ണാറ കുഴിയാമറ്റം കുടുംബാഗമാണ് പരേത. മക്കൾ: ഡേവിഡ് പോൾസൺ (ഫ്ളോറിഡ), തോംസൺ പോൾസൺ (കാനഡ) മരുമക്കൾ: ഡോ. ജോയ്സ് പോൾസൺ, ബ്ലെസ്സി തോംസൺ. കൊച്ചു മക്കൾ: ലിയാന, ദാനിയേൽ, എലൈജ, സാറ, ഈവ.

**ജോസഫ് വർഗീസ്**

എരുമേലി:മണിപ്പുഴ പൂതിയോട്ടു ജോസഫ് വർഗീസ് (കുഞ്ഞുമോൻ82) അന്തരിച്ചു. ഭാര്യ: ഏലിയാമ്മ. മക്കൾ: ജെസി (തൃശൂർ), സുനിൽ ജോസഫ്. മരുമക്കൾ: ബെന്നി, ടെസി.



**ഷാരൺ തോമസ്**

ഡാലസ്: ഷാരൺ തോമസ് മാങ്കോട്ടിൽ (32) ഡാളസിൽ അന്തരിച്ചു. മാത്യു മാങ്കോട്ടിൽ തോമസ്ടെസ്സി (ചൊള്ളമ്പേൽ) ദമ്പതികളുടെ മകളാണ് സഹോദരങ്ങൾ: സോണിയ മാത്യു, സീന മാത്യു.

**കെ.എസ്.കുരുവിള**

വടവാതൂർ:എംആർഎഫ് (മധുര) റിട്ട. ഉദ്യോഗസ്ഥൻ കരിമ്പന്നൂർ കെ.എസ്.കുരുവിള (89) അന്തരിച്ചു. ഭാര്യ: പാണംപടി ഇടവുംതല പരേതയായ തങ്കമ്മ. മക്കൾ: പരേതനായ വിനോദ് കുരുവിള, സുമോദ് കുരുവിള (ജനറാലി സെട്രൽ, തിരുവല്ല). മരുമകൾ: ആശ കുന്നത്ത് (കണ്ണൂർ).

**വി.എസ്.വർഗീസ്**

ഇറുമ്പയം:വേമ്പേനിൽ വി.എസ്.വർഗീസ് (വർക്കിച്ചൻ,78) അന്തരിച്ചു.ഭാര്യ: മേരി.


THE ONE AND ONLY
daily news
BULLETIN
For North American Malayalees!
pravasi CHANNEL HD
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch
Pravasi Channel
LIVE 24 Hrs
www.pravasichannel.com
or Watch Anytime via 'VOD' Video on Demand
by downloading MediaAppUSA App FREE!
Scan the QR Code for instant download
Download on the App Store
Google play
Available in App Store or Google Store
MediaAppUSA
Call 1-917-900-2123 for Advertisements & News